# ഇവിടെ സ്വർഗ്ഗം അനുഭവിക്കുന്നവർ



ആലീസുകുട്ടി

malankaralibrary.com

7/-

# ഇവിടെ
# സ്വർഗ്ഗം അനുഭവിക്കുന്നവർ

## സുവിശേഷഭാഗ്യങ്ങൾ
## ഒരു പഠനം

ആലീസു കുട്ടി

എമ്മാവൂസ് പബ്ലിക്കേഷൻസ്
കെ. എസ്. ടി.

വില 7-00

malankaralibrary.com

MALANKARA
LIBRARY

malankaralibrary.com

7/-

# ഇവിടെ
# സ്വർഗ്ഗം അനുഭവിക്കുന്നവർ

## സുവിശേഷഭാഗ്യങ്ങൾ
## ഒരു പഠനം

ആലീസു കുട്ടി

എമ്മാവൂസ് പബ്ലിക്കേഷൻസ്

കെ. എസ്. ടി.

വില 7-00

malankaralibrary.com

Malayalam

IVIDE SWARGAM ANUBHAVIKKUNNAVAR

By Prof: C. C. ALICEKUTTY M. A.

Published By

Emmaus Publications
Kerala Service Team of
The Catholic Charismatic Renewal

Copy Right

Emmaus Publications

First Published November 1991

Printed At

Lijo Printing Works, Kalamassery

Price: Rs. 7 - 00

Copies 5000

Cover Design: Artist Manoj

malankaralibrary.com

## വിഷയവിവരം


| | | |
|---|---|---|
| | അവതാരിക | v |
| | ആശംസകളോടെ | vi |
| | എല്ലാവർക്കും നന്ദി | vii |
| ഒന്ന് : | ആമുഖചിന്ത<br>ക്രിസ്തീയ വ്യക്തിത്വം – ഒരു നഖചിത്രം | 1 |
| രണ്ട് : | ആത്മാവിൽ ദരിദ്രർ... | 6 |
| മൂന്ന് : | കരയുന്നവർ ഭാഗ്യവാൻമാർ | 19 |
| നാല് : | ശാന്തശീലർ | 28 |
| അഞ്ച് : | നീതിക്കുവേണ്ടി വിശക്കുന്നവർ | 39 |
| ആറ് : | കരുണയുള്ളവർ ഭാഗ്യവാൻമാർ | 49 |
| ഏഴ് : | ഹൃദയശുദ്ധിയുള്ളവർഭാഗ്യവാൻമാർ | 56 |
| എട്ട് : | സമാധാന സ്ഥാപകർ | 63 |
| ഒമ്പത് : | നീതിക്കുവേണ്ടി സഹനമേല്ക്കുന്നവർ | 71 |
| പത്ത് : | അവലോകനചിന്ത | 80 |


malankaralibrary.com

# അവതാരിക

യേശുതൻെറ പരസ്യജീവിതത്തിൻെറ ആരംഭത്തിൽ ശ്രോതാക്കൾക്കായി വലിയൊരാഹ്വാനം നൽകുന്നുണ്ട്. ''മാനസാന്തരപ്പെടുവിൻ, ദൈവരാജ്യം സമീപിച്ചിരിക്കുന്നു''. മാനസാന്തരപ്പെട്ട് ജ്ഞാനസ്നാനം സ്വീകരിക്കുകവഴി മനുഷ്യർ ദൈവത്തിൻെറ മക്കളാവുകയാണ്. ദൈവമക്കൾ സമൂഹമായി ജീവിച്ച് അങ്ങനെ പുതിയൊരു രാജ്യം കെട്ടിപ്പടുക്കണമെന്നാണ് യേശുവിൻെറ തിരുമനസ്. ഈ പുതിയ രാജ്യം യേശു പ്രസംഗിച്ച ദൈവരാജ്യത്തിൻെറ ഇഹത്തിലെ രൂപമാണ്.

ദൈവരാജ്യത്തിൻെറ സ്ഥാപനം അറിയിക്കുകയും അതിലേക്കുള്ള മാർഗം കാണിച്ചുതരുകയും മാത്രമല്ല, യേശു ചെയ്തത്. ഈ രാജ്യത്തിലെ പ്രജകളുടെ ജീവിതത്തിനു തനിമ പകരുന്ന ചില സവിശേഷഭാവങ്ങൾ അവിടുന്ന് ചൂണ്ടിക്കാട്ടുന്നുണ്ട്, അതോടൊപ്പം അവർ പാലിക്കേണ്ട ധാർമ്മികനിയമങ്ങൾ നിർദ്ദേശിക്കുകയും ചെയ്യുന്നു. ദൈവരാജ്യത്തിലെ യഥാർത്ഥ പ്രജകളാകുവാനും ആ വിധത്തിൽ അറിയപ്പെടുവാനും വിളിക്കപ്പെട്ടവരായ ക്രൈസ്തവർ ഇവയൊക്കെ ഗൗരവപൂർവ്വം കണക്കിലെടുക്കുകയും ജീവിതത്തിൽ പ്രാവർത്തികമാക്കുകയും ചെയ്യുവാൻ കടപ്പെട്ടവരാണ്.

ദൈവരാജ്യത്തിലെ പ്രജകളുടെ ജീവിതത്തിൽ തിളങ്ങിനിൽക്കേണ്ട സവിശേഷഭാവങ്ങളും അവർ പ്രാവർത്തികമാക്കേണ്ട ധാർമ്മിക നിയമങ്ങളും സുവിശേഷത്തിൽ

malankaralibrary.com

ഉടനീളം നമുക്കു കാണുവാൻ കഴിയും. എങ്കിലും മലയിലെ പ്രസംഗം എന്ന് അറിയപ്പെടുന്ന സുവിശേഷ ഭാഗത്ത് അവയുടെ ഒരു സംക്ഷിപ്ത രൂപം നമുക്ക് ലഭിയ്ക്കുന്നുണ്ട്.

മലയിലെ പ്രസംഗത്തിലെതന്നെ പ്രധാനപ്പെട്ട ഒരു ഭാഗമാണ് അഷ്ടഭാഗ്യങ്ങൾ എന്ന പേരിൽ അറിയപ്പെടുന്ന കുറെ കൊച്ചു വാചകങ്ങൾ. ദൈവരാജ്യത്തിലെ പ്രജകളുടെ ജീവിതത്തിൽ ഉണ്ടാകേണ്ട സവിശേഷ ഭാവങ്ങൾ യേശു തന്റെ സ്വന്തമായ ശൈലിയിൽ അവിടെ അവതരിപ്പിക്കുന്നുണ്ട്. ഈ കൊച്ചു വാചകങ്ങൾ ഓരോന്നും എടുത്ത് പ്രൊഫ: ആലീസുകുട്ടി അവയുടെ ആഴത്തിലേക്കും പരപ്പിലേക്കും ഇറങ്ങുവാൻ ശ്രമിക്കുകയാണ്. അറിവും അനുഭവവും കൈമുതലായുള്ള ഗ്രന്ഥകർത്രി, ഈ ഗ്രന്ഥരചനയിലൂടെ കേരളസഭയ്ക്കു നല്ലൊരു മുതൽകൂട്ടാണ് കാഴ്ചവയ്ക്കുന്നത്. അനുവാചകരുടെ ഹൃദയങ്ങളിൽ ചലനം സൃഷ്ടിക്കുവാനും ക്രിസ്തുവിനെ അടുത്തനുഗമിക്കുന്നതിനു പ്രചോദനം അരുളുവാനും ഈ ഗ്രന്ഥത്തിനുകഴിയട്ടെയെന്ന് ആശംസിക്കുന്നു. ഗ്രന്ഥകർത്രിക്ക് അനുമോദനങ്ങൾ.

ഫാ. ജോസഫ് വെളിയത്തിൽ

malankaralibrary.com

ആശംസകളോടെ..................

പരിശുദ്ധാത്മാവിൽ നവീകരണത്തിന്റെ തരംഗങ്ങൾ ലോകമൊട്ടുക്ക് അലയടിക്കുന്ന ഇക്കാലത്ത് ദൈവവചനത്തിനും വചനാധിഷ്ഠിതമായ പഠനത്തിനും അപ്രതിഹതമായൊരു പ്രാധാന്യം എവിടെയും മനുഷ്യർ കൊടുക്കുന്നുണ്ട്.

ഏതാനും വർഷം മുമ്പ്, **"യേശു ഇന്നും ജീവിക്കുന്നു, വചനങ്ങളിൽ"** എന്നൊരു ലേഖന പരമ്പര ജീവജ്വാലയിൽ ആലീസുകുട്ടി എഴുതിക്കൊണ്ടിരുന്നപ്പോൾ, അനുവാചകർ ആകാംക്ഷാപൂർവ്വം കാത്തിരുന്ന് വായിച്ചിരുന്നതായി എനിക്കറിയാം. അതൊരു വലിയ ആവശ്യത്തിന്റെയും ആവേശത്തിന്റെയും അടയാളമായിക്കണ്ടതുകൊണ്ടുതന്നെയാണ്, ആ പരമ്പര, ആവശ്യമായഭേദഗതികളോടെ ഇപ്പോൾ പുസ്തകരൂപത്തിൽ പ്രസിദ്ധീകരിക്കുന്നത്. ജീവജ്വാലയിൽ വായിച്ചിട്ടുള്ളവർക്ക് ആ ലേഖനങ്ങൾ സമാഹരിച്ചുകിട്ടുക അനുഗ്രഹപ്രദമാണ്; അല്ലാത്തവർക്കും ആദ്യമായി വായിച്ചുപഠിക്കാൻ ഇതൊരവസരമാണ്, തീർച്ച.

ഫാ: ജോസ് പാലാട്ടി സി. എം. ഐ.
ചെയർമാൻ, കെ. എസ്. ടി.

malankaralibrary.com

# എല്ലാവർക്കും നന്ദി

പത്തുകൊല്ലം മുമ്പ് (1979–80) ബോംബെയിലെ കത്തോലിക്കാ കരിസ്മാററിക് ബൈബിൾ കോളേജിൽ (യേശുഭവൻ) പഠിക്കാൻ എനിക്കു ലഭിച്ച അവസരത്തെ ഏറെ സന്തോഷത്തോടും കൃതജ്ഞതയോടും കൂടെ ഞാൻ ഓർക്കുന്നു. ആദ്യ ബാച്ചായ ഞങ്ങളുടെ പഠനത്തിൻെറ ആരംഭം കുറിച്ചത് സുവിശേഷഭാഗ്യങ്ങളെക്കുറിച്ചുള്ള ഫാ: ഫ്രാൻസീസ് റിപ്പോളിൻെറ ക്ലാസുകളോടെയായിരുന്നു. റിപ്പോളച്ചൻെറ ക്ലാസുകൾ ഞങ്ങളുടെ ജീവിതത്തിനും, പെരുമാററത്തിനും, മനോഭാവത്തിനും വലിയ ഒരു വെല്ലുവിളി ആയിരുന്നു. എൻെറ ജീവിതത്തെ ഏറെ സ്വാധീനിച്ച ആ ചിന്തകൾ ജീവജ്വാലയ്ക്കു വേണ്ടി സംഗ്രഹിച്ചത് വളരെ സന്തോഷത്തോടെയാണ്. ആ ലേഖനങ്ങളെ പുസ്തകരൂപത്തിൽ പ്രസിദ്ധീകരിക്കുന്നതിന് മുൻകൈ എടുത്ത ജോസ് പാലാട്ടിയച്ചനോടും, എമ്മാവൂസ് പബ്ലിക്കേഷൻസിനോടും, ലേഖനങ്ങൾ പ്രസിദ്ധീകരിച്ച അവസരത്തിൽ തിരുത്തലുകളും ശീർഷകങ്ങളും നൽകി, സഹായിച്ച മണവാളനച്ചനോടും, പുസ്തകരൂപത്തിലുള്ള കൈ എഴുത്തുപ്രതി ആദ്യന്തം വായിച്ച് തിരുത്തലുകളും നിർദ്ദേശങ്ങളും തന്നും, അവതാരിക എഴുതിയും അനുഗ്രഹിച്ച ബ: മോൺസിഞ്ഞോർ വെളിയത്തിലച്ചനോടും, നിർദ്ദേശങ്ങളും, പ്രോത്സാഹനങ്ങളും, തിരുത്തലുകളും നിർല്ലോഭം നൽകി എന്നെ സഹായിച്ച എൻെറ സ്നേഹിതരോടും എനിക്ക് ഏറെ നന്ദിയുണ്ട്.

ഈ പുസ്തകം വായിക്കാനിടയാവുന്ന എല്ലാവർക്കും ക്രിസ്തുനാഥൻെറ വ്യക്തിത്വത്തിലേക്ക് ഒരു പടികൂടെ വളരുന്നതിന് ഇതു കാരണമാകട്ടെ എന്നു ഞാൻ പ്രാർത്ഥിക്കുന്നു.

ആലീസുകുട്ടി

malankaralibrary.com

## എമ്മാവൂസിൽ ലഭിക്കുന്ന ചില പ്രസിദ്ധീകരണങ്ങൾ

കരിസ്മാറ്റിക് വരങ്ങൾ

കരിസ്മാറ്റിക് ഗാനങ്ങൾ

വിശ്വാസ വളർച്ച (പരിഭാഷ)

ക്രിസ്തീയ കുടുംബ ജീവിതം—
കരിസ്മാറ്റിക് നവീകരണത്തിൽ

സന്നിധിയിൽ

കരിസ്മാറ്റിക് നവീകരണം—
അലകും പിടിയും

യേശുവിനെ കണ്ടെത്തൽ

സ്നേഹത്തിന്റെ പാതയിൽ

സഹനത്തിന്റെ ക്രിസ്തീയ വീക്ഷണം
(ചാക്രിയ ലേഖനം)

malankaralibrary.com

# ഒന്നു്

<u>ആമുഖചിന്ത</u>

# ക്രിസ്തീയ വ്യക്തിത്വം
# ഒരു നഖചിത്രം

യേശുക്രിസ്തു ഗുരുവും ലോകരക്ഷകനുമാണ്. അവിടുന്നു നമ്മെ വളരെക്കാര്യങ്ങൾ പഠിപ്പിച്ചിട്ടുണ്ട്. തന്നെത്തന്നെ ബലി അർപ്പിച്ചുകൊണ്ട് അവിടുന്നു മനുഷ്യപരിത്രാണം നിർവ്വഹിക്കുകയും ചെയ്തു. യേശുവിന്റെ പഠനങ്ങൾക്കു ഒരുപ്രത്യേകതയുണ്ട്, മാനുഷികമായി ചിന്തിച്ചാൽ അവ പ്രാവർത്തികമാക്കുക എളുപ്പമല്ല, പലതും അസാദ്ധ്യം എന്നുതന്നെ തോന്നും. നമ്മെ പൂർണ്ണതയിലേക്കു ക്ഷണിച്ചുകൊണ്ട് അവിടുന്നു ആവശ്യപ്പെടുന്നു: "നിങ്ങളുടെ സ്വർഗസ്ഥനായ പിതാവു പൂർണ്ണനായിരിക്കുന്നതുപോലെ നിങ്ങളും പൂർണ്ണരായിരിക്കുവിൻ" (മത്താ 5 : 48). യേശു മനുഷ്യരെ സ്നേഹിച്ചത് സ്വന്തം ജീവൻപോലും ബലികഴിച്ചുകൊണ്ടാണ്; എന്നിട്ട് അവിടുന്നു നമ്മോടാജ്ഞാപിക്കുന്നു: "ഞാൻ നിങ്ങളെ സ്നേഹിച്ചതുപോലെ നിങ്ങളും പരസ്പരം സ്നേഹിക്കുവിൻ" (യോഹ. 13:24).

malankaralibrary.com

തന്നെ അനുഗമിക്കുവാനും അനുസരിക്കുവാനും യേശു ആവശ്യപ്പെടുന്നുണ്ട്. ഈ അനുഗമനവും അനുസരണവും പൂർണ്ണമായിരിക്കണമെന്നു തന്നെയാണ് അവിടുത്തെ ആഗ്രഹം. വളരെ വലിയ നിസ്വാർത്ഥതയും ത്യാഗസന്നദ്ധതയുമില്ലാതെ യേശു ആഗ്രഹിക്കുന്നവിധം അവിടുത്തെ അനുഗമിക്കുവാനോ അനുസരിക്കുവാനോ സാധ്യമല്ല. "എന്നേക്കാൾ അധികം പിതാവിനെയോ മാതാവിനെയോ സ്നേഹിക്കുന്നവൻ എനിക്കു യോഗ്യനല്ല. എന്നേക്കാൾ അധികം പുത്രനെയോ പുത്രിയെയോ സ്നേഹിക്കുന്നവൻ എനിക്കു യോഗ്യനല്ല" (മത്താ. 10:37). "ആരെങ്കിലും എന്റെ പിന്നാലെ വരുവാൻ ആഗ്രഹിക്കുന്നെങ്കിൽ അവൻ തന്നെത്തന്നെ പരിത്യജിച്ച് തന്റെ കുരിശുമെടുത്ത് എന്നെ അനുഗമിക്കട്ടെ" (മർക്കോ. 8:34).

യേശുവിനെ അനുഗമിക്കുകയും അനുസരിക്കുകയുംചെയ്യുന്ന കാര്യത്തിൽ ഉദാസീനതയ്ക്കു സ്ഥാനമില്ല. അവിടുന്നു വെളിപ്പെടുത്തുന്ന ഉന്നതമായ ആദർശങ്ങളിലേക്കു എത്തിപ്പിടിച്ചുകൊണ്ടുള്ള നിരന്തരമായ ഒരു പ്രയാണമാണത്. ഇത്തരമൊരു പ്രയാണമായിരുന്നു വിശുദ്ധ പൗലോസിന്റെ ജീവിതം. ഇതെക്കുറിച്ച് അദ്ദേഹം എഴുതി: "ഇതു സ്വന്തമാക്കുവാൻ വേണ്ടി ഞാൻതീവ്രമായി പരിശ്രമിക്കുകയാണ്. എന്റെ പിന്നിലുള്ളവയെ മറന്നുകൊണ്ട് മുന്നിലുള്ളവയെ ലക്ഷ്യമാക്കി ഞാൻ മുന്നേറുന്നു. യേശുക്രിസ്തുവിലൂടെ ഉന്നതത്തിലേക്കുള്ള ദൈവത്തിന്റെ വിളിയാകുന്ന സമ്മാനത്തിനുവേണ്ടി ഞാൻ ലക്ഷ്യത്തിലേക്കു പ്രയാണം ചെയ്യുന്നു" (ഫിലി. 3:12-13).

malankaralibrary.com

## യേശുവിൻെറ അനുയായി – തുലോം വ്യത്യസ്ഥൻ

യേശുവിൻെറ അനുയായി ഒരു പുതിയ അസ്തിത്വത്തിൻെറയും അതുവഴി ഒരു പുതിയ വ്യക്തിത്വത്തിൻെറയും ഉടമയാവുകയാണ്. "ക്രിസ്തുവിൽ ആയിരിക്കുന്ന ഏതൊരാളും ഒരു പുതിയ സൃഷ്ടിയാകുന്നു. പഴയതു കടന്നുപോയി. ഇതാ പുതിയതു വന്നുകഴിഞ്ഞു" (2 കൊറി. 5:17).

ഈ പുതിയ വ്യക്തി ലൗകിക മനുഷ്യനിൽനിന്ന് തുലോം വ്യത്യസ്ഥനാണ്. "ഞാൻ നിങ്ങളെ ലോകത്തിൽ നിന്നു തെരഞ്ഞെടുത്തിരിക്കുന്നതിനാൽ നിങ്ങൾ ഇനി മേൽ ലോകത്തിൻേറതല്ല" (യോഹ. 15 : 19). "നിങ്ങൾ ഈ ലോകത്തിന് അനുരൂപരാകരുത്. മറിച്ച് മനസിൻെറ നവീകരണംവഴി രൂപാന്തരപ്പെടുവിൻ" (റോമ. 12:2).

ഇങ്ങനെ മററുള്ളവരിൽ നിന്നു വ്യത്യസ്ഥനായ ക്രിസ്തുശിഷ്യൻ, അവരിൽനിന്നു ഒഴിഞ്ഞുമാറി അല്ല ജീവിക്കേണ്ടത്. അവരോടൊപ്പം ജീവിക്കണം. ക്രിസ്തുവിൻെറ അനുയായി "ഭൂമിയുടെഉപ്പാണ്" (മത്താ.5:13), "ലോകത്തിൻെറ പ്രകാശമാണ്" (മത്താ. 5:14). ലോകത്തിൽ എല്ലാവരുമായും എല്ലാ നല്ല കാര്യങ്ങളിലും അയാൾ ഇടപെടണം. അയാൾ ലോകത്തിൽനിന്ന് ഓടി രക്ഷപ്പെടുകയില്ല, കടന്നുചെന്ന് സഹായിക്കും; ഒഴിഞ്ഞുമാറുകയില്ല, ഒപ്പം നിന്നു പ്രവർത്തിക്കും; ഒച്ചപ്പാടുണ്ടാക്കുകയില്ല, തെളിഞ്ഞു നില്ക്കുന്ന മാതൃക

malankaralibrary.com

വഴി പ്രചോദനമരുളും; പ്രശസ്തിയല്ല അയാളുടെ പ്രവർത്തനങ്ങളുടെ അന്ത്യം, മറിച്ചു ദൈവമഹത്വവും സഹോദരങ്ങളുടെ നൻമയുമായിരിക്കും.

ഒന്നിനെയും ഭയപ്പെടാത്ത
ഒന്നിൽ നിന്നും ഓടിയൊളിക്കാത്ത
ഒന്നിനെയും അവഗണിക്കാത്ത

ക്രിസ്തു ശിഷ്യൻ എല്ലാററിനേയും ശാന്തമായി, സമചിത്തതയോടെ, സ്നേഹപൂർവ്വം സമീപിക്കുന്നു. 'യേശുക്രിസ്തു തന്നിൽ ജീവിക്കുന്നു' (2കൊറി 13:5). എന്നു ബോദ്ധ്യമുള്ള അയാളുടെ സ്വാധീനം ലോകത്തെ മാനസാന്തരപ്പെടുത്താൻ പോരുന്നതാണ്.

## ധന്യമായ ക്രിസ്തീയ ജീവിതത്തിൻെറ രഹസ്യം

ലോകത്തിലെങ്കിലും ലോകത്തിൻേറതാകാതെ, ലോകത്തെ പരിവർത്തനപ്പെടുത്തുന്ന ക്രിസ്തീയ വ്യക്തിത്വമാണ് ക്രിസ്തുനാഥൻ സുവിശേഷ ഭാഗ്യങ്ങളിലൂടെ വരച്ചുകാട്ടുന്നത്. അവിടുത്തെ ജീവദായകമായ പഠനങ്ങളുടെ സംഗ്രഹമാണ് നാമിവിടെ കാണുക. ക്രിസ്തുവിനോടു ചേർന്ന് പ്രപഞ്ചകർത്താവുമായി ഒന്നായിത്തീർന്ന ക്രിസ്തുശിഷ്യൻ പ്രപഞ്ചം മുഴുവനേയും ഉൾക്കൊള്ളുന്ന വിശാലതയിലേയ്ക്കു വളരുന്നു. അവിടെ സങ്കുചിതത്വത്തിനോ സ്വാർത്ഥതയ്ക്കോ സ്ഥാനമില്ല. ഈ വിശാലതയിലേയ്ക്കുള്ള പുരോഗതി വിവരിക്കുന്നതാണ് അഷ്ടഭാഗ്യങ്ങൾ.

malankaralibrary.com

ഭൗതിക വസ്തുക്കളിൽനിന്നുള്ള അകല്ചയുടെ ആനന്ദം,

ശാന്തതയുടെ ഗാംഭീര്യം,

കണ്ണുനീരിൻെറ മാധുര്യം,

നീതിയുടെ സംതൃപ്തി,

കരുണയുടെ ആർദ്രത,

വിശുദ്ധിയുടെ പ്രകാശം,

സമാധാനത്തിൻെറ സൗഹൃദം

പീഡനത്തിൻെറ സന്തോഷത്തിമർപ്പ്,

ഇവയാണ് ധന്യമായ ക്രിസ്തീയ ജീവിതത്തിൻെറ രഹസ്യം.

എൻെറ ജീവിതത്തിൽ ക്രിസ്തീയത എത്ര മാത്രം ഞാൻ സ്വായത്തമാക്കിക്കഴിഞ്ഞു എന്നു മനസിലാക്കുന്നതിനും പോരായ്മ പരിഹരിച്ച് സ്വർഗസ്ഥനായ പിതാവിൻെറ പരിപൂർണ്ണതയിലേക്കു നടന്നടുക്കുന്നതിനും ഈ വിചിന്തനം നമ്മെ സഹായിക്കട്ടെ.

malankaralibrary.com
malankaralibrary.com

## രണ്ട്

**"ആത്മാവിൽ ദരിദ്രർ ഭാഗ്യവാന്മാർ, സ്വർഗ്ഗരാജ്യം അവർക്കുള്ളതാകുന്നു"**

ലോകത്തുള്ള എല്ലാ വ്യക്തികളും ശക്തികളും സംഘടനകളും സമൂഹങ്ങളും തീവ്രമായി ആഗ്രഹിക്കുന്നതും തിക്ഷ്ണമായി പരിശ്രമിക്കുന്നതും ദാരിദ്ര്യം ഇല്ലാതാക്കുവാനാണ്. ക്രിസ്തുമാത്രം, ദരിദ്രർ ഭാഗ്യവാൻമാരാണെന്ന് പഠിപ്പിച്ചുകൊണ്ട് ദാരിദ്ര്യത്തെ വലിയൊരനുഗ്രഹമായിക്കാട്ടി, അതിനെ പ്രോത്സാഹിപ്പിച്ച് വളർത്തുകയാണെന്നു വരുമോ? ഒരിക്കലുമാവില്ല.

യേശു ഭാഗ്യവാൻമാരെന്നു വിളിക്കുന്ന ഈ ദരിദ്രർ ആരായിരിക്കാം?

പട്ടിണിപ്പാവങ്ങളായി വിശന്നും ദാഹിച്ചും എല്ലാവരാലും അവഗണിക്കപ്പെട്ടും ദാരിദ്ര്യരേഖയ്ക്കു താഴെ ജീവിക്കുന്ന ജനലക്ഷങ്ങളാവാനിടയില്ല അവർ!

രോഗികളും ആകുലരും അവശരും അനാഥരും അധഃകൃതരും അടിമകളും മർദ്ദിതരും ചൂഷിതരുമായിരിക്കില്ല.

ഇക്കൂട്ടർ നിറഞ്ഞുവസിക്കുന്നൊരു രാജ്യമോ വ്യവസ്ഥിതിയോ ആവില്ല തീർച്ചയായും യേശു സ്വപ്നം കണ്ട ദൈവരാജ്യം.

malankaralibrary.com

ലോകത്തിൽ കഷ്ടതകളും രോഗങ്ങളും ഇല്ല-വല്ലായ്മകളും മാത്രം അനുഭവിച്ച് ജീവിച്ചവർക്ക് മരണശേഷം ദൈവം നൽകാനിരിക്കുന്ന ഒരാശ്വാസമോ പ്രതിസമ്മാനമോ നഷ്ടപരിഹാരമോ അല്ല ഈ ദൈവ രാജ്യം.

പ്രത്യക്ഷത്തിൽ വിരോധാഭാസമെന്നു തോന്നുന്ന വിപ്ലവകരമായ ഈ പ്രസ്താവനയുടെ ആഴങ്ങളിലേയ്ക്കൊന്നു കടന്നു ചെല്ലാൻ നമുക്കു പരിശ്രമിക്കാം.

**ഭാഗ്യവാൻമാരായ ദരിദ്രർ**

ലോകത്തിലുള്ള യാതൊന്നിനോടും അതിരു കവിഞ്ഞ മമത ഇല്ലാത്ത വ്യക്തികളാണ് ആത്മാവിൽ ദരിദ്രർ.

ഞാൻ എന്നിൽത്തന്നെ പൂർണ്ണനല്ല, എല്ലാ കാര്യങ്ങളിലും കുറവുള്ളവനാണ്, ദൈവത്തിനു മാത്രമെ എൻെറ ശൂന്യത നികത്താനാവൂ എന്ന ആഴമേറിയ ബോധത്തോടെ നിരന്തരം ദൈവത്തിൽ ആശ്രയിക്കുന്നവരാണിവർ. ഇന്നത് എനിക്ക് കൂടിയേ കഴിയൂ, മററത് എനിക്കു പാടില്ല എന്ന രീതിയിലുള്ള മമതയോ വെറുപ്പോ അവർക്ക് ഉണ്ടാവില്ല. തങ്ങാംക്കു സംഭവിക്കുന്ന എന്തിനേയും ലഭിക്കുന്ന ഏതിനേയും സമചിത്തതയോടെ സ്വീകരിക്കാൻ അവർക്കു കഴിയും.

malankaralibrary.com

"ദൈവം എന്റെ സമ്പന്നനായ പിതാവ്,

യാതൊന്നും സ്വന്തമായില്ലാത്ത ഞാൻ അവിടുത്തെ പുത്രൻ/പുത്രി

മനുഷ്യരെല്ലാം ദൈവമക്കളെന്ന നിലയിൽ എന്റെ സഹോദരർ,

എനിക്കുള്ളതെല്ലാം അവർക്കും,

അവർക്കുള്ളതെല്ലാം എനിക്കും

അവകാശപ്പെട്ട പൊതുമുതൽ,........"

എന്ന അവബോധവും അനുഭവവും അവരുടെ പ്രത്യേകതയാണ്.

"സ്വർഗ്ഗസ്ഥനായ ഞങ്ങളുടെ പിതാവേ", എന്ന് ആത്മാർത്ഥതയോടെ വിളിച്ചപേക്ഷിക്കുവാൻ അവർക്കു കഴിയും.

സ്വന്തം ശൂന്യതയെക്കുറിച്ചും ദൈവത്തിന്റെ സമ്പന്നതയെക്കുറിച്ചും ഉള്ള ആഴമേറിയ അവബോധം ദൈവത്തിനും അവിടുത്തെ ഹിതത്തിനുമായി പൂർണ്ണ സമർപ്പണം, "അങ്ങയുടെ രാജ്യം വരണമേ, അങ്ങയുടെ ഇഷ്ടം സ്വർഗ്ഗത്തിലെപ്പോലെ ഭൂമിയിലുമാകണമേ" എന്ന് ഹൃദയപൂർവ്വമായ പ്രാർത്ഥന തങ്ങളുടെ ആവശ്യങ്ങളെല്ലാം ദൈവം നടത്തിക്കൊള്ളുമെന്ന ഉറച്ച വിശ്വാസം എന്നിവ അവരുടെ അടയാളമാണ്. 'ദൈവത്തിന്റെ രാജ്യവും അവിടുത്തെ നീതിയും അന്വേഷിക്കുന്ന'തിൽ നിരന്തരം വ്യാപൃതരായിരിക്കുന്ന ഇക്കൂട്ടർ ഇവിടെവച്ചുതന്നെ ദൈവരാജ്യം അനുഭവിച്ചുതുടങ്ങുന്ന ഭാഗ്യവാൻമാരാണ്.

malankaralibrary.com

**ലോക ദൃഷ്ടിയിൽ ഉന്നതമായത് ദൈവദൃഷ്ടിയിൽ നികൃഷ്ടം:**

സമ്പത്ത്, സ്ഥാനമാനങ്ങൾ, സുഖസൗകര്യങ്ങൾ, കീർത്തി, വ്യക്തിബന്ധങ്ങൾ........ എന്നിവയെല്ലാം നമ്മെ ലോകത്തോട് ഗാഢമായി ബന്ധിക്കുന്ന ചങ്ങലകളാണ്. തൻെറ ശിഷ്യരെ യേശു പഠിപ്പിച്ചു:

'—ഈ ലോകത്തിൽ തൻെറ ജീവൻ നഷ്ടപ്പെടുത്തുന്നവൻ നിത്യജീവൻ കണ്ടെത്തും' (മർക്കോസ് 8:35)

—സമ്പത്തുള്ളവർക്ക് ദൈവരാജ്യത്തിൽ പ്രവേശിക്കുക അസാദ്ധ്യമാണ്'' (മത്താ. 19:23-24).

—'മനുഷ്യർ നിങ്ങളെ അവഹേളിക്കുകയും പീഡിപ്പിക്കുകയും എല്ലാവിധ തിന്മകളും നിങ്ങൾക്കെതിരായി വ്യാജമായി പറയുകയും ചെയ്യുമ്പോൾ നിങ്ങൾ ആനന്ദിച്ചാഹ്ലാദിക്കുവിൻ' (മത്താ. 5:11-12).

—'സഹനത്തിലൂടെയും കുരിശിലൂടെയും മാത്രമേ രക്ഷയും മഹത്വവും കൈവരിക്കാനാവൂ'... (മർക്കോസ് 8:34)

ലോകം ഉന്നതമായി കരുതുന്ന ഈ ലോകജീവിതം, സമ്പത്ത്, പുകഴ്ച, സുഖസന്തോഷങ്ങൾ എന്നിവയെല്ലാം ദൈവ ദൃഷ്ടിയിൽ നികൃഷ്ടമാണെന്ന് അവിടുന്നു വ്യക്തമാക്കി.

**യഥാർത്ഥ സ്വാതന്ത്ര്യം**

ലൗകിക വസ്തുക്കളുടെ ഉപയോഗം ദൈവരാജ്യാനുഭവത്തിന് എതിരല്ല. വേണ്ട വിധത്തിൽ അവ

malankaralibrary.com

ഉപയോഗിക്കണമെന്നു മാത്രം. സൃഷ്ടവസ്തുക്കാം നമ്മെ ദൈവത്തിങ്കലേയ്ക്കു നയിക്കുന്നതിനുള്ള പടികളായിരിക്കണം. അവ നമ്മെ പിടിച്ചുകെട്ടുന്ന ബന്ധനങ്ങളും തടസങ്ങളും ആയിത്തീർന്നാൽ നമ്മുടെ സ്വാതന്ത്ര്യം നഷ്ടപ്പെടും. സന്തോഷത്തോടെ എനിക്കു പയോഗിക്കാനും സങ്കടം കൂടാതെ ഉപേക്ഷിക്കാനും കഴിയുന്ന കാര്യങ്ങാംക്കുമാത്രമേ ഞാൻ ഉടമയാകുന്നുള്ളു. അല്ലാത്തവയുടെ അടിമയാണു ഞാൻ.

സൃഷ്ടവസ്തുക്കളുടെ അടിമയായ ഒരാംക്ക് 'സ്വർഗത്തിലും ഭൂമിയിലും സകല അധികാരവും സ്വന്തമാക്കിയിരിക്കുന്ന ക്രിസ്തുവിൻെറ കൂട്ടവകാശി ആയിരിക്കുവാനാവില്ല.

'സൃഷ്ടപ്രപഞ്ചം ജീർണ്ണതയുടെ അടിമത്തത്തിൽ നിന്നു മോചിതമാകുക' മനുഷ്യർ ദൈവമക്കളുടെ സ്വാതന്ത്ര്യത്തോടെ സൃഷ്ടവസ്തുക്കളെ ദൈവിക പദ്ധതിയനുസരിച്ച് ഉപയോഗിക്കാൻ കഴിവുററവരാകുമ്പോഴാണ് 'സമസ്ത സൃഷ്ടികളും ഒന്നുചേർന്ന് ഇതുവരേയും ഈററുനോവനുഭവിക്കുകയും നെടുവീർപ്പിടുകയും ചെയ്യുന്നത്' (റോമ 8 : 22) സ്വാർത്ഥമതിയായ മനുഷ്യൻ അവയെ ദുരുപയോഗിച്ച് അടിമത്തത്തിലാക്കിയിരിക്കുന്നതിനാലാണ്.

**ബന്ധമോ ബന്ധനമോ?**

തങ്ങളുടെ ധർമ്മം നിർവ്വഹിച്ചുകൊണ്ട്, നിയുക്ത സ്ഥാനത്ത് ആയിരിക്കുമ്പോാം സൃഷ്ടവസ്തുക്കളും മനുഷ്യരും, ഈ സ്വാതന്ത്ര്യവും അധികാരവും

malankaralibrary.com

അനുഭവിക്കുന്നു. അതില്ലാതാകുമ്പോൾ സകലവും അടിമത്തമായും ലക്ഷ്യപ്രാപ്തിക്കുള്ള തടസങ്ങളായും മാറുന്നു. സ്വാതന്ത്ര്യത്തോടെ കൈകാര്യം ചെയ്യാനാവാതെ, വിട്ടുപോകുമോ, എനിക്കു നഷ്ടപ്പെടുമോ എന്ന ചിന്ത എന്നെ അലട്ടുന്ന ഏതൊരു വസ്തുവും, വ്യക്തിയും എന്നെ അടിമത്തത്തിലാക്കിയിരിക്കയാണ്. അവിടെ ബന്ധം ബന്ധനമാകുന്നു.

## യേശു നല്കുന്ന മാതൃക

സൃഷ്ടികളിൽ കുടുങ്ങിക്കിടക്കുന്ന മനസിന് സ്രഷ്ടാവിനെ കണ്ടെത്താനാവില്ല. 'തന്റെ സമ്പന്നതയാൽ നമ്മെ ധന്യരാക്കാനായി ക്രിസ്തു നമ്മുടെ ദാരിദ്ര്യത്തെ ആശ്ലേഷിച്ചു! (2 കൊറി 8:9) ക്രിസ്തുവിനെ സ്വന്തമാക്കിക്കൊണ്ടു മാത്രമെ അവിടുത്തെ സമ്പന്നതയിലേയ്ക്കും മഹത്വത്തിലേയ്ക്കും നമുക്കുയരാനാവൂ.

യേശു തന്റെ വാക്കുകളിലൂടെയും പ്രവൃത്തികളിലൂടെയും വ്യക്തമാക്കുന്ന ഈ ദാരിദ്ര്യാരൂപിയുടെ മൂർത്തീഭാവമാണ് അവിടുത്തെ വ്യക്തിത്വം. ഫിലിപ്പിയർക്കുള്ള ലേഖനത്തിൽ സെൻറ് പോൾ ഈ ചിത്രം നമ്മുടെ മുമ്പിൽ മനോഹരമായി വരച്ചു കാട്ടുന്നു.

"ദൈവത്തിന്റെ രൂപത്തിലായിരുന്നെങ്കിലും അവൻ ദൈവവുമായുള്ള സമാനത നിലനിർത്തേണ്ട ഒരു കാര്യമായി പരിഗണിച്ചില്ല.

malankaralibrary.com

തന്നെത്തന്നെ ശൂന്യനാക്കിക്കൊണ്ട് ദാസന്റെ രൂപം സ്വീകരിച്ച്, മനുഷ്യരുടെ സാദൃശ്യത്തിൽ ആയിത്തീർന്ന് ആകൃതിയിൽ മനുഷ്യനെപ്പോലെ കാണപ്പെട്ടു. മരണംവരെ, അതെ, കുരിശുമരണം വരെ അനുസരണമുള്ളവനായി തന്നെത്തന്നെ താഴ്ത്തി;

ആകയാൽ ദൈവം അവനെ അത്യധികം ഉയർത്തി. എല്ലാ നാമങ്ങൾക്കും ഉപരിയായ നാമം നല്കുകയും ചെയ്തു'' (ഫിലി 2:6–9).

**ശൂന്യത പൂർണ്ണതയിലേയ്ക്ക്**

പരിപൂർണ്ണശൂന്യവല്ക്കരണത്തിന്റെ ഫലമാണ് ഏററം വലിയ മഹത്വം. നാം ഒരുവന് പൂർണ്ണമായി വിധേയപ്പെടുമ്പോൾ അയാളുടെ പൂർണ്ണ അധികാരത്തിനും സംരക്ഷണത്തിനും അവകാശിയായിത്തീരുന്നു. ദൈവത്തിനു പൂർണ്ണമായി സമർപ്പണം ചെയ്യുന്നവൻ ദൈവത്തിന്റെ സർവ്വസമ്പന്നതയുടെയും ദൈവരാജ്യത്തിന്റെ തന്നെയും അവകാശിയായിത്തീരുന്നു.

**ശൂന്യത നമ്മിലും**

മനുഷ്യന്റെ പൂർണ്ണമായ ശൂന്യതയിലാണ് ദൈവത്തിന്റെ പരിപൂർണ്ണ നിറവ് അനുഭവപ്പെടുക. മനുഷ്യന്റെ ശൂന്യതയെ ദൈവത്തിന്റെ പൂർണ്ണത ഗ്രസിക്കുന്നു. ഈ നിറവ് അവനെ ഏററം സന്തോഷവാനാക്കുന്നു. ''കർത്താവ് എന്റെ ഇടയനാകുന്നു. എനിക്കൊന്നിനും കുറവുണ്ടാകുകയില്ല'' (സങ്കീ. 23) എന്ന് സങ്കീർത്തകനോടൊപ്പം അവനും ഉദ്ഘോഷിക്കുന്നു.

malankaralibrary.com

ദൈവത്തോടുള്ള കൃതജ്ഞതയാൽ നിറഞ്ഞുകവിയുന്ന ആ ജീവിതം നിരന്തരം ദൈവത്തെ മഹത്വപ്പെടുത്തുന്നതായിരിക്കും. സ്വന്തമായി ഒന്നുമില്ലാത്തവന്റെ ജീവിതത്തിൽ ഉള്ളതെല്ലാം ദൈവത്തിന്റേതാണല്ലോ.

'വെറും അഞ്ചുഷില്ലിംഗ്കൊണ്ട് തെരേസായ്ക്ക് തനിയെ ഒന്നും ചെയ്യാനാവില്ല, എന്നാൽ ദൈവത്തോടൊപ്പം അഞ്ചുഷില്ലിംഗ്കൊണ്ട് തെരേസായ്ക്ക് അസാദ്ധ്യമായി ഒന്നുമില്ല' എന്നു പറഞ്ഞ ആവിലായിലെ വി. ത്രേസ്യായെപ്പോലെ 'എന്റെ നിസ്സാരമായ ഈ ജീവിതം കൊണ്ട് കർത്താവിനോടൊപ്പം എനിക്കസാദ്ധ്യമായി ഒന്നുമില്ല' എന്നു പ്രഘോഷിക്കുവാൻ ആത്മാവിൽ ദരിദ്രനുകഴിയും. തനിക്കുണ്ടായിരുന്ന അഞ്ചപ്പവും രണ്ടുമീനും കർത്തൃകരങ്ങളിൽ ഏല്പിച്ച ബാലനെപ്പോലെ സന്തോഷവും സംതൃപ്തിയും അനുഭവിക്കാൻ അവനിടവരും. താൻ ചെയ്യുന്ന സകലതിലും ദൈവത്തിന്റെ ശക്തിയും പ്രവർത്തനവുമാണ് പ്രകടമാകുക എന്ന്, ഏററു പറയുക നിമിത്തം ആ ജീവിതത്തിലൂടെ ദൈവം എല്ലായിടത്തും മഹത്വപ്പെടും.

''ഞാൻ എന്തായിരിക്കുന്നുവോ അത് ദൈവകൃപയാലാണ്''; ''ഞാനല്ല, ക്രിസ്തു എന്നിൽ ജീവിക്കുന്നു'' (ഗലാ. 2:20) എന്ന സെൻറ് പോളിന്റേയും; എന്റെ പിതാവു ചെയ്തുകാണിക്കുന്നതല്ലാതെ എനിക്കൊന്നും ചെയ്യാനാവില്ല (യോഹ. 8:28). എന്ന യേശുവിന്റേയും; ''ശക്തനായവൻ എന്നിൽ വലിയ കാര്യ

malankaralibrary.com

ങ്ങാം ചെയ്തിരിക്കുന്നു, അവിടുത്തെ നാമം മഹത്വപ്പെടട്ടെ'' (ലൂക്കാ. 1:49). എന്ന കന്യകാമറിയത്തിൻേറയും മനോഭാവങ്ങാം അവൻെറ ജീവിതത്തിൽ സദാ നിഴലിക്കും.

## ദൈവ രാജ്യത്തിൻെറ അടയാളം

പാവങ്ങാം എല്ലാ വിധത്തിലും സംരക്ഷിക്കപ്പെടുന്നു. ദരിദ്രരോടു സുവിശേഷം പ്രസംഗിക്കപ്പെടുന്നു, എന്നത് ദൈവരാജ്യം വന്നുകഴിഞ്ഞു എന്നതിൻെറ നിഷേധിക്കാനാവാത്ത തെളിവാകുന്നു.

ദരിദ്രർ അവഗണിക്കപ്പെടുന്നിടത്ത് ദൈവരാജ്യം കടന്നെത്തിയിട്ടില്ല എന്നതു വ്യക്തമാണ്; ചൂഷണവും അനീതിയും ദൈവരാജ്യം ഇല്ലാത്തതിൻെറ അടയാളവും. നമ്മുടെ സമൂഹത്തെ നമുക്ക് വിലയിരുത്താം: നാം ജീവിക്കുന്ന, അംഗമായിരിക്കുന്ന സമൂഹം ഇനിയും ക്രിസ്തീയമായിട്ടുണ്ടോ? മാനസാന്തരത്തിനുള്ള കൃപയ്ക്കായി പ്രാർത്ഥിക്കയും, ദൈവരാജ്യം കൈവരുത്തുന്നതിനുള്ള ശ്രമത്തിനായി നമ്മെത്തന്നെ സമർപ്പിക്കയും ചെയ്യാം.

ദൈവരാജ്യം സ്ഥാപിക്കാനായി വന്ന ദൈവത്തിൻെറ അഭിഷിക്തൻ യേശുതന്നെയോ എന്നു ചോദിക്കുവാനായി സ്നാപകയോഹന്നാൻ തൻെറ ശിഷ്യരെ പറഞ്ഞയച്ചപ്പോാം യേശു പ്രത്യുത്തരിച്ചു: ''നിങ്ങാം കോംക്കുന്നതും കാണുന്നതും പോയി യോഹന്നാനെ അറിയിക്കുക. അന്ധൻമാർ കാഴ്ച പ്രാപി

malankaralibrary.com

ക്കുന്നു, മുടന്തൻമാർ നടക്കുന്നു, കുഷ്ഠരോഗികൾ ശുദ്ധരാക്കപ്പെടുന്നു, ബധിരർ കേൾക്കുന്നു, മരിച്ച വർ ഉയിർപ്പിക്കപ്പെടുന്നു. ദരിദ്രരോടു സുവിശേഷം പ്രസംഗിക്കപ്പെടുന്നു'' (മത്താ. 11:3–6) ദൈവരാജ്യം സ്ഥാപിക്കുന്ന അഭിഷിക്തൻെറ പ്രവർത്തനങ്ങൾ ദൈവരാജ്യം സ്ഥാപിതമാകുന്നു എന്നതിന് എല്ലാ സംശയവും ദൂരീകരിക്കുന്ന അടയാളം!

ക്രിസ്തുശിഷ്യരും നിരന്തരം ഈ വേലയിൽ വ്യാപൃതരായിരിക്കേണ്ടവരാണ്. തനിക്കുള്ളതെല്ലാം സഹോദരങ്ങളുമായി പങ്കുവച്ചുകൊണ്ട്, സകലരേയും ദൈവമക്കളുടെ സ്വാതന്ത്ര്യത്തിലേയ്ക്കും സമ്പന്നത യിലേയ്ക്കും നയിച്ചുകൊണ്ട്, ദൈവം പിതാവായും ദൈവമക്കളെല്ലാം പരസ്പരം സഹോദരരായും അംഗീ കരിക്കപ്പെടുന്ന പുതിയ വ്യവസ്ഥിതി കൈവരുത്തു വാൻ പ്രതിബദ്ധതയോടെ പരിശ്രമിക്കുന്ന ക്രി സ്തുശിഷ്യരാണ് യഥാർത്ഥത്തിൽ യേശു വിവക്ഷിക്കുന്ന അരൂപിയിൽ ദരിദ്രർ. അവർ തങ്ങളുടെ നിരന്തര പരിശ്രമത്തിലൂടെ ദൈവരാജ്യം കൈവരു ത്തുകതന്നെ ചെയ്യും.

**സകലർക്കും വേണ്ടി**

പിതാവായ ദൈവം തൻെറ ഏകജാതനായ യേശു ക്രിസ്തുവിനെ ഈ ലോകത്തിലേക്കയച്ചത് എല്ലാ മനുഷ്യരും രക്ഷ പ്രാപിക്കുന്നതിനും ദൈവരാജ്യ ത്തിൻെറ അവകാശികളാകുന്നതിനും വേണ്ടിയാണ്. ഈ ദാരിദ്ര്യാരൂപി സ്വന്തമാക്കിയവർക്കേ ദൈവരാജ്യം അനുഭവിക്കാനാവൂ എന്നതിനു സംശയമില്ല. എന്നാൽ

malankaralibrary.com

എന്നിക്കതിൽ താല്പര്യമില്ല, വേണ്ടവർ സ്വന്തമാക്കി ക്കൊള്ളട്ടെ, ഞാനെന്റെ സ്വാർത്ഥതയും താല്പര്യ ങ്ങളുമൊക്കെയായി കഴിഞ്ഞുകൂടിക്കൊള്ളാം എന്നാർ ക്കും പറയാനാവില്ല. ഈശോയെപ്പററി അറിഞ്ഞിട്ട് അവിടുത്തെ സ്വീകരിക്കാത്തവന് രക്ഷയില്ല; അവി ടുത്തെ പഠനങ്ങൾ മുഴുവനായും സ്വീകരിക്കുന്നവനേ ക്രിസ്തുശിഷ്യനാകാനാവൂ; "തനിക്കുള്ളതെല്ലാം ഉപേക്ഷിക്കാതെ നിങ്ങളിലാർക്കും എന്റെ ശിഷ്യ നാകുക സാദ്ധ്യമല്ല" (ലൂക്കാ. 14:33).

നിത്യജീവൻ അവകാശപ്പെടുത്തുവാൻ താനെന്താ ണ് ചെയ്യേണ്ടതെന്ന് ചോദിച്ച ധനികനായ മനുഷ്യന് നല്കിയ മറുപടി തന്നെയാണ് രക്ഷതേടുന്ന എല്ലാ വരോടും രക്ഷകനു പറയാനുള്ളത്. 'ഉള്ളതെല്ലാം പാവങ്ങളുമായി പങ്കുവച്ച് ദൈവരാജ്യ പ്രഘോഷ കരും സ്ഥാപകരുമായി യേശുവിനെ അനുഗമി ക്കുക'. ഇത് മനുഷ്യസാദ്ധ്യമല്ല. അവിടുത്തെ അരൂ പിയെ നമുക്കു നല്കിക്കൊണ്ട് ദൈവത്തിനുമാത്രം നമ്മിൽ സാധിക്കാവുന്ന ഒന്നാണിത്.

തന്നെ അനുഗമിച്ച വലിയ ജനാവലിയോടാണ് യേശു പറഞ്ഞത്: "ഒരുവൻ എന്റെ അടുക്കൽ വരി കയും സ്വന്തം പിതാവിനേയും മാതാവിനേയും ഭാര്യ യെയും മക്കളെയും സഹോദരൻമാരെയും സഹോദരി മാരെയും എന്നല്ല, സ്വജീവനെത്തന്നെയും വെറുക്കാ തിരിക്കയും ചെയ്താൽ എന്റെ ശിഷ്യനായിരിക്കാൻ അവനു സാധിക്കയില്ല" (ലൂക്കാ. 14:26). എന്ന്.

malankaralibrary.com

**ചുരുക്കത്തിൽ**

പാപംമൂലം ദൈവത്തിൻെറ സമ്പന്നതയിൽനിന്നു വിച്ഛേദിക്കപ്പെട്ട മനുഷ്യൻെറ പല തരത്തിലുള്ള ദാരിദ്ര്യത്തെ ഇല്ലായ്മ ചെയ്യാനുള്ള യത്നത്തിൽ ക്രിസ്തുശിഷ്യൻ സ്വന്തമാക്കേണ്ടതായ 'ലൗകിക വസ്തുക്കളിൽ നിന്നുള്ള സ്വാതന്ത്ര്യ'മാണ് അരൂപിയിലുള്ള ദാരിദ്ര്യം.

ഭൗതികമായ യാതൊന്നിനും തടസപ്പെടുത്താനാവാത്ത ദൈവരാജ്യപ്രവർത്തനം ഇങ്ങനെയുള്ളവർക്കേ സാദ്ധ്യമാവൂ. അവർക്ക് ഒന്നുംതന്നെ നഷ്ടപ്പെടാനില്ല; സ്വന്തമായി ഒന്നും നേടാനുമില്ല. സ്വാർത്ഥതയ്ക്കും സ്ഥാപിത താല്പര്യങ്ങൾക്കും അവരുടെ ജീവിതത്തിൽ സ്ഥാനമില്ല. ദൈവത്തിൻെറ പിതൃത്വവും, മനുഷ്യസാഹോദര്യവും ആഴമായി അനുഭവിച്ചറിയുന്ന അവർക്ക് സകലവും പങ്കുവച്ചു ജീവിക്കുന്ന ഒരു നവ്യ വ്യവസ്ഥിതിക്കായി നിരന്തരം പ്രയത്നിക്കാതിരിക്കാനാവില്ല. സങ്കുചിതത്വവും അനീതിയും അവർ സഹിക്കില്ല. തങ്ങളുടെ ഇടയിൽ ദാരിദ്ര്യദുഃഖമനുഭവിക്കുന്നവരായി ആരുമില്ലാതാകുന്ന സുഭിക്ഷതയുടേയും സൗഹൃദത്തിൻേറയും പങ്കുവയ്ക്കലിൻേറയും വ്യവസ്ഥിതി സംജാതമാക്കുക തങ്ങളുടെ കടമയായി അവർ കണക്കാക്കുന്നു. ദുഃഖമോ മുറവിളിയോ വേദനയോ ഉണ്ടാവാത്ത പുതിയ ആകാശവും പുതിയ ഭൂമിയും കൈവരുന്നതുവരെ അവർക്കു വിശ്രമിക്കാനാവില്ല.

malankaralibrary.com

മനുഷ്യർ ഈ മനോഭാവം സ്വന്തമാക്കുന്നതിൻെറ തോതനുസരിച്ച് ദൈവരാജ്യം ഈ ഭൂമിയിൽ വളരും, വികസിക്കും. ദൈവരാജ്യത്തിൻെറ അവകാശികളാകുന്നതിനും, ദൈവരാജ്യം ഇവിടെ പടുത്തുയർത്തുന്നതിനുമുള്ള ഏകമാർഗം അരൂപിയിൽ ദരിദ്രരായിത്തീരുകതന്നെ. ഇതാണ് ക്രിസ്തു നമുക്കു വച്ചുനീട്ടുന്ന വെല്ലുവിളി.

malankaralibrary.com

# മൂന്ന്

# കരയുന്നവർ ഭാഗ്യവാന്മാർ

### ക്രിസ്തുശിഷ്യന്റെ മുഖമുദ്ര- നിരന്തര വിലപനം?

യേശു തന്റെ ശിഷ്യരോടു പറഞ്ഞു:

''കരയുന്നവർ ഭാഗ്യവാൻമാർ, അവർ ആശ്വസിപ്പിക്കപ്പെടും'' (മത്താ. 5:4)

''ഇപ്പോഠം കരയുന്നവരേ, നിങ്ങഠം ഭാഗ്യവാന്മാർ (ലൂക്കാ. 6:21)

ഹൃദയവ്യഥ അനുഭവിക്കുന്നവർക്കാണ് ആശ്വാസം ലഭിക്കുക. ആത്മാർത്ഥയോടെ കരയുന്നവർക്കേ ഹൃദ്യമായി ചിരിക്കാനാവൂ.

### ആരാണ് യേശുവിന്റെ ഭാവനയിലെ കരയുന്നവർ?

സ്വയം കൃതാനർത്ഥത്തിന്റെ ഫലമായി, സ്വാർത്ഥതയുടേയും ദുഷ്ടതയുടേയും അസൂയയുടേയും ഫലമായി, വന്നുചേരുന്ന ദുരന്തങ്ങളാൽ, ദുഃഖിക്കുന്നവരല്ല ദൈവരാജ്യത്തിന്റെ ആശ്വാസത്തിൽ പങ്കുചേരുന്നവർ.

malankaralibrary.com

മറിച്ച്, തന്റെ തന്നെ പാപാവസ്ഥയെപ്പററിയും താൻ അംഗമായിരിക്കുന്ന സമൂഹത്തിന്റെ തിന്മയെക്കുറിച്ചും ആഴമായ അവബോധത്തോടെ പശ്ചാത്തപിച്ച് നിരന്തരമായി മാനസാന്തരപ്പെട്ടുകൊണ്ടിരിക്കുന്നവരാണ് യേശു അർത്ഥമാക്കുന്ന കരയുന്നവർ. ഈ മാനസാന്തരം ദൈവരാജ്യത്തിൽ പ്രവേശിക്കുന്നതിന് അത്യന്താപേക്ഷിതമാണ്.

''ദൈവരാജ്യം സമീപിച്ചിരിക്കുന്നു. മാനസാന്തരപ്പെട്ടു സുവിശേഷത്തിൽ വിശ്വസിക്കുവിൻ''
(മർക്കോ. 1:15)

ലോകത്തിൽ കാണുന്ന അനീതിയേയും ചൂഷണത്തേയും കുറിച്ച് വേദനിച്ചുകൊണ്ട്, അതു പരിഹരിക്കുന്നതിന് നിരന്തരം പരിശ്രമിക്കുന്നവരാണ് യേശുവിന്റെ ഭാഷയിലെ 'കരയുന്ന ഭാഗ്യവാൻമാർ'. അവരാണ് ദൈവത്തിന്റെ രാജ്യവും അവിടുത്തെ നീതിയും അന്വേഷിക്കുന്ന ക്രിസ്തുശിഷ്യർ.

## പ്രായോഗിക തലത്തിൽ

ഈ ലോകത്തിലെ തിന്മയുടേയും വേദനയുടേയും യഥാർത്ഥരൂപത്തെ കണ്ടെത്താൻ തയ്യാറാവുന്നവന്, അവയുടെ മുമ്പിൽ ഭാവാത്മകമായ, തുറന്ന ഒരു മനോഭാവമുള്ളവന് ജീവിതത്തിൽ നിസ്സംഗനായിരിക്കുന്നതിനോ, സങ്കുചിതമനസ്കനായി ആത്മസംതൃപ്തിയോടെ സന്തോഷവാനായിരിക്കുന്നതിനോ സാദ്ധ്യമല്ല. വേദനിപ്പിക്കുന്ന യാഥാർത്ഥ്യ

malankaralibrary.com

ങ്ങളുടെ മുമ്പിൽ നിസ്സംഗരായിരിക്കുക ആത്മാവബോധവും സാമൂഹ്യബോധവും ഇല്ലാത്തവരാണ്. അത് അജ്ഞതയുടെയും ഹൃദയകാഠിന്യത്തിൻെറയും അടയാളമാണ്. തിന്മയും വേദനയും എന്നും ലോകത്തിലുണ്ടായിരിക്കുമെന്നതിനാൽ യാഥാർത്ഥ്യബോധമുള്ളവന് നിരന്തരം വിലപിക്കാതിരിക്കാനാവില്ല. ഉപരിപ്ലവമായി മാത്രം ജീവിക്കുന്നവർക്കേ ഈ ലോകത്തിലെ വേദനകളുടെ മദ്ധ്യേ സന്തോഷവാനായിരിക്കാനാവൂ; അനീതിയുടെ മുമ്പിൽ സഹിഷ്ണുത കാട്ടാനാവൂ. അജ്ഞതയിലും അന്ധതയിലും കഴിയുന്നവർ വെളിച്ചത്തിൽ നിന്നകന്ന് ഇരുട്ടിലാണ് കഴിയുക. 'വെളിച്ചം ദുഃഖമാണുണ്ണീ, തമസല്ലോ സുഖപ്രദം' എന്ന തത്വമാണവരെ നയിക്കുക.

ദൈവം പിതാവെന്നും, മനുഷ്യരെല്ലാം സഹോദരരെന്നുമുള്ള ആഴമായ ബോധവും അനുഭവവുമാണ് സഹോദരൻെറ വേദന തൻേറതായി കണ്ട് നിരന്തരം ക്രിയാത്മകമായി കരയുന്നതിന് ക്രിസ്തുശിഷ്യനെ പ്രേരിപ്പിക്കുക.

സ്വന്തം പാപാവസ്ഥയേയും ശൂന്യതയേയും പററിയുള്ള ആഴമായ അവബോധമുള്ള ക്രിസ്തുശിഷ്യൻ അത് ഏററുപറഞ്ഞുകൊണ്ട്, തൻെറ ശൂന്യതയെല്ലാം നികത്താൻ പ്രാപ്തനായ ദൈവത്തിൻെറ കരങ്ങളിൽ മുറുകെ പിടിച്ച്, വേദനിക്കുന്ന സഹോദരങ്ങളെ ആശ്വാസത്തിൻെറ ആ ഉറവിടത്തിലേയ്ക്ക് പിടിച്ചുയർത്തുന്ന ജോലിയിൽ നിരന്തരം വ്യാപൃതനായിരിക്കും. തൻെറ സഹോദരരെല്ലാവരും സമാധാന

malankaralibrary.com

ത്തിലും സന്തോഷത്തിലും സമൃദ്ധിയിലും ജീവിക്കുന്നു എന്ന് ഉറപ്പു വരുന്നതുവരെ ഒരു യഥാർത്ഥ ക്രിസ്തുശിഷ്യന് സ്വസ്ഥനാകാനാവില്ല. ഇന്ത്യയിലെ ഏതൊരു പാവപ്പെട്ടവനും ഉടുക്കാനാവശ്യമുള്ള വസ്ത്രം ലഭ്യമാകുന്നതുവരെ താൻ അസ്വസ്ഥനാണെന്നുപറഞ്ഞ് തനിക്ക് അത്യാവശ്യത്തിൽ കവിഞ്ഞുണ്ടായിരുന്ന വസ്ത്രമെല്ലാം ഉപേക്ഷിച്ച ഗാന്ധിജി ഈ മനോഭാവം സ്വന്തമാക്കിയിരുന്നു.

നിന്റെ ആവശ്യത്തിൽ കവിഞ്ഞു നിന്റെ പക്കലുള്ളതെല്ലാം ആവശ്യത്തിലിരിക്കുന്ന നിന്റെ സഹോദരന് അവകാശപ്പെട്ടതാണ്. ഈ നീതിബോധമില്ലാതെ ദരിദ്രനായി തന്റെ പടിവാതില്ക്കൽ കിടന്ന ലാസറിനെ സഹായിക്കാൻ സന്നദ്ധനാകാതിരുന്ന ധനവാന് ദൈവരാജ്യത്തിന്റെ ആശ്വാസത്തിൽ പങ്കുലഭിച്ചില്ല. സ്വയം മറന്ന് മററുള്ളവരെ സഹായിക്കാൻ കഴിയുന്നവരാണ് യഥാർത്ഥ ക്രിസ്തുശിഷ്യർ. സ്വന്തം ദുഃഖമെല്ലാം പരിഹരിച്ചശേഷം മററുള്ളവരെ ശ്രദ്ധിക്കാൻ ആർക്കും സാദ്ധ്യമാവില്ല. സ്വന്തം മുറിവിനെ വച്ചുകെട്ടുന്നതോടൊപ്പംതന്നെ, സഹോദരങ്ങളെ ശുശ്രൂഷിക്കുന്ന 'മുറിവേററ സൗഖ്യദായകർ'. ആയിരിക്കും ക്രിസ്തുശിഷ്യർ.

**മാതൃകകൾ**

കാനായിലെ വിവാഹവിരുന്നിൽ ''അവർക്കു വീഞ്ഞില്ല'' എന്നുപറഞ്ഞ് തന്റെ പുത്രന്റെ പക്കൽ

malankaralibrary.com

മദ്ധ്യസ്ഥതവഹിക്കുന്ന പരി. കന്യകമറിയം ക്രിസ്തുശിഷ്യത്വത്തിന്റെ ഈ പ്രത്യേകത വിശദീകരിക്കുന്നു.

ലോകത്തിലെ കഷ്ടപ്പാടുകളും വേദനകളും നീക്കുന്നതിനായി നിരന്തരം പിതാവിന്റെ പക്കൽ മദ്ധ്യസ്ഥപ്രാർത്ഥന നടത്തുന്നവരും, ഭൗതീകാവശ്യങ്ങൾക്കായി വിഷമിക്കുന്നവരുടെ ഇടയിൽ ജീവകാരുണ്യ പ്രവർത്തനങ്ങളിൽ ഏർപ്പെട്ടിരിക്കുന്ന മദർ തെരേസായെപ്പോലെയുള്ള അനേകരും, ആദ്ധ്യാത്മികാന്ധതയിൽ കഴിയുന്നവരോട് പ്രകാശത്തിന്റെ സുവിശേഷം പ്രഘോഷിക്കുന്നവരും......... എല്ലാം ദൈവരാജ്യത്തിന്റെആശ്വാസം വ്യാപകമാക്കുന്നതിനും ത്വരിതപ്പെടുത്തുന്നതിനും ശ്രമിക്കുകയാണ്.

നിഷ്ക്രിയമായിരിക്കുന്ന നിരാശയുടെ പരിദേവനമല്ല, പ്രവർത്തനനിരതമായ പ്രത്യാശയുടെ കരച്ചിലാണ് ഈ ആശ്വാസം കൈവരുത്തുക.

## യേശുവിന്റെ മാതൃക

മനുഷ്യമക്കളുടെ അടിമത്തവും വേദനയും കണ്ട ക്രിസ്തു കരഞ്ഞു. ആ കരച്ചിൽ ക്രിയാത്കമായിരുന്നു. സ്വാതന്ത്ര്യവും ജീവനും ആശ്വാസവും പകരുന്നതായിരുന്നു. ഈ ലോകത്തിലെ വേദനയെ മുഴുവൻതന്നിലേയ്ക്കു സ്വീകരിച്ചുകൊണ്ട് പരമമായ വേദനയാൽ വാവിട്ടുകരഞ്ഞ്, കാൽവരിയിലെ കുരിശിൽ ജീവൻ വെടിയുന്ന ആ ബലിയർപ്പണത്തിലൂടെയാണ് ലോകത്തിനുമുഴുവൻ പ്രത്യാശനൽകുന്ന

malankaralibrary.com

ആശ്വാസപ്രദനെ തന്നിൽ വിശ്വസിക്കുന്നവർക്കായി ക്രിസ്തു പ്രദാനം ചെയ്തത്.

ലോകത്തിന്റെ പാപം മുഴുവൻ തന്നിൽ വഹിച്ച് തന്നോടുകൂടെ അവയെ കുരിശിൽ തറച്ച് നമ്മെ മോചിപ്പിച്ച ക്രിസ്തുവിനെപ്പോലെ, ലോകത്തിന്റെ ദുഷ്ടത ആവുന്നത്ര നമ്മിലേയ്ക്ക് ആഗിരണം ചെയ്ത്, സ്നേഹത്തിന്റെ ബലിവേദിയിൽ ക്രൂശിച്ച്, ദുഷ്ടതയെ നശിപ്പിക്കുവാൻ അവിടുത്തെ അനുയായികളായ നമ്മെയും ക്രിസ്തുനാഥൻ വിളിക്കുന്നു. സഹനദാസനായ യേശുവിനെപ്പോലെ ലോകത്തിന്റെ പാപങ്ങളും രോഗങ്ങളും വേദനയും നമ്മിലേയ്ക്കു സ്വീകരിച്ചുകൊണ്ട് യേശുവിന്റെ കുരിശിനോടുചേർത്ത് രക്ഷാകരമാക്കുവാൻ ക്രിസ്തു നമ്മോടാവശ്യപ്പെടുന്നു.

ക്രിസ്തുവിനോടുചേർന്ന് അവിടുത്തെ അനുഗമിക്കുന്ന ശിഷ്യരെല്ലാവരും ആശ്വാസത്തിൽ ദൈവത്തിന്റെ അവകാശികളും, സഹനത്തിൽ ക്രിസ്തുവിന്റെ കൂട്ടവകാശികളുമാണ്.

ക്രിസ്തുശിഷ്യരുടെ കരച്ചിലും ആശ്വാസവും ഒന്ന് ഒന്നിന്റെ ഫലമായി, പ്രതിസമ്മാനമായി, ലഭിക്കുന്നതല്ല; മറിച്ച് ഒപ്പം അനുഭവവേദ്യമാകുന്ന, സാമാന്യബുദ്ധിക്കു ഗ്രഹിക്കാനാവാത്ത, വിരോധാഭാസമാണ്. ഈ അനുഭവം സ്വന്തമാക്കിയ വിശുദ്ധർ ഉദ്ഘോഷിച്ചു; ''ഒന്നുകിൽ സഹനം, അല്ലെങ്കിൽ മരണം'' എന്ന്. സഹനമില്ലാത്ത ജീവിതത്തിന് അർത്ഥമില്ലെന്ന് അവർ മനസിലാക്കി.

malankaralibrary.com

## സഹനത്തിൻെറ രഹസ്യം

വേദനയ്ക്കൊരുത്തരവും സഹനത്തിൻെറ അർത്ഥവും തേടുന്ന മനുഷ്യൻെറ അന്വേഷണത്തിൻെറ ചരിത്രത്തിന് മനുഷ്യവംശത്തോളംതന്നെ പഴക്കമുണ്ട്. ഈ വലിയ പ്രശ്നത്തിന് സ്വീകാര്യമായ ഒരുത്തരമോ, പ്രതിവിധിയോ, വിശദീകരണമോ നല്കാൻ ലോകത്തിന് ഇന്നുവരെ കഴിഞ്ഞിട്ടില്ല.

മനുഷ്യൻെറ വേദനയുടെ മുഴുവൻ അടിസ്ഥാന കാരണമായ പാപം തൻെറമേൽ വഹിച്ചു കുരിശിലേറിയ രക്ഷകനോടൊപ്പം, അവിടുത്തോടു താദാത്മ്യപ്പെട്ടുകൊണ്ട്, സ്വർഗപിതാവിൻെറ പക്കൽ നിലവിളിക്കുന്ന ക്രിസ്തുശിഷ്യരാണ് ദൈവരാജ്യത്തിൻെറ സമാധാനം ഇവിടെ കൈവരുത്തുന്ന ഭാഗ്യവാൻമാർ.

''കദന ഭാരംകൊണ്ടു ഹൃദയം നുറുങ്ങിയവരെ വച്ചുകെട്ടി സുഖപ്പെടുത്തുവാൻ ആഗതനായ'' (ഇസ. 61:1) ക്രൂശിതനിൽ വിശ്വസിക്കുക വഴിയാണ് ഇതു സാധിക്കുക. 'യേശുവിൽ വിശ്വസിക്കുക' എന്നാൽ യേശുവിനെ പൂർണ്ണമായി അനുസരിക്കുക ആണെന്ന് നമുക്ക് ഓർക്കാം. ക്രൂശിതൻെറ കൂട്ടവകാശികളായി സഹോദരരുടെ വേദനയെ ഇല്ലാതാക്കാനുള്ള പരിശ്രമത്തിൽ സഹനത്തെ നാമും ആശ്ലേഷിക്കേണ്ടി വരുന്നു. വേദനയുടെ രക്ഷാകര മൂല്യം മനസിലാക്കുന്ന ക്രിസ്തുശിഷ്യൻ അവൻ സഹിക്കുന്ന വേദനയിൽത്തന്നെ സന്തോഷവും ആശ്വാസവും കണ്ടെത്തുന്നതോടൊപ്പം മററുള്ളവരുടെ വേദനയെ ലഘുവാക്കാനും അവനു കഴിയുന്നു!

malankaralibrary.com

ഭൗതിക വസ്തുക്കളുടെ പൊള്ളത്തരം മനസിലാക്കുന്നവർക്ക് ഈ മിഥ്യയുടെ പിന്നാലെ പരക്കം പായുന്ന മനുഷ്യൻെറ വിഡ്ഢിത്തരത്തിൽ വിലപിക്കാതിരിക്കാനാവില്ല. ഇത്തരക്കാരെ സത്യത്തിൻെറ വെളിച്ചത്തിലേക്കാനയിക്കാൻ ക്രിസ്തുശിഷ്യൻ പരിശ്രമിക്കുന്നു.

തങ്ങളുടെ ഇല്ലായ്മയെപ്പററിയുള്ള ആഴമേറിയ അവബോധത്തോടെ നിരന്തരം ദൈവത്തിൽ ആശ്രയിക്കുകവഴി വലിയ ആശ്വാസം ഇവർ അനുഭവിക്കുന്നു.

ദൈവിക പൂർണ്ണതയിൽ കുറഞ്ഞ ഒന്നിനും ഇവരെ തൃപ്തിപ്പെടുത്താനാവില്ല. കാട്ടരുവി തേടുന്ന മാൻപേടയെപ്പോലെ ദൈവത്തെ തേടുന്നവരാണിവർ.

സഹനത്തിൽ നിന്ന് ഓടിയൊളിക്കാതെ അവയെ പരിഹരിക്കാനും രക്ഷാകരമാക്കാനും ഇവർ നിരന്തരം പരിശ്രമിക്കുന്നു – സ്വന്തം കഴിവിലല്ല, ദൈവത്തിലാശ്രയിച്ച്.

ജയിച്ചടക്കിയ കലഹം സമാധാനത്തിലേയ്ക്കെത്തിക്കുന്നതുപോലെ,
കീഴ്പ്പെടുത്തപ്പെട്ട ഭീരുത്വം ധീരതയാകുന്നവണ്ണം,
കഠിനാദ്ധ്വാനം വിശ്രമത്തിനുകളമൊരുക്കുന്ന വിധം,
കരച്ചിൽ ആശ്വാസത്തിലേയ്ക്കു നയിയ്ക്കുന്നു.

വേദനയെ ക്രിയാത്മകമായി സ്വീകരിക്കുന്നതിലൂടെ, തിൻമയെ നൻമകൊണ്ടു നേരിടുകവഴി ദൈവരാജ്യത്തിൻെറ ആശ്വാസം കൈവരുന്നു. സഹനത്തെ പല വിധത്തിൽ നമുക്കഭിമുഖീകരിക്കാം.

malankaralibrary.com

ശപിച്ചുകൊണ്ട് — നിരാശയോടെ
നിസ്സംഗതാ ഭാവത്തിൽ,
പരാതിപ്പെട്ടുകൊണ്ട്,
ഗതിയില്ലാത്തതിനാൽ അതിനു വഴങ്ങിക്കൊണ്ട്,
ക്രിസ്തുവിൻെറ സഹനത്തിൽ പങ്കുകാരായതിൽ
ആഹ്ലാദിച്ചു തുള്ളിച്ചാടിക്കൊണ്ട്

(ഇതിൽ ഏതുരീതിയാണ് എൻേറതെന്നു പരിശോധിക്കാം)

എത്ര ആഴമായി, ആത്മാർത്ഥതയോടെ കരയാനാവുന്നുവോ, അത്ര അധികമായ ആശ്വാസത്തിനുടമയാകാം.

ക്രിസ്തുവിനോടൊപ്പം സ്വീകരിക്കുന്ന വേദനയുടെ ആഴമത്ര ആശ്വാസത്തിൻെറ പാരമ്യം നിർണ്ണയിക്കുക!

malankaralibrary.com

# നാല്

# ശാന്തശീലർ ഭൂമി കൈവശമാക്കും

''ശാന്തശീലർ ഭാഗ്യവാൻമാർ, അവർ ഭൂമി അവകാശമാക്കും'' അങ്ങേ അററം പ്രകോപനാത്മകമായ അവസരത്തിൽ സമചിത്തനായിരിക്കുക എന്നതത്രേ ശാന്തശീലം.

ശാന്തശീലം ബലഹീനതയുടെയോ ഭീരുത്വത്തിന്റെയോ ലക്ഷണമല്ല. വളരെ വലിയ ധാർമ്മികശക്തിയും ആദ്ധ്യാത്മിക വളർച്ചയും ഉള്ള ഒരാൾക്കു മാത്രമേ ഏററം പ്രകോപനാത്മകമായ സാഹചര്യത്തിൽ സമചിത്തത കൈവെടിയാതിരിക്കാനാവൂ. ഏറെ ആഴമുള്ള കയത്തിലാണല്ലോ ജലം നിശ്ചലമായിരിക്കുക.

**യേശുവിന്റെ ജീവിതത്തിൽ**

വചനം മാംസമായ യേശു വരച്ചുകാട്ടുന്ന ശിഷ്യന്റെ ചിത്രം സ്വന്തം വ്യക്തിത്വത്തിന്റെ തന്നെ ഒരു ചിത്രീകരണമത്രേ. ന്യായാധിപസംഘത്തിന്റെയും പീലാത്തോസിന്റെയും മുമ്പിൽ മൗനിയായി നില്

malankaralibrary.com

ക്കുന്ന ക്രിസ്തുവിൽ നാം ഒരു ശിഷ്യനെ കാണുന്നു. ഏററം പ്രകോപനാത്മകമായ ആ സാഹചര്യത്തിൽ ഒന്നും മിണ്ടാതെ നിന്ന ക്രിസ്തു ന്യായാധിപൻമാരെയെല്ലാം അതിശയിപ്പിച്ചു. (മത്താ. 27:14. മർക്കോ. 15:5) പീലാത്തോസ് ചോദിച്ചു: ''നീ എന്നോടു സംസാരിക്കുകയില്ലേ? നിന്നെ സ്വതന്ത്രനാക്കാനും ക്രൂശിക്കാനും എനിക്കധികാരമുണ്ടെന്ന് അറിഞ്ഞുകൂടെ?'' യേശു പ്രതിവചിച്ചു: ''ഉന്നതത്തിൽ നിന്നു നല്കപ്പെട്ടിരുന്നില്ലായെങ്കിൽ എൻെറമേൽ ഒരധികാരവും നിനക്കുണ്ടാകുമായിരുന്നില്ല'' (യോഹ. 19:10–11).

## വിശദീകരണങ്ങളിലേയ്ക്ക്

സകലവും എൻെറ പിതാവിൻെറ നിയന്ത്രണത്തിലാണ്, അറിയാതെയും അനുവദിക്കാതെയും യാതൊന്നും എനിക്കു സംഭവിക്കില്ല, എനിക്കു ദോഷകരമായ ഒന്നും എൻെറ പിതാവ് ഒരിക്കലും അനുവദിക്കില്ല, എന്ന ബോദ്ധ്യം;

എനിക്കു മനസ്സിലാകുന്നതിനപ്പുറത്തുള്ള വലിയൊരു നൻമ എൻെറ പിതാവിൻെറ പദ്ധതിയിലുണ്ട് എന്ന അംഗീകാരം;

നിൻെറയും കൂടി രക്ഷയ്ക്കായി ഞാനിതു സഹിക്കുന്നു, ഞാൻ നിന്നെ സ്നേഹിക്കുന്നു. എല്ലാം ക്ഷമിക്കുന്നു എന്ന സുവാർത്ത ഇതെല്ലാമാണ് ആ വലിയ ശാന്തത ഉദ്ഘോഷിച്ചത്.

malankaralibrary.com

ഈ അസാമാന്യശാന്തതകണ്ട — ഏററം ഹീനവും ക്രൂരവും ആക്ഷേപകരവുമായ കുരിശുമരണത്തെ ക്രിസ്തു അഭിമുഖീകരിച്ചവിധം നോക്കിനിന്ന — വിജാതിയനായ ശതാധിപൻ വിളിച്ചുപറഞ്ഞു: ''ഇവൻ സത്യമായും ദൈവപുത്രനാകുന്നു'' (മർക്കോ 15:39) എന്ന്.

ദൈവമക്കളുടെ വെളിപ്പെടുത്തലിനെ ആകാംക്ഷയോടെ നോക്കിനില്ക്കുന്ന സൃഷ്ടപ്രപഞ്ചത്തിന് ഈ ശാന്തശീലത്തിന്റെ സാക്ഷ്യമാണ് ക്രിസ്തു ശിഷ്യർ ഇന്നു നല്കേണ്ടത്.

പ്രകോപനത്തെ പല രീതിയിൽ നേരിടാം.

ദുഷ്ടതയുടെ മുമ്പിൽ ഭീരു ഒഴിഞ്ഞുമാറുന്നു, ഓടിയൊളിക്കുന്നു. ഫലം ദുഷ്ടത അതേപടി നില നില്ക്കുന്നു.

കായിക ശക്തിയുള്ളവൻ തിൻമയെ തിൻമ കൊണ്ടെതിർക്കുന്നു. ഇരുവരുടേയും ദുഷ്ടത ചേരു മ്പോഠം തിൻമ ഇരട്ടിക്കുന്നു.

വലിയ ധാർമ്മികശക്തിക്കുടമയായ ശാന്തശീലൻ തിൻമയെ നൻമകൊണ്ടെതിർക്കുന്നു. തിൻമ ഇല്ലാതാ കുന്നു. തിൻമയുടെ മേൽ നൻമ ജയം നേടുന്നു.

ഈ ഏററുമുട്ടലിൽ ശാന്തശീലൻ മരണമടഞ്ഞെന്നും വരാം. അതാണ് കാൽവരിയിലെ കുരിശിൽ സംഭവി ച്ചത്. എങ്കിലും നൻമ ഉയിർത്തെഴുന്നേൽക്കുന്നു. തിൻമയെ തന്നിലേയ്ക്ക് ആഗിരണം ചെയ്ത് പകരം നൻമ അവശേഷിപ്പിച്ചുകൊണ്ട് തിൻമയുടെമേൽ വിജ യക്കൊടി പറത്തുന്നു ശാന്തശീലൻ.

malankaralibrary.com

## ശാന്തശീലരുടെ പ്രത്യേകതകൾ

ശാന്തശീലരുടെ പ്രതികരണം എപ്പോഴും സ്നേഹപൂർവ്വകമായിരിക്കും; ഒരിക്കലും പകരം വീട്ടലാവില്ല; സ്വന്തം വികാരമോ മററുള്ളവരുടെ പെരുമാററമോ ആയിരിക്കില്ല അവരെ നയിക്കുകയും ഭരിക്കുകയും ചെയ്യുക. അന്തരാത്മാവിൽ നിന്നുള്ള ദൈവസ്വരത്തിന്റെ പ്രചോദനമാണ് അവർ അനുസരിക്കുക. എല്ലാവരിലും ദൈവമക്കളെ ദർശിക്കാൻ അവർക്കു കഴിയുന്നു. 'സകലവും നൻമയ്ക്കായി പരിണമിപ്പിക്കുന്ന' (റോമ 8 : 28) ദൈവതൃക്കരങ്ങളിലൂടെ വരുന്നതായ എല്ലാററിനേയും അവർ സ്വീകരിക്കുന്നു. എല്ലാകാര്യങ്ങളിലും നന്ദി പ്രകാശിപ്പിച്ച്, ദൈവത്തെ സ്തുതിച്ചുകൊണ്ട് സ്നേഹത്തോടെ എപ്പോഴും അവർ പ്രതികരിക്കുന്നു.

വിനയവും സൗമ്യതയും ഹൃദ്യതയും സൗഹൃദവും ശാന്തശീലരുടെ പ്രത്യേകതയാണ്. അവർ എപ്പോഴും മററുള്ളവരുടെ വികാരങ്ങളെ മാനിക്കും. ഒരിക്കലും ആരെയും മുറിപ്പെടുത്താതിരിക്കാൻ ശ്രദ്ധിക്കും. ''മററുള്ളവരെയെല്ലാം തങ്ങളെക്കാൾ ശ്രേഷ്ഠരായിക്കരുതും'' (ഫിലി. 2:3) അവർക്കു സേവനം ചെയ്യുവാൻ സദാ അവർ സന്നദ്ധരായിരിക്കും.

## പ്രായോഗിക തലത്തിൽ

സ്വന്തം പാപാവസ്ഥയേയും ബലഹീനതയേയും പരിമിതിയേയും പററി ആഴമേറിയ അവബോധമുള്ളവർക്കേ മററുള്ളവരുടെ പോരായ്മകളുടെ നേരെ സഹിഷ്ണുത കാട്ടാനും അവയെ സഹതാപത്തോടെ

malankaralibrary.com

വീക്ഷിക്കാനും കഴിയൂ. അന്യരുടെ തെററുകളേയും വീഴ്ചകളേയും അംഗീകരിക്കുക എന്ന് ഇതിനർത്ഥമില്ല. അവരെ കുററം പറയുകയും വിധിക്കുകയും ചെയ്യാതെ അതിൽനിന്നു കരകയറാൻ സ്നേഹപൂർവ്വം എളിമയോടെ സഹായിക്കയാണിവർ ചെയ്യുക. ഒരുവൻെറ ആദ്ധ്യാത്മിക പക്വതയുടെതെളിവാണ് മററുള്ളവരുടെ വീഴ്ചകളെ സഹതാപത്തോടെ പരിഗണിക്കാനുള്ള കഴിവ്. ഒന്നിനെക്കുറിച്ചും ഇവർക്കു പരാതിയില്ല, ഉള്ളതിൽ സംതൃപ്തരാണ്. ഭൂമിമുഴുവൻ സ്വന്തമായിരുന്നാലെന്നവിധം സന്തോഷത്തോടും സംതൃപ്തിയോടുംകൂടെ ഇവർ ജീവിക്കുന്നു. കാരണം ഒന്നും നഷ്ടപ്പെടുമെന്ന ഭയമോ കൂടുതൽ കിട്ടണമെന്ന അത്യാഗ്രഹമോ ഇവർക്കില്ല; ഒന്നും നഷ്ടപ്പെടാനും കിട്ടാനുമില്ലാത്തവന് സകലവും സ്വന്തമാണല്ലോ! എല്ലാവരും ഇവർക്കു സ്നേഹിതരത്രെ.

### ദൈവകാരുണ്യം ശാന്തതയ്ക്കു നിദാനം

ഈ ലോകത്തിൽ ഞാൻ അർഹിക്കുന്നതായും എൻെറ അവകാശമായും യാതൊന്നുമില്ല. സകലവും ദൈവത്തിൻെറ ദാനമാണ്. എൻെറ ജീവൻ തന്നെ ദൈവത്തിൻെറ ദാനമായിരിക്കെ മററുള്ളവയെപ്പററി പറയേണ്ടതില്ലല്ലോ,

ഞാൻ അർഹിക്കുന്നതിലപ്പുറമുള്ള യാതൊരു തിന്മയും ഈ ലോകത്തിൽ എനിക്കു സംഭവിക്കാനാവില്ല, ദുരന്തങ്ങൾ — രോഗങ്ങൾ, മററുള്ളവരുടെ ദുഷ്ടത തുടങ്ങി എന്തുകാരണത്താലായാലും. കാരണം പാപംമൂലം നിത്യനാശത്തിനവകാശിയായിരുന്ന ഞാൻ

malankaralibrary.com

യേശുക്രിസ്തുവിലൂടെയുള്ള ദൈവത്തിൻെറ അനന്ത കാരുണ്യത്താൽ രക്ഷിക്കപ്പെട്ടിരിക്കെ മററു സഹന ങ്ങളെല്ലാം നിസ്സാരമായിത്തീരുന്നു. ഈ ആത്മാവ ബോധമാണ് ഒരുവനെ ശാന്തശീലനാക്കുക.

താൻ അർഹിക്കുന്ന മരണശിക്ഷ നല്കാതെ ചെറിയൊരു ശിക്ഷമാത്രം നല്കിയപ്പോാം ആ ശി ക്ഷയെപ്പററി കോപിഷ്ടനാകുന്ന കുററവാളിയെ പ്പോലെയാണ് ചെറിയ സഹനങ്ങളാൽ പ്രകോപിത രാകുന്ന ക്രൈസ്തവർ. ആത്മജ്ഞാനത്തിൻെറയും ദൈവത്തിൻെറ കരുണയെപ്പററിയുള്ള അറിവിൻെറയും അഭാവമാണ് ഒരുവനെ അക്ഷമനും കോപിഷ്ടനും അസംതൃപ്തനും ആക്കുക. കരുണയില്ലാത്ത സേവക ൻെറ ഉപമ (മത്താ, 18:23_35) ഈ വലിയ സത്യത്തെ മനോഹരമായി വിശദമാക്കുന്നതാണ്. നാം ദൈവ ത്തോടു ചെയ്യുന്ന തെററിനോടു തുലനം ചെയ്യുമ്പോാം മനുഷ്യർ നമ്മോടു ചെയ്യുന്ന തെററെല്ലാംകൂടെ കൂട്ടി യാലും തുലോം തുഛമത്രേ. 'ഞാൻ എന്തായിരിക്കു ന്നുവോ അത്ദൈവത്തിൻെറ കരുണയാലാണ്''. എന്ന് ഏററുപറഞ്ഞുകൊണ്ട് മററുള്ളവർക്ക് ദാസ്യവേല ചെയ്യുന്നതിനും, 'സഹോദരർക്കുവേണ്ടി ജീവൻ പരി ത്യജിക്കുന്നതിനും (1 യോഹ. 3;16) ക്രിസ്തുവിൻെറ സ്നേഹവും കരുണയും നമ്മെ കടപ്പെടുത്തുന്നു.

### ശാന്തതയുടെ ഉറവിടം

മൃഗീയ ശക്തിയോ, കായികബലമോ. ശത്രുത യോ, രോഷമോ വൈരാഗ്യമോ, അല്ല, ആഴമേറിയ ധാർമ്മികത അത്രേ ശാന്തതയുടെ ഉറവിടം.

malankaralibrary.com

നിസ്സംഗതയോടെ എതിർക്കാതിരിക്കുന്നതോ ഭീരുത്വംമൂലം കീഴടങ്ങുന്നതോ അല്ല ശാന്തത, മറിച്ച് അക്രമിയുടെ അജ്ഞത മനസിലാക്കി, ക്രിസ്തീയസ്നേഹത്തിൽ നിന്നും അയാളെ മാനസാന്തരപ്പെടുത്തുന്നതിനുള്ള പ്രതിബദ്ധതയിൽ നിന്നും ഉയിർകൊള്ളുന്ന ക്രിസ്തീയ സ്നേഹത്തിൻെറ ശക്തിയാണ് ക്രിസ്തുശിഷ്യൻെറ മുഖമുദ്രയായ ശാന്തത.

സ്വയം കീഴ്പ്പെടുത്തിയ — വികാരങ്ങാം നിയന്ത്രണ വിധേയരാക്കിയ – വിജിഗീഷുവിനേ ഈ ധീരമായ നിലപാടു സാധിക്കൂ. രാജ്യങ്ങളെ ആക്രമിച്ചു കീഴടക്കുന്നതിനേക്കാം എത്രയോ വിഷമമേറിയ കാര്യമാണ് സ്വയം നിയന്ത്രണ വിധേയമാക്കുക!

## ശാന്തതയിലെ ധീരത

വരുംവരായ്കകളെപ്പററി ആകുലപ്പെടാതെ, ബോദ്ധ്യത്തിൽ അധിഷ്ഠിതമായി മുന്നേറുവാൻ ശാന്തശീലർക്കേ സാധിക്കൂ. ദേവാലയ ശുദ്ധീകരണ രംഗത്ത് നാം കാണുന്ന ക്രിസ്തു വികാരോജ്വലനായ വിപ്ലവകാരിയല്ല, ശാന്തശീലനായ ദൈവരാജ്യസ്ഥാപകനാണ്. തന്നെ അയച്ചവനേയും തൻെറ ദൗത്യത്തെയുംപററി ആഴമായ ബോദ്ധ്യമുള്ളവനേ ഏതു പ്രതിസന്ധിയിലും ശാന്തത കൈവിടാതിരിക്കാനാവൂ.

ദൈവ സ്നേഹത്താലും സഹോദര സ്നേഹത്താലും പ്രചോദിതരാകുന്നവർ അനീതിയുടേയും അഴിമതിയുടേയും മുമ്പിൽ ചാട്ടവാറെടുക്കാൻ മടിക്കില്ല.

malankaralibrary.com

സ്നേഹത്തിനുവേണ്ടി മുറിവേല്ക്കാനും ശാസിക്കാനും തയ്യാറാകുന്ന ധാർമ്മികതയാണത്. യഥാർത്ഥ സ്നേഹം സ്നേഹിക്കുന്നവരെ അവരുടെതന്നെ നൻമയ്ക്കായി തിരുത്താനും മടികാണിക്കില്ലല്ലോ.

'സ്നേഹത്തിൽ സത്യം സംസാരിച്ച് ശിരസായ ക്രിസ്തുവിന്റെ പക്വതയിലേക്ക് വളരുന്നതിൽ നിന്നു നമ്മെ തടഞ്ഞുനിർത്തുന്ന തെററായ രീതിയിലുള്ള ദയ – തെററിനെ അംഗീകരിച്ച് തെററിനുനേരെ കണ്ണടയ്ക്കുന്ന കാരുണ്യം – ഏററം വലിയ ദുഷ്ടതയും ക്രൂരതയുമാണ്. അത് സ്നേഹരാഹിത്യമാണ്.

## ശാന്തശീലനായ യേശു

'ശാന്തശീലനും വിനീതഹൃദയനുമായ ഈശോ' "ദൈവത്തിന്റെ കുഞ്ഞാട്" മാത്രമല്ല, "യൂദായുടെ സിംഹ"വുമാണ്. മൗനമായി സഹിക്കുന്നവൻ മാത്രമല്ല, ധീരതയോടെ സംസാരിക്കുന്നവനും എതിർക്കുന്നവനും കൂടിയാണ്. സമയമായപ്പോഴും പരാതിപ്പെടാതെ, എതിരിടാതെ കൊലക്കളത്തിലേയ്ക്ക് ആനയിക്കപ്പെടുക മാത്രമല്ല, ജീവിതത്തിലുടനീളം കാപട്യത്തേയും അനീതിയെയും ചോദ്യം ചെയ്യുകയും ആക്രമിക്കുകയും ചെയ്തവനാണ് അവിടുന്ന് (മത്താ. 23) വികാരത്താൽ ആവേശം കൊള്ളാതെ, തന്റെ വികാരങ്ങളുടെമേൽ പൂർണ്ണനിയന്ത്രണത്തോടെ തന്നെത്തന്നെ മുഴുവനായി ദൈവഹിതത്തിനു കീഴ്പ്പെടുത്തിയവനു മാത്രമേ 'സിംഹ'ത്തിന്റെ ഭാഗം അഭിനയിക്കാനവകാശമുള്ളൂ. വിപ്ലവവും, വിമോചന

malankaralibrary.com

വും പ്രസംഗിച്ചുകൊണ്ട്, അനീതിക്കെതിരെ പട വാളുയർത്തുന്ന ഇന്നത്തെ 'ലോകരക്ഷകർ' ഇക്കാര്യം മറക്കാതിരിക്കട്ടെ.

മുറിപ്പെട്ട വികാരങ്ങളിൽനിന്ന് ഉയിർകൊള്ളുന്ന ശക്തി മൃഗീയമാണ്. സ്നേഹത്തിൽനിന്നുദിക്കുന്ന ശക്തിയേ യഥാർത്ഥ ബലമാവൂ. പ്രവർത്തനത്തിനും നേട്ടത്തിനുമുള്ള ഏററം വലിയ ശക്തി ശാന്തശീലർക്കുണ്ട്.

## ദാരിദ്ര്യാരൂപിയും ശാന്തശീലവും

ഞാനൊന്നുമല്ല, എനിക്കൊന്നുമില്ല, എല്ലാവരും എൻെറ സഹോദരർ, ദൈവം എൻെറ പിതാവ്, ദുഷ്ടന് എന്നോട് ഒന്നുംചെയ്യാനാവില്ലഎന്ന ബോദ്ധ്യവും അനുഭവവും ഉള്ളവരാണ് ശാന്തശീലരും ആത്മാവിൽ ദരിദ്രരുമായവർ. സ്വന്തമാക്കണം, സ്വന്തമായതു നഷ്ടപ്പെടരുത് എന്ന ആശയാണ് കോപത്തിൻെറയും അക്രമാസക്തിയുടെയും അടിയിലുള്ളത്. ഒന്നും സ്വന്തമാക്കാനാഗ്രഹിക്കാതെ, ദൈവത്തിനും സഹോദരർക്കും വേണ്ടി എന്തും ത്യജിക്കാൻ തയ്യാറുള്ളവന് എപ്പോഴും ശാന്തശീലനായിരിക്കാനാവും. തൻെറ സമ്പത്തിനോ, സ്ഥാനമാനങ്ങൾക്കോ, സ്വാധീനത്തിനോ, സുഖസൗകര്യങ്ങൾക്കോ ഭീഷണി വരുന്നിടത്താണ് ഒരുവൻ ശാന്തത വെടിയുക. 'എനിക്കു ജീവിക്കുക ക്രിസ്തുവാകുന്നു, മരിക്കുന്നതു നേട്ടവും, (ഫിലി. 1:21) എന്ന മനോഭാവത്തോടെ ദൈവരാജ്യത്തിനുവേണ്ടി പ്രവർത്തിക്കുമ്പോൾ എന്തു നഷ്ടപ്പെട്ടാലും ഞാ

malankaralibrary.com

നിത്യയും സ്വതന്ത്രനായി എന്നു കരുതുന്നവർ സദാ ശാന്തശീലരായിരിക്കും. എല്ലാററിൻെറയും ഉടയവനായ ദൈവമൊഴികെ മററൊന്നും എനിക്ക് അനിവാര്യമല്ല എന്നുവരുമ്പോഠം ലോകത്തിൽ യാതൊന്നിനും എന്നെ പ്രകോപിപ്പിക്കാനാവില്ല. ഭൂമി മുഴുവൻെറയും ഉടമയായിത്തീരുന്ന ഈ സമ്പന്നതയിലേയ്ക്കാണ് ശാന്തശീലർ ഉയരുക.

**ഉടമയോ അടിമയോ?**

സാമാന്യഗതിയിൽ ഭൂമിയുടേയും സമ്പത്തുക്കളുടേയും ഉടമകളെന്നു നാം കരുതുന്നവരൊക്കെത്തന്നെ അതു നഷ്ടപ്പെടുമോ എന്ന ഭയത്തിൽ കഴിയുന്നവരാണ്. നഷ്ടപ്പെടാതിരിക്കാൻ വ്യഗ്രതയോടെ പരിശ്രമിക്കുന്നവരാണ്. നഷ്ടപ്പെടാനാവാത്തവിധം അവയൊന്നും സ്വന്തമായിട്ടില്ല എന്നുസാരം. നഷ്ടഹൃദയത്തിൽ കഴിയുന്നവന് ശാന്തശീലനായിരിക്കുക സാദ്ധ്യമല്ല തന്നെ.

ദൈവം പിതാവെന്നും ദൈവമക്കളെല്ലാം സഹോദരരെന്നുംഉള്ള ആഴമായ അനുഭവമുള്ളവനാണ് ഉടയവനോടുകൂടി സകലതിനും അവകാശികളാതിരിക്കുക (റോമ 8:17) സ്വന്തം വസ്തുക്കഠം പിടിച്ചുപറിയ്ക്കപ്പെട്ടാലും തൻെറ സഹോദരങ്ങളുമായി നിർബന്ധപൂർവ്വം അവ പങ്കുവയ്ക്കുന്നു എന്നേ അവനു തോന്നുകയുള്ളു. അവന് അവ തിരികെ ചോദിക്കേണ്ട ആവശ്യമോ കോടതിയിൽ പോകേണ്ട കാര്യമോ ഉണ്ടാവില്ല, മേലങ്കി എടുക്കുന്നവന് പുറം കുപ്പായംകൂടി വിട്ടുകൊടുക്കാൻ അവൻ സന്നദ്ധനായിരിക്കും. സ്വന്തമായി പിടിച്ചു വയ്ക്കേണ്ടതായി അവനൊന്നുമില്ല,

malankaralibrary.com

ശാന്തശീലത്തിന്റെ പ്രകടനമാണ് മധുരശീലം. അത് ഏവരേയും സ്നേഹിതരാക്കുന്നു. സകലരും തന്റെ സ്നേഹിതരായിക്കഴിയുമ്പോാം സകലവും ഒരുവൻ നേടിക്കഴിഞ്ഞു, തന്റെ മേൽ പൂർണ്ണനിയന്ത്രണത്തോടെ ദൈവത്തേയും സഹോദരരേയും സ്വന്തമാക്കിയവൻ ഭൂമി മുഴുവന്റെയും ഉടമയാണല്ലോ. അലഞ്ഞുനടന്ന ഇസ്രായേൽ ജനത്തിന് വാഗ്ദത്തഭൂമി ഏററം വലിയ നൻമയുടെ പ്രതീകമായിരുന്നു. ദൈവജനത്തിന് ഏററം വലിയ നൻമ ദൈവരാജ്യമാണല്ലോ. ഭൂമിഅവകാശമാക്കും എന്നതിനർത്ഥം ദൈവരാജ്യത്തിനവകാശികളാകുമെന്നുതന്നെ.

എളിമയോടെ, ക്ഷമയോടെ, എല്ലാം ദൈവമയച്ചതാണെന്നുപറഞ്ഞ് ദീർഘശാന്തതയോടെ കാത്തിരുന്നാൽ മാത്രം പോരാ ദൈവമക്കാം. മറിച്ച്, നിരന്തരം ദുഷ്ടനോടും ദുഷ്ടന്റെ അണികളോടും ശാന്തതയോടെ, ധീരമായി പടപൊരുതുകതന്നെവേണം. 'ശാന്തശീലം' നിഷ്ക്രിയത്വത്തിന്റെ പര്യായമല്ല, സ്വയം ജയിച്ചടക്കിയ നിർഭയമായ കർമ്മധീരതയുടെ മുഖമുദ്രയാണത്.

ശാന്തശീലനായ യേശുവിന്റെ ചിത്രം പ്രവാചകവചനം ഉദ്ധരിച്ചുകൊണ്ട് പത്രോസ് ശ്ലീഹാ വരച്ചുകാട്ടുന്നു (1 പത്രോ. 2:23).

"നിന്ദിക്കപ്പെട്ടപ്പോാം അവൻ പകരം നിന്ദിച്ചില്ല; സഹിക്കേണ്ടി വന്നപ്പോാം അവൻ ഭീഷണിപ്പെടുത്തിയില്ല; പിന്നെയോ നീതിയോടെ വിധിക്കുന്നവന് തന്നെത്തന്നെ ഭരമേല്പിക്കുകയാണു ചെയ്തത്" (ഏശ. 53:7).

ഇതത്രേ ക്രിസ്തുശിഷ്യന്റെ മുഖമുദ്ര.

malankaralibrary.com

## അഞ്ച്

# നീതിക്കുവേണ്ടി വിശക്കുകയും ദാഹിക്കുകയും ചെയ്യുന്നവർ...

ആദ്യത്തെ മൂന്നു സുവിശേഷ ഭാഗ്യങ്ങളിൽ ഇല്ലായ്മ എന്ന യാഥാർത്ഥ്യത്തോടുള്ള മൂന്നു വ്യത്യസ്ത പ്രതികരണങ്ങളാണ് നാം കാണുക. വ്യത്യസ്ഥമെങ്കിലും അവ പരസ്പര പൂരകങ്ങളാണ്. ദൈവരാജ്യത്തിന്റെ അവകാശികളും ഉടമകളുമായ ക്രിസ്തുശിഷ്യരുടെ വിവിധ മനോഭാവങ്ങളും, പ്രവർത്തനശൈലികളും, പ്രത്യേകതകളുമാണല്ലോ അഷ്ടഭാഗ്യങ്ങൾ വ്യക്തമാക്കുക.

—ആത്മാവിൽ ദരിദ്രർ തങ്ങളുടെ ശൂന്യതയെപ്പററിയുള്ള ആഴമേറിയ അവബോധത്തോടെ സകലത്തിലും കർത്താവിൽ ആശ്രയിക്കേണ്ട തങ്ങളുടെ സ്ഥിതിവിശേഷം അംഗീകരിക്കുന്നു.

—തന്റെയും മുഴുവൻ ലോകത്തിന്റേയും മേലുള്ള തിന്മയുടെ സ്വാധീനത്തെപ്പററി വേദനിക്കുന്നവരാണ് വിലപിക്കുന്നവർ;

—ശാന്തശീലർ സമചിത്തതയോടെ ഈ യാഥാർത്ഥ്യത്തെ നോക്കിക്കാണുന്നു.

malankaralibrary.com

തങ്ങളുടെ യാഥാർത്ഥ്യ സ്ഥിതിയെപ്പററി ആഴമേറിയ അവബോധം അവർക്കു ലഭിച്ചിട്ടുണ്ട്.

ഇല്ലായ്മയുടേയും ബലഹീനതയുടേയും ഈ പടുകുഴിയിൽനിന്ന് കരകയറുന്നതിന് ക്രിയാത്മകമായി പ്രവർത്തിക്കുന്ന ക്രിസ്തുശിഷ്യന്റെ രൂപമാണ് തുടർന്നുള്ള അഞ്ചു സുവിശേഷ ഭാഗ്യങ്ങളിലൂടെ ചിത്രീകരിക്കുക. ഈ ചിത്രം എത്രമാത്രം നാം ഓരോരുത്തരുടേതുമാണ് എന്ന വിചിന്തനത്തോടെ ക്രൈസ്തവ വ്യക്തിത്വത്തിന്റെ വിശദാംശങ്ങളിലേയ്ക്കു നമുക്കു കടക്കാം.

''നീതിക്കുവേണ്ടി വിശക്കുകയും, ദാഹിക്കുകയും ചെയ്യുന്നവർ ഭാഗ്യവാൻമാർ, അവർക്കു സംതൃപ്തി ലഭിക്കും'' (മത്താ. 5:6). ദൈവികനീതിക്കായുള്ള വിശപ്പും ദാഹവും ക്രിസ്ത്യാനിയുടെ മുഖമുദ്രയാകുന്നു.

## ദൈവരാജ്യത്തിന്റെ നീതി

'ക്രിസ്തുവിൽ വിശ്വസിക്കുന്ന ഏവരും രക്ഷ പ്രാപിക്കുന്നതിനായി തന്റെ ഏകജാതനെ നല്കിയ (യോഹ. 3 : 16) ദൈവം അവനെ സ്വീകരിക്കുകയും അവനിൽ വിശ്വസിക്കുകയും ചെയ്യുന്ന സകലരേയും ദൈവമക്കളാക്കിത്തീർക്കുന്ന (യോഹ. 1:12) നിരുപാധികക്ഷമയുടേയും, പുത്രസ്വീകാര്യത്തിന്റേയും നീതിയാണ് ദൈവരാജ്യത്തിന്റെ നീതി. 'കണ്ണിനു കണ്ണ്', പല്ലിനുപല്ല്'' എന്നതിനു പകരം

malankaralibrary.com

'ഒരു ചെകിട്ടത്തടിക്കുന്നവന് മറെറ ചെകിടുകൂടി കാണിച്ചുകൊടുക്കുന്ന' ക്ഷമയുടേയും, ശത്രുസ്നേഹത്തിൻേറയും, കരുണയുടെയും ആയ ദൈവികനീതി സാധാരണ മനുഷ്യന് അപരിചിതമാണല്ലോ.

പതിനൊന്നാം മണിക്കൂറിൽ മുന്തിരിത്തോട്ടത്തിലെ വേലയ്ക്ക് എത്തിയവനും, ദിവസം മുഴുവൻ അദ്ധ്വാനിച്ചവനോടൊപ്പം ഒരു ദെനാറാ നല്കുന്നതാണത്; അനുതപിച്ചെത്തിയ ധൂർത്തപുത്രന് നിരുപാധികമായ ക്ഷമനൽകി സ്വീകരിച്ച് പിതൃസ്വത്തിന് പൂർണ്ണ അവകാശിയാക്കുന്ന നീതി; ജീവിതകാലം മുഴുവൻ കർശനമായ നിയമാനുഷ്ഠാനത്തിലും, തപസിലും, പ്രാർത്ഥനയിലും ചെലവഴിച്ച് തങ്ങളുടെ സൽകൃത്യങ്ങളിൽ അഹങ്കരിച്ച് സ്വയം നീതിമാൻമാരായി കരുതി മററുള്ളവരെ പുഛിക്കുന്ന ഫരിസേയരേക്കാൾ നീതീകരിക്കപ്പെട്ടവരായി പശ്ചാത്തപിക്കുന്ന പാപികളെ ഉയർത്തിക്കാട്ടുന്നതാണത്. തൻെറ പടിക്കൽ കിടന്ന ദരിദ്രനായ ലാസറിനെ പാടെ അവഗണിച്ച് തൻെറ സമൃദ്ധിയിൽ സുഖിച്ചു ജീവിച്ച ധനവാനെ നരകത്തിനു വിധിക്കുന്ന ദൈവിക നീതിക്കുമുമ്പിൽ പലപ്പോഴും ഈ ലോകത്തിലെ 'മുമ്പൻമാർ പിമ്പൻമാരും പിമ്പൻമാർ മുമ്പൻമാരും' ആയിത്തീരും.

നിയമത്തിൻെറ വിലക്കുകളോ (സാബത്തിൽ രോഗശാന്തി), സമുദായത്തിൻെറ ഭ്രഷ്ടോ (രക്തസ്രാവക്കാരിയെ സുഖപ്പെടുത്തിയത്, മരിച്ചവരെ തൊട്ടു ജീവിപ്പിച്ചത്....), പകർച്ചവ്യാധിയോ (കുഷ്ഠരോഗികൾക്കു സൗഖ്യം) ഒന്നും ഗണ്യമാക്കാതെ ദൈവത്തിൻെറ

malankaralibrary.com

നീതി ഈ ലോകത്തിൽ കൊണ്ടുവന്ന ക്രിസ്തു ചുങ്കരുടേയും പാപികളുടേയും സ്നേഹിതനായിരുന്നു.

ദൈവീക നീതി ഈ ലോകത്തിൽ രാജ്യം നഷ്ടപ്പെട്ട് ശക്തരും ചൂഷകരും മർദ്ദകരും ആയവരാൽ പുറം തള്ളപ്പെട്ട പാവങ്ങളുടെ പക്ഷം ചേർന്ന് അവരെ ദൈവരാജ്യത്തിനവകാശികളായി പ്രഖ്യാപിക്കുന്നു. ഈ നീതിയ്ക്കായി വിശക്കുകയും ദാഹിക്കുകയും ചെയ്യുന്ന ക്രിസ്തുശിഷ്യനും നിരന്തരം പാവങ്ങളുടെ പക്ഷം ചേരുന്നവനായിരിക്കും.

ദൈവത്തിൻെറ പിതൃത്വവും മനുഷ്യൻെറ സാഹോദര്യവും അംഗീകരിച്ചുകൊണ്ട്, ക്രിസ്തുവിൽ നാമെല്ലാവരും 'ദൈവത്തിൻെറ അവകാശികളും ക്രിസ്തുവിനോടുകൂടെ കൂട്ടവകാശികളും' ആണെന്ന ബോദ്ധ്യത്തോടും അനുഭവത്തോടുംകൂടെ സകലരും ഒരു കുടുംബത്തിൻെറ കൂട്ടായ്മയിൽ ജീവിക്കുന്ന വ്യവസ്ഥിതി – അതാണ് ഒരു ക്രിസ്ത്യാനി വിശക്കുകയും ദാഹിക്കുകയും ചെയ്യുന്ന നീതി. ഈ നീതി ക്രിസ്തുവിനെ സ്വന്തമാക്കുന്നതിലൂടെ – ക്രിസ്തുവിൻെറ സ്വന്തമാകുന്നതിലൂടെ-യത്രെ യാഥാർത്ഥ്യമാകുക. ക്രിസ്തുവിൽ ജീവിച്ചുകൊണ്ട്, 'എനിക്കുള്ളതെല്ലാം നിൻേറതും, നിനക്കുള്ളതെല്ലാം എൻേറതും' എന്ന് ദൈവത്തോടും സഹോദരങ്ങളോടും ആത്മവിശ്വാസത്തോടും സ്വാതന്ത്ര്യത്തോടും സന്തോഷത്തോടും കൂടെ പറയുവാൻ ഒരു യഥാർത്ഥ ക്രിസ്തുശിഷ്യനു കഴിയും.

malankaralibrary.com

ദൈവീക നീതിയുടെ മൂർത്തഭാവമാണ് ''ദൈവം നമുക്കുനീതിയാക്കിയിരിക്കുന്ന'' ക്രിസ്തു(1കൊറി 1:30) ഇവനിൽ കുററമൊന്നും കാണുന്നില്ല, എന്ന ന്യായാധിപൻെറ പ്രഖ്യാപനത്തെ തുടർന്ന് മരണശിക്ഷക്ക് വിധിക്കപ്പെട്ട ക്രിസ്തു നമ്മുടെ കുററത്തിനുള്ള ശിക്ഷയാണ് തൻെറമേൽ സ്വീകരിച്ചത്. പാപികളായ നമുക്കേവർക്കുമുള്ള ശിക്ഷ സ്വയം ഏറെറടുത്ത്, മരിച്ച്, ഉത്ഥാനം ചെയ്ത്, പിതാവിൻെറ വലത്തുഭാഗത്തിരുന്നുകൊണ്ട്, തൻെറ നാമം വിളിച്ചപേക്ഷിക്കുന്ന ഏവർക്കും ശിക്ഷാ മോചനം നല്കി, അവരെയെല്ലാം കുററമററവരായി വിധി പ്രസ്താവിക്കുകയാണ് ക്രിസ്തുനാഥൻ,''ആകയാൽ ഇപ്പോഠ യേശുക്രിസ്തുവിനോട് ഐക്യപ്പെട്ടിരിക്കുന്നവർക്ക് ശിക്ഷാവിധിയില്ല'' (റോമ 8:11). ഇതാണ് ക്രിസ്തുവിൽ നാം കാണുന്നനീതി. 'തെററുചെയ്തവർക്ക്ശിക്ഷ, നന്മ ചെയ്തവർക്ക് സമ്മാനം, നിയമാനുസരണത്തിലൂടെ നീതീകരണം' എന്നല്ല, യേശുവിൽ വിശ്വസിക്കുന്ന സകലർക്കും രക്ഷ, പാപമോചനം, നീതീകരണം! എല്ലാവരും ക്രിസ്തുവിനെ വിളിച്ചപേക്ഷിക്കുവാൻ തയ്യാറാകുമ്പോഴാണ് ഈ നീതി സാർവ്വത്രികമാകുക. സകലരും ക്രിസ്തുവിൽ വിശ്വസിച്ച്, അങ്ങയെ രക്ഷകനായി സ്വീകരിച്ച്, ഈ നീതി സ്വന്തമാക്കുന്ന വ്യവസ്ഥിതിക്കുവേണ്ടിയാണ് ക്രിസ്തുശിഷ്യൻ വിശക്കുകയും ദാഹിക്കുകയും ചെയ്യുക. ഈമനോഭാവം സ്വന്തമാക്കിയവൻ 'ഞാൻസുവിശേഷംപ്രസംഗിക്കുന്നില്ലെങ്കിൽ എനിക്കുഹാ,കഷ്ടം' എന്ന് വി.അപ്പസ്തോലനോടൊപ്പം വിലപിക്കും, തൽഫലമായി, സകലരും സുവിശേ

malankaralibrary.com

ഷം ശ്രവിച്ച് സ്വീകരിക്കുന്നതിനുള്ള അവസരവും സാദ്ധ്യതയും കൈവരിക്കുകയും ചെയ്യും.

**വിശപ്പും ദാഹവും**

തീക്ഷ്ണമായ ആഗ്രഹത്തെയാണ് വിശപ്പും ദാഹവും സൂചിപ്പിക്കുക. വരുമ്പോൾവരട്ടെ എന്നമട്ടിലുള്ള ക്ഷമാപൂർവ്വമായ കാത്തിരിപ്പല്ല, കിട്ടിയേതീരൂ എന്ന നിർബ്ബന്ധപൂർവ്വകമായ അന്വേഷണവും കൈവശപ്പെടുത്തലുമാണ്, അമർത്താനാവാത്ത ആവേശത്തോടെ വിശപ്പടക്കാൻ ത്വരപ്പെടുന്ന വ്യക്തിയുടെ ചിത്രം പ്രതിനിധാനം ചെയ്യുന്നത്. വിശക്കുന്ന കഴുകന്മാർ തങ്ങളുടെ ആഹാരമായ ശവം കണ്ടെത്തുന്നതുപോലെ(മത്താ24:28)തങ്ങൾ ദീർഘകാലമായി കൊതിച്ചുകാത്തിരുന്നതും, യേശുവിലൂടെ ഈലോകത്തു കൈവന്നതുമായനീതി ഇക്കൂട്ടർ കണ്ടെത്തിസ്വന്തമാക്കുകതന്നെചെയ്യും.

ദൈവത്തിനുവേണ്ടി വിശക്കുകയും ദാഹിക്കുകയും ചെയ്യുന്നവനാണ് ക്രിസ്തുശിഷ്യൻ. നീതിതന്നെയായ ക്രിസ്തുവിനെ സ്വന്തമാക്കിയവരുടെ സമൂഹമാണ് ക്രിസ്തീയകൂട്ടായ്മ. പൂർണ്ണമായ നീതി എല്ലാവരുടെയും അവകാശമായിത്തീരുന്നതുവരെ വിശപ്പോടും ദാഹത്തോടുംകൂടെ ഏതു പ്രതിബന്ധത്തെയും തരണംചെയ്യുന്ന വ്യക്തിത്വമാണ് ക്രിസ്ത്യാനിയുടേത്.

ശിവജിയുടെ കോട്ടയിൽ എന്നും പാലുകൊണ്ടുപോയി കൊടുത്തിരുന്ന സ്ത്രീയുടെ കഥയുണ്ട് ഭാരത

malankaralibrary.com

ചരിത്രത്തിൽ. ഒരുദിവസം മടങ്ങുവാൻ വൈകുകയാൽ കോട്ടയ്ക്കുള്ളിൽ അവരം അകപ്പെട്ടുപോയി. മുലകുടി മാറാത്ത കുഞ്ഞിനെ വീട്ടിൽ വിട്ടുപോന്ന ആ അമ്മ കോട്ട തുറന്നുകിട്ടാൻ മാർഗ്ഗമില്ലാതെ, ആ വലിയ കോട്ട എങ്ങനെയോ ചാടിക്കടന്ന് ആ രാത്രിതന്നെ തൻെറ കുഞ്ഞിൻെറ പക്കലെത്തിയത്രെ; തൻെറകുഞ്ഞിനുവേണ്ടി ദാഹിച്ച ആ അമ്മയ്ക്ക് അത്രവലിയ പ്രതിബന്ധവും കടന്ന് കുഞ്ഞിൻെറ പക്കൽ എത്താൻ കഴിഞ്ഞതുപോലെ തീക്ഷ്ണമായ ആഗ്രഹത്തോടെ നീതിക്കായി വിശക്കുന്നവർ സംതൃപ്തി കണ്ടെത്തുക തന്നെചെയ്യും. പ്രതിബന്ധങ്ങളെ അവർ വകവയ്ക്കുകയില്ല.

## പ്രാർത്ഥനയിൽ:

വിശപ്പിൻെറയും ദാഹത്തിൻെറയും തീവ്രതയ്ക്കനുസൃതമായിരിക്കും സംതൃപ്തിയുടെ അനുഭവവും— —വ്യക്തിപരമായ പ്രാർത്ഥനയിലൂടെ ദൈവത്തെ അനുഭവിച്ചറിയുന്നതിനുള്ള വിശപ്പോടെ അവിടുത്തെ അന്വേഷിക്കുന്നവർക്കേ പ്രാർത്ഥനയിൽ സംതൃപ്തി കണ്ടെത്താനാവൂ. ''ദൈവമേ, നീ എന്നെ നിനക്കായി സൃഷ്ടിച്ചു; നിന്നിൽമാത്രം ഞാൻ സംതൃപ്തി കണ്ടെത്തും'' എന്ന് സെൻറ് അഗസ്ററിനോടൊപ്പം പറയുന്നവനാണ് ക്രിസ്തുശിഷ്യൻ.

''നീർച്ചാൽ തേടുന്ന മാൻപേടയേപോലെ
ദൈവമേ, എൻെറ ഹൃദയം അങ്ങയെ തേടുന്നു.
എൻെറ ഹൃദയം ദൈവത്തിനായി ദാഹിക്കുന്നു;
ജീവിക്കുന്ന ദൈവത്തിനുവേണ്ടിത്തന്നെ.

malankaralibrary.com

എപ്പോഴാണ് എനിക്ക് ദൈവസന്നിധിയിലെത്തി അവിടുത്തെ കാണാൻ കഴിയുക!''(സങ്കീ42:1-2)

**ദൈവവചനത്തിൽ**

ദൈവഹിതം അറിയുന്നതിനുള്ള ദാഹത്തോടെ വി.ലിഖിതങ്ങൾ തേടുന്നവനേ അവിടുത്തെ സ്വരം ശ്രവിക്കുവാനും മാർഗ്ഗനിർദ്ദേശം മനസ്സിലാക്കാനും കഴിയൂ. 'രക്ഷയിലേയ്ക്കു വളർന്നുവരേണ്ടതിന് പരിശുദ്ധവും ആത്മീയവുമായ പാലിനുവേണ്ടി ഇളം പൈതങ്ങളെപ്പോലെ ദാഹിക്കുവിൻ'(1പത്രോ2:2)

ഈ വിശപ്പും ദാഹവുമില്ലാതെ ആചാരാനുഷ്ടാനങ്ങളിലും, ഭക്തികൃത്യങ്ങളിലും, നിയമാനുസരണങ്ങളിലുംകൂടെ നീതീകരണം തേടുന്നവർ എന്തെന്ത് ആഴമുള്ള സംതൃപ്തിയാണ് തങ്ങളറിയാതെ നഷ്ടപ്പെടുത്തുക!

ദൈവത്തെ അനുസരിക്കുന്നതിനും, സഹോദരങ്ങൾക്ക് സേവനം ചെയ്യുന്നതിനുമുള്ള തീക്ഷ്ണമായ ആഗ്രഹം ക്രൈസ്തവൻെറ മുഖമുദ്രയാണ്. വിശക്കുകയും ദാഹിക്കുകയും ചെയ്യുന്നവന് വിശപ്പടങ്ങുംവരെ വിശ്രമിക്കാനാവാത്തതുപോലെ, നീതിക്കുവേണ്ടി വിശക്കുന്ന ക്രിസ്ത്യാനിക്ക് പരിപൂർണ്ണനീതി നടപ്പിലാകും വരെ വിശ്രമിക്കാനാവില്ല. ഒരു ക്രിസ്തുശിഷ്യൻെറ വിശ്രമം ഈലോകത്തിലല്ല; അവൻെറ ഓട്ടം പൂർത്തിയായ ശേഷമേ അവന് വിശ്രമമുള്ളു.

malankaralibrary.com

## യേശുവിൽ ഈ വിശപ്പും ദാഹവും

ഈ വിശപ്പും ദാഹവും യേശുവിൻെറ ജീവിതത്തിൽ ഉടനീളം നമുക്കു കാണാം. ''ഭൂമിയിൽ തീയിടാനാണ് ഞാൻ വന്നത്. അത് ഇതിനകം കത്തിജ്വലിച്ചിരുന്നെങ്കിൽ! എനിക്ക് ഒരു സ്നാനം സ്വീകരിക്കാനുണ്ട്; അത് നിവൃത്തിയാകുവോളം ഞാൻ എത്ര ഞെരുങ്ങുന്നു'' (ലൂക്കാ 12:49-50) നമ്മുടെ രക്ഷയ്ക്കായി സഹനത്തെ ആശ്ലേഷിക്കുന്നതിനും, തൻെറ മരണത്തിലൂടെ ലോകത്തെ മുഴുവൻ ജ്വലിപ്പിക്കുന്ന പരിശുദ്ധാത്മാവിനെ അയയ്ക്കുന്നതിനുമുള്ള അവിടത്തെ തീക്ഷ്ണമായ ആഗ്രഹമാണ് ഇവിടെ നാം കാണുക. ''പീഡയനുഭവിക്കുന്നതിനുമുമ്പ് നിങ്ങളോടുകൂടെ ഈ പെസഹാ ഭക്ഷിക്കുവാൻ ഞാൻ അത്യധികം ആഗ്രഹിച്ചു'' സ്വയം നമുക്കു നൽകാനുള്ള ക്രിസ്തുനാഥൻെറ അഭിലാഷം !

പ്രതിബന്ധങ്ങളെ വകവയ്ക്കാത്ത വിശപ്പും ദാഹവും നമ്മുടേതാകുമ്പോൾ ദൈവനീതിയും രാജ്യവും ഇവിടെ യാഥാർത്ഥ്യമാകും. സാഹചര്യങ്ങൾ അനുകൂലമെങ്കിൽ, വേണ്ടത്ര പ്രോത്സാഹനവും പിന്തുണയും സഹായവും ലഭിച്ചാൽ, സമയവും സൗകര്യവും ഒത്തുവന്നാൽ, ദൈവരാജ്യപ്രവർത്തനങ്ങളോടു സഹകരിക്കാം; അതില്ലാതെവന്നാൽ, സ്വന്തം കാര്യംനോക്കി സമാധാനത്തിൽ കഴിയാം എന്ന മനോഭാവം ക്രിസ്തുശിഷ്യനു ചേർന്നതല്ല.

malankaralibrary.com

'നീതിയുടെ പൂർണ്ണതയായ ക്രിസ്തുവിനായുള്ള വിശപ്പും ദാഹവും ഞങ്ങളിൽ വളർത്തണമേ'

നാശത്തിലേക്കു നയിക്കുന്ന നിസ്സംഗതയിൽ നിന്നും, അവഗണനയിൽ നിന്നും ഞങ്ങളെ തട്ടിയുണർത്തി വിശപ്പുള്ളവരാക്കണമേ' എന്നു നമുക്കു പ്രാർത്ഥിക്കാം.

"നീ തണുപ്പോ, ചൂടോ ഉള്ളവനല്ല;
തണുപ്പോ ചൂടോ ഉള്ളവനായിരുന്നെങ്കിൽ
എന്നു ഞാൻ ആഗ്രഹിക്കുന്നു.
ചൂടോ തണുപ്പോ ഇല്ലാതെ, മന്ദോഷ്ണനാകയാൽ
നിന്നെ ഞാൻ എന്റെ വായിൽ നിന്ന്
തുപ്പിക്കളയും"
വെളിപാട് 3:15–16

malankaralibrary.com

## ആറ്

# കരുണയുള്ളവർ ഭാഗ്യവാൻമാർ

'കരുണ' എന്നത് വെറും ഒരുവികാരമോ മനോഭാവമോ മാത്രമല്ല, അതു പ്രവൃത്തിയിൽ പ്രകടിതമാകുന്ന ഒന്നാണ്. മററുള്ളവരുടെ ആവശ്യങ്ങൾ കണ്ടെത്താൻ കരുണയുള്ളവർക്ക് അസാമാന്യമായ കഴിവുണ്ട്. വന്നുപറയാൻ കാത്തിരിക്കാതെ, പ്രകടിപ്പിക്കാത്ത ആവശ്യങ്ങൾ മനസ്സിലാക്കി, ആവശ്യക്കാരന് അപകർഷതയോ അസ്വസ്ഥതയോ ഉണ്ടാകാത്തവിധം സഹായം നൽകുവാൻ ഇവർ ബദ്ധശ്രദ്ധരായിരിക്കും.

ഒരുവൻ കരുണയിൽ വളരുന്നതനുസരിച്ച് മററുള്ളവരുടെ ആവശ്യങ്ങൾ കണ്ടെത്താൻ കഴിവുററവനാകുന്നു. കാനായിലെ വിവാഹവിരുന്നിൽ വീഞ്ഞുതീർന്നുപോയപ്പോൾ 'മകനേ,അവർക്കു വീഞ്ഞില്ല' എന്നുപറഞ്ഞ അമ്മയുടെചിത്രം എത്രമനോഹരമായൊരു മാതൃകയാണ്! ആവശ്യം കൂടുതലായി കാണുന്നതനുസരിച്ച് കരുണയും കരകവിയുന്നു. യഥാർത്ഥ വിലപനവും, നീതിക്കായുള്ള വിശപ്പും ഇവരുടെ സ്വഭാവത്തിൻെറ മററുവശങ്ങളത്രെ.

''സ്വർഗ്ഗസ്ഥനായ നിങ്ങളുടെ പിതാവു പരിപൂർണ്ണനായിരിക്കുന്നതുപോലെ നിങ്ങളും പരി

malankaralibrary.com

പൂർണ്ണരായിരിക്കുവിൻ''(മത്താ5:48)എന്ന് ആഹ്വാനം ചെയ്ത ക്രിസ്തുനാഥൻ പരിപൂർണ്ണത കരുണതന്നെ ആണെന്ന് വ്യക്തമാക്കുന്നു: ''നിങ്ങളുടെ പിതാവു കരുണയുള്ളവനായിരിക്കുന്നതുപോലെ നിങ്ങളും കരുണയുള്ളവരായിരിക്കുവിൻ''(ലൂക്കാ6:36).

''കർത്താവിന്റെ സ്നേഹം
ഒരിക്കലും അസ്തമിക്കുന്നില്ല:
അവിടുത്തെ കാരുണ്യം അവസാനിക്കുന്നില്ല.
ഓരോപ്രഭാതത്തിലും
അതു പുതിയതാണ്,
അവിടുത്തെ വിശ്വസ്തത ഉന്നതമാണ്''
(വിലാപങ്ങൾ3:22-23)

''വൽസലമക്കളെപ്പോലെ ദൈവത്തെ അനുകരിക്കുന്നവരാകുവിൻ''(എഫേ5:1) എന്ന് നമ്മോടുപറയുന്ന സെൻറ്പോളും കരുണയുള്ളവരാകുന്നതിനു നമ്മെ ആഹ്വാനം ചെയ്യുകയാണ്.

തങ്ങൾ സ്നേഹിക്കുന്നവരുടെ കഷ്ടപ്പാടുകളിൽ പങ്കുകൊള്ളുന്നതും അവരുടെ വേദനകൾ ഏറ്റെടുക്കുന്നതും മനുഷ്യസഹജമാണ്. എന്നാൽ ശത്രുക്കളുടെപോലും വേദന ഏറ്റെടുത്ത് അവരെ സ്വതന്ത്രരാക്കാൻ ശ്രമിക്കുക ദൈവികമത്രേ. അതാണല്ലോ നമ്മൾ പാപികളായിരിക്കെ, ശത്രുക്കളായനമ്മുടെ കടങ്ങൾ തന്റെ മേൽവഹിച്ച് നമുക്കുവേണ്ടി മരണംവരിച്ച ക്രിസ്തുനാഥനിലൂടെ പിതാവു നമ്മോടുകാട്ടിയ വലിയ കരുണയുടെ രൂപം. ഈ കരുണയിൽ പങ്കുകാരാകാൻ വിളിയ്ക്കപ്പെട്ടവരാണ് ക്രിസ്തുശിഷ്യർ.

malankaralibrary.com

ക്രിസ്തു സ്വന്തം ജീവൻ നമുക്കുവേണ്ടി പരിത്യജിച്ചു എന്നതിൽ നിന്ന് സ്നേഹം എന്തെന്നു നാം അറിയുന്നു. നമ്മളും സഹോദരർക്കുവേണ്ടി ജീവൻ പരിത്യജിക്കുവാൻ കടപ്പെട്ടിരിക്കുന്നു'' (1 യോഹ 3:16) ''നിങ്ങൾ അളക്കുന്ന അളവുകൊണ്ടുതന്നെ നിങ്ങൾക്കുംഅളന്നുകിട്ടും'' (ലൂക്കാ6:38) എന്നുപറയുന്ന ക്രിസ്തുനാഥൻ, ഈ ദൈവീകകരുണയിൽ പങ്കുചേരുന്നവർ മാത്രമാണ് ദൈവരാജ്യത്തിലെ അവകാശികൾ എന്ന് വ്യക്തമാക്കുന്നു. കരുണയില്ലാത്ത ഭൃത്യൻെറ ഉപമയിലൂടെ അർത്ഥശങ്കയില്ലാത്തവിധം ദിവ്യനാഥൻ നമ്മോടുപറയുന്നു: സഹോദരർക്ക് കരുണ നിഷേധിക്കുന്നവർക്കുദൈവത്തിൻെറ കരുണ ലഭിക്കുകയില്ല എന്ന്. (മത്താ 18:21–35).

വിശുദ്ധരായി പേരു വിളിക്കപ്പെടുന്നതിനോ, സ്വർഗ്ഗത്തിൽ അസാധാരണമായ ഉന്നതിയിൽ എത്തിച്ചേരുന്നതിനോ ദാഹിക്കുന്നവർ മാത്രം കരുണയുള്ളവരായാൽപോരാ. കരുണയുള്ളവരേ ദൈവരാജ്യത്തിൻെറ അവകാശികളാവൂ. ക്രിസ്തുനാഥൻ ഒരിക്കൽ ഒരു യുവാവിനോടു പറഞ്ഞു 'നീ ദൈവരാജ്യത്തിൽനിന്ന് അകലെയല്ല' എന്ന്. അകലെയല്ല എന്നതുകൊണ്ട് ഉള്ളിലാണെന്ന് ആരും കരുതുകയില്ലല്ലോ.

ദൈവത്തിൻെറ അപരിമിതമായ സമ്പന്നതയിൽ പങ്കുകൊള്ളുന്ന മനുഷ്യനേ യഥാർത്ഥത്തിൽ കാരുണ്യവാനാകാൻ കഴിയൂ. വ്യവസ്ഥയില്ലാത്ത സ്നേഹത്തിനും, പരിമിതിയില്ലാത്ത കരുണയ്ക്കും മാത്രമേ ദൈവരാജ്യത്തിൽ സ്ഥാനമുള്ളൂ. ''നിയമജ്ഞരുടെ

malankaralibrary.com

യും ഫരിസേയരുടെയും നിയമബന്ധമായ നീതി'' (മത്താ 5:20) ദൈവരാജ്യത്തിന് പുറത്തല്ലേ 'അങ്ങനെ യെങ്കിൽ രക്ഷപ്രാപിക്കാൻ ആർക്കു കഴിയും?' ഈ വിധത്തിൽ കരുണയുള്ളവരായി ഇന്നാരുണ്ട്, ഇത് ഈ ലോകത്തിൽ പ്രായോഗികമോ? ദൈവം അവിടത്തെ അരൂപിവഴി നമ്മെ പരിവർത്തനപ്പെടുത്തിയാൽ മാത്രമേ അസ്സീസ്സിയിലെ ഫ്രാൻസീസിനെപ്പോലെയോ, വിൻസെൻറ് ഡി പോളിനെപ്പോലെയോ, കൽക്കത്തയിലെ മദർതെരേസയെപ്പോലയോ കരുണയുള്ളവരാകുവാൻ നമുക്കു സാധിക്കയുള്ളൂ.

' ശത്രുക്കളെ സ്നേഹിക്കുവിൻ
പിടിച്ചുപറിയ്ക്കുന്നവനോടു തിരികെ ചോദിക്കരുത്
ഒരു ചെകിടത്തടിക്കുന്നവന് മറേറ ചെകിടും കാണിച്ചുകൊടുക്കുക
ശപിക്കുന്നവരെ അനുഗ്രഹിക്കുവിൻ
നിന്നോടു തെററുചെയ്യുന്നവരോടു
ഹൃദയപൂർവ്വം ക്ഷമിക്കുക
(ലൂക്കാ 6:27-31)

എന്നിങ്ങനെയെല്ലാം നമ്മോട് ആവശ്യപ്പെടുന്ന ദിവ്യഗുരു ഇവയിലൂടെയെല്ലാം ആവർത്തിച്ചുപറയുന്നത് 'നിങ്ങളുടെ സ്വർഗ്ഗസ്ഥനായ പിതാവ് കരുണയുള്ളവനായിരിക്കുന്നതുപോലെ നിങ്ങളും കരുണയുള്ളവരാകുവിൻ' എന്നുതന്നെ. 'ഞാൻ പറയുന്നതുചെയ്യുവാൻ, എൻെറ ശിഷ്യരാകുവാൻ ആഗ്രഹിക്കുന്നു എങ്കിൽ, എൻെറ പക്കൽ വന്ന് ഞാൻ നല്കുന്ന പരിശുദ്ധാത്മാവിനെ ആവോളം പാനംചെയ്യണം' (യോഹ 7:37)

malankaralibrary.com

എന്ന് അവിടന്ന് ആഹ്വാനം ചെയ്യുന്നു. ക്രിസ്തീയ പക്വതയിലേക്കുള്ള വളർച്ച ഒരുനിരന്തര പ്രക്രിയയത്രെ. സ്വർഗ്ഗത്തിൻെറ മൂന്നാംതട്ടുവരെ എടുക്കപ്പെട്ട സെൻറ്പോൾ പറയുന്നു.

"എനിക്കു കിട്ടിക്കഴിഞ്ഞിട്ടില്ല. ഞാൻ പരിപൂർണ്ണനായിട്ടില്ല....
ഇതു സ്വന്തമാക്കാനായി തീവ്രമായി പരിശ്രമിക്കുകയാണ്....
എൻെറ പിന്നിലുള്ളവയെ മറന്ന്, മുന്നിലേക്കാഞ്ഞുകൊണ്ട്,
ലക്ഷ്യത്തിലേക്കു മുന്നേറുന്നു"
(ഫിലി3:12-14)

ഈ മനോഭാവം സ്വന്തമാക്കിക്കൊണ്ട് കരുണയിൽ വളരാൻ നമുക്ക് നിരന്തരം പരിശ്രമിക്കാം. സ്വയം ശൂന്യവല്ക്കരിക്കുന്നതിലൂടെയേ ദൈവാരൂപിയിൽ നിറയാനും, കരുണയിൽ സമ്പന്നരാകാനും നമുക്കാവൂ. നമുക്കു വേറേ കുറുക്കുവഴികളില്ല.

'ഈ വാക്കുകൾ കഠിനമാണ്" എന്ന് പറഞ്ഞ് യേശുവിനെ വിട്ടുപോകാനല്ല, ഈ വെല്ലുവിളി സ്വീകരിക്കാനാണ് യേശുവിൻെറ സ്നേഹം നമ്മെ നിർബന്ധിക്കുക. പ്രവർത്തനനിരതമായ കരുണ ഏററമധികം ശ്ലാഘനീയമാണെന്ന് ദിവ്യഗുരുവിൻെറ വാക്കുകൾ നമ്മെ അനുസ്മരിപ്പിക്കുന്നു: "ഈ ചെറിയവരിൽ ഒരുവനു നിങ്ങൾ ഇതു ചെയ്തപ്പോൾ എനിക്കുതന്നെയാണ് നിങ്ങൾചെയ്തത്" (മത്താ 25:41) അന്ത്യദിനത്തിലെ വിധിവാചകം കരുണയില്ലാത്തവരെ നിഷ്കരുണം തിരസ്ക്കരിക്കുന്നതായിരിക്കും.

malankaralibrary.com

ക്രിസ്ത്യാനിയുടെ ജീവിതത്തിൽ ചേർത്തുവയ്ക്കേണ്ട ഒന്നല്ല സാമൂഹ്യാവബോധവും സാമൂഹ്യപ്രവർത്തനവും. സുവിശേഷഭാഗ്യങ്ങളിലൂടെ ക്രിസ്തുനാഥൻ വരച്ചുകാട്ടുന്ന വ്യക്തിത്വത്തിലേയ്ക്ക് വളരാൻ പരിശുദ്ധാത്മാവിന്റെ ശക്തിയിൽ നമ്മൾ പരിശ്രമിക്കുമ്പോൾ ഈ ആഭിമുഖ്യം സ്വയമേവ നമ്മുടേതായിത്തീരും. ഹൃദയത്തിൽ ജ്വലിക്കുന്ന ദൈവസ്നേഹം സഹോദരങ്ങളെ സ്നേഹിക്കുന്നതിനും സാമൂഹ്യപ്രവർത്തനങ്ങളിൽ വ്യാപൃതരാകുന്നതിനും നമ്മെ നിർബന്ധിക്കും. സ്നേഹത്തിൽ വളരുന്നവന് സേവനത്തിന്റെ മേഖല അന്യമല്ലല്ലോ. അടുത്തുനിൽക്കുന്ന സഹോദരനെ സ്നേഹിക്കാത്തവന് എങ്ങനെ ദൈവത്തെ സ്നേഹിക്കുവാനാകും?

## എങ്ങനെ അറിയാനാകും?

ദൈവത്തിന്റെ സ്നേഹം എനിക്ക് അനുഭവിച്ചറിയാനാവുന്നുണ്ടെങ്കിൽ, മററുള്ളവരുടെ കരുണ എനിക്ക് അനുഭവപ്പെടുന്നുണ്ടെങ്കിൽ, ഞാൻ കരുണയുള്ളവൻ തന്നെ.

"ക്ഷമിക്കുവിൻ; നിങ്ങളോടും
ക്ഷമിക്കപ്പെടും
കൊടുക്കുവിൻ; നിങ്ങൾക്കും കിട്ടും;
അമർത്തികുലുക്കി നിറച്ചളന്ന്
അവർ നിങ്ങളുടെ മടിയിൽ ഇട്ടുതരും.
നിങ്ങൾ അളക്കുന്ന അളവുകൊണ്ടുതന്നെ
നിങ്ങൾക്കും അളന്നുകിട്ടും" (ലൂക്കാ6:38-39).

malankaralibrary.com

## ഏഴ്

# ഹൃദയശുദ്ധിയുള്ളവർ ഭാഗ്യവാൻമാർ അവർ ദൈവത്തെ കാണും

സമഗ്രവും ഉദാത്തവുമായ ജീവിതവിശുദ്ധിയാണ് ഹൃദയശുദ്ധി എന്നതുകൊണ്ട് അർത്ഥമാക്കുന്നത്. ഹൃദയം മനുഷ്യൻെറ വ്യക്തിത്വത്തിൻെറ—മനസ്സിൻെറയും വികാരങ്ങളുടെയും—കേന്ദ്രമാണ്, ഹൃദയപരിശുദ്ധി വ്യക്തിത്വത്തിൻെറയും ജീവിതത്തിൻെറയും എല്ലാ തലങ്ങളെയും ഉൾക്കൊള്ളുന്നതാണ്; ലൈംഗികമേഖലയിലെ നൈർമല്യം മാത്രമല്ല അതുകൊണ്ടുദ്ദേശിക്കുക. ശരീരത്തേയും, മനസ്സിനേയും ആത്മാവിനേയും, ബന്ധങ്ങളേയും, ഭൗതീകവസ്തുക്കൾ കൈകാര്യംചെയ്യുന്നവിധത്തേയും എല്ലാംഅതു ഭാവാത്മകമായി സ്വാധീനിക്കും; പരിപൂർണ്ണനന്മയിൽ കുറഞ്ഞ ഒന്നിലും അതു സംതൃപ്തമാവില്ല. പരിപൂർണ്ണനന്മ ദൈവത്തിൽ മാത്രമാണല്ലോ കണ്ടെത്തുക. 'ഹൃദയശുദ്ധിയുള്ളവർ...ദൈവത്തെകാണും'.

ഒരുവൻ ഉദ്ദേശ്യശുദ്ധിയോടെ തൻെറ കഴിവുകൾ മുഴുവൻ ദൈവഹിതം നിറവേററുക എന്ന ഏക

malankaralibrary.com

ലക്ഷ്യത്തിനായി ഏകാഗ്രമാക്കുമ്പോൾ ഏറെ കാര്യങ്ങൾ നേടാനാകും. ഹൃദയശുദ്ധി ഉള്ളവൻെറ ലക്ഷ്യം ദൈവമാണ്, ദൈവഹിതം നിറവേററുക മാത്രം. ജീവിതത്തിൻെറ ഉദ്ദേശത്തേയും ലക്ഷ്യത്തേയും കുറിച്ച് വ്യക്തമായ കാഴ്ചപ്പാട് അയാൾക്കുണ്ട്. ഭിന്നോദ്ദേശ്യങ്ങളില്ലാത്ത, കലർപ്പില്ലാത്ത, ജീവിതം പരിശുദ്ധിയുടെ ശോഭയാൽ മലമേൽപണിത ഭവനം പോലെയും പീഠത്തിൻമേൽ കൊളുത്തിവച്ച ദീപം പോലെയും പ്രകാശിക്കുകയും ഏവരുടെയും ശ്രദ്ധ പിടിച്ചുപററുകയുംചെയ്യും. വലിയ സ്വാധീനശക്തി പരിശുദ്ധിയ്ക്കുണ്ട്. ആർക്കും അതിനെ അവഗണിക്കാനാവില്ലെന്നുമാത്രമല്ല, സ്വാർത്ഥതയുടെയും സ്ഥാപിതതാത്പര്യങ്ങളുടെയും മുമ്പിൽ വലിയൊരു ഭീഷണിയായിരിക്കയുംചെയ്യും ഹൃദയശുദ്ധിയുള്ളവൻെറ ജീവിതം.

## ഏകോദ്ദേശ്യത്തോടെ

ഇന്നുലോകത്തിൽ ഭൂരിഭാഗം ആളുകളും തങ്ങളുടെ കഴിവിൻെറ 15അല്ലെങ്കിൽ20ശതമാനം മാത്രമേ ഉപയോഗപ്പെടുത്തുന്നുള്ളു. അതായത്, ലോകത്തിലുള്ള കഴിവുകളുടെ 80—85ശതമാനം ഇന്ന് നഷ്ടമാകുകയാണെന്നർത്ഥം. ഈകഴിവുകൾമുഴുവൻ 'ദൈവത്തിൻെറ രാജ്യവും അവിടുത്തെ നീതിയും അന്വേഷിക്കുന്നതിനായി, ഏകാഗ്രമാക്കാൻ കഴിഞ്ഞിരുന്നെങ്കിൽ എത്രവേഗം ദൈവരാജ്യം ഇവിടെ സ്ഥാപിതമാകുമായിരുന്നു!

malankaralibrary.com

## ഹൃദയത്തിൽ ദൈവം വാഴുന്നവർ

സ്വാർത്ഥപരമായ ഭിന്നോദ്ദേശ്യങ്ങൾ ഇല്ലാത്തവൻെറ വലിയസമ്പത്താണ് ഹൃദയസമാധാനം. ഏകലക്ഷ്യത്തിനായി തൻെറകഴിവുകൾ മുഴുവൻ ക്രമീകരിക്കപ്പെടുമ്പോൾ അവിടെ ആന്തരികസംഘട്ടനമില്ല. സമാധാനമുണ്ട്. ദുരാഗ്രഹങ്ങളെ പോഷിപ്പിക്കുന്നരീതിയിലുള്ള ആഗ്രഹങ്ങളും പ്രാർത്ഥനകളും പരിശ്രമങ്ങളും ഒക്കെ സാധിക്കാതെ വരുമ്പോഴാണല്ലോ നമ്മുടെ സമാധാനം നഷ്ടപ്പെടുക. എന്തുനഷ്ടംസഹിക്കേണ്ടിവന്നാലും ദൈവഹിതംമാത്രം നടക്കണം എന്ന നിർബന്ധമുള്ളവൻെറ സമാധാനം ഒരുകാരണവശാലും നഷ്ടമാവില്ല.

## ഉള്ളിലിരിപ്പ്:

മററുള്ളവർക്കുവേണ്ടി ത്യാഗം അനുഷ്ഠിക്കുന്നതിലും, പ്രാർത്ഥിക്കുന്നതിലും, പള്ളിയിൽപോകുന്നതിലും, ദാനധർമ്മം ചെയ്യുന്നതിലും, സൽപ്രവൃത്തികൾ ചെയ്യുന്നതിലും ഒക്കെ ഉള്ളടങ്ങിയ സ്വയം സംതൃപ്തി, പ്രശംസ, സൽപേര് മുതലായവയുടെ മൂടുപടം ആ പ്രവൃത്തികളുടെ ഉദ്ദേശ്യശുദ്ധിയെ കളങ്കപ്പെടുത്താൻ ഇടയുണ്ട്. ഈ അപകടത്തിനെതിരെ നമ്മെ ജാഗ്രതയുള്ളവരാക്കുന്നതിനായി ക്രിസ്തുനാഥൻ അരുളിചെയ്യുന്നു:

“മററുള്ളവരെ കാണിക്കാൻവേണ്ടി അവരുടെ മുമ്പിൽവച്ചു നിങ്ങളുടെ സൽക്കർമ്മങ്ങൾ അനുഷ്ടിക്കാതിരിക്കാൻ സൂക്ഷിച്ചുകൊള്ളുവിൻ:

malankaralibrary.com

''മററുള്ളവരിൽനിന്നു പ്രശംസ ലഭിക്കാൻ കപട നാട്യക്കാർ സിനഗോഗുകളിലും തെരുവീഥികളിലും ചെയ്യുന്നതുപോലെ, നീ ഭിക്ഷകൊടുക്കുമ്പോഠം നിൻെറ മുമ്പിൽ കാഹളം ഊതരുത്... വലതു കൈ ചെയ്യുന്നത് ഇടതുകൈ അറിയരുത്....

''നിങ്ങഠം പ്രാർത്ഥിക്കുമ്പോഠം കപടനാട്യക്കാരെപ്പോലെ ആവരുത്... ഉപവസിക്കുമ്പോഠം.... വിഷാദം ഭാവിക്കരുത്....'' മത്താ 6:1_18.

ഞായറാഴ്ച കുർബ്ബാനയ്ക്കു പോകുമ്പോഠം 'കുർബ്ബാനക്കടം വീട്ടാം, പുതിയ വസ്ത്രം പ്രദർശിപ്പിക്കാം, സ്നേഹിതരേയും കാണാം....' തുടങ്ങിയ വിവിധോദ്ദേശ്യപരിപാടി— 'അങ്കവും കാണാം താളിയും ഒടിക്കാം' എന്ന മനോഭാവം— ഹൃദയശുദ്ധിയുടെ ലക്ഷണമല്ല.

മനുഷ്യപ്രീതിക്കുവേണ്ടിയോ, മററുള്ളവരെ കാണിക്കാൻവേണ്ടിയോ അല്ല, പ്രത്യുത, കർത്താവിനെ ഭയപ്പെട്ടുകൊണ്ട് ആത്മാർത്ഥതയോടെ ചെയ്യുന്നതാവും ഹൃദയശുദ്ധി ഉള്ളവരുടെ സകലകാര്യവും. ''ഹൃദയപരമാർത്ഥതയോടെ തന്നെ വിളിച്ചപേക്ഷിക്കുന്നവർക്ക് കർത്താവു സമീപസ്ഥനാണ്'' (സങ്കീ: 145:18). അവർ ദൈവത്തെ കാണും.

## സകലതും വിവേചിച്ചറിയുന്നവർ

'മുഴുഹൃദയത്തോടും, മുഴുആത്മാവോടും, സർവ്വശക്തിയോടുംകൂടെ ദൈവത്തെ സ്നേഹിക്കാനും, തന്നെപ്പോലെ തൻെറ അയൽക്കാരനെ സ്നേഹി

malankaralibrary.com

ക്കാനും' (മത്താ22:37–40)ബദ്ധശ്രദ്ധനായവനേ ഈ ഏകാഗ്രത സാദ്ധ്യമാവൂ. അവിടെ ഉദ്ദേശ്യശുദ്ധിയുണ്ട്, സങ്കീർണ്ണതകളില്ല, ബഹുകാര്യവ്യഗ്രതയില്ല. മർത്തായെപ്പോലെ 'പലതിനെക്കുറിച്ചുമുള്ള ഉത്ക്കണ്ഠയും അസ്വസ്ഥതയുമില്ല'. അതാതവസരത്തിൽ ആവശ്യമായ 'ഒന്നുമാത്രം' എന്തെന്നു മനസ്സിലാക്കി മറിയത്തെപ്പോലെ പൂർണ്ണഹൃദയത്തോടെ അവർ അതിൽ ഇടപെടുന്നു. പരാതിയില്ല, കുററപ്പെടുത്തലില്ല. താൻചെയ്യേണ്ടതെന്നു ബോദ്ധ്യമുള്ള കാര്യത്തിൽ പൂർണ്ണമനസ്സോടെ സർവ്വശക്തിയോടുംകൂടെ പ്രവർത്തിക്കുകവഴി വലിയ ഫലപ്രാപ്തി അവിടെ ഉണ്ട്.

ഏതവസരത്തിലും ഏററം വലിയ നന്മ ചെയ്യുന്നതിനും, ഏററം വലിയ നേട്ടം കൈവരുത്തുന്നതിനും ഹൃദയശുദ്ധിയുള്ളവർക്കു കഴിയും. കാരണം, അതിൽ കുറഞ്ഞ ഒന്നിലേക്ക് തങ്ങളെ സ്വാധീനിക്കുന്ന സ്വാർത്ഥതയിൽ നിന്ന് അവർ വിമുക്തരാണ്. ഇവിടെ, ഇപ്പോൾ എന്നെ സംബന്ധിച്ചുള്ള ദൈവഹിതം എന്ത് എന്നതായിരിക്കും അവരുടെ പരിഗണന. ഈ ലോകത്തിന് അനുരൂപരാകാതെ, മനസ്സിൻെറ നവീകരണം വഴി രൂപാന്തരപ്പെട്ടവരാകയാൽ, ദൈവഹിതം എന്തെന്നും, നല്ലതും പ്രീതിജനകവും, പരിപൂർണ്ണവും ആയത് എന്തെന്നും വിവേചിച്ച് അറിയുവാൻ (റോമ 12:2) അവർ കഴിവുററവരാണ്.

''എൻെറ പിതാവിൻെറ ഇഷ്ടം നിറവേററുന്നതാകുന്നു എൻെറ ഭക്ഷണം'' (യോഹ 4:34) എന്ന് ജീവിതകാലം മുഴുവൻ ആവർത്തിച്ചുപ്രഖ്യാപിച്ചുകൊണ്ട്, ''എൻെറ

malankaralibrary.com

ഇഷ്ടമല്ല അങ്ങയുടെ ഇഷ്ടം നിറവേറട്ടെ'' (ലൂക്കാ. 22 : 42) എന്ന് പറഞ്ഞ്, പിതാവിനോടുള്ള പരിപൂർണ്ണ അനുസരണത്തിൽ പീഡാനുഭവവും കുരിശുമരണവും സ്വീകരിച്ച് ''പിതാവേ, അങ്ങയുടെ കരങ്ങളിൽ എന്റെ ആത്മാവിനെ ഞാൻ സമർപ്പിക്കുന്നു'' (ലൂക്കാ 23:46) എന്നരുളി ജീവൻ വെടിഞ്ഞ ക്രിസ്തുനാഥന്റെ അരുമശിഷ്യരുടെ മുഖമുദ്രയത്രെ ഹൃദയപരിശുദ്ധി.

## ഹൃദയശുദ്ധിതന്നെ വലിയസമ്പത്ത്

ഈ ഹൃദയപരിശുദ്ധി ആണ് ദാരിദ്ര്യത്തെ ആശ്ലേഷിച്ചുകൊണ്ട് ക്രിസ്തുവിനെ അനുഗമിക്കുവാൻ അസ്സീസിയിലെ വി. ഫ്രാൻസീസിനെ പ്രചോദിപ്പിച്ചത്. ഏററം വലിയ നന്മയിൽ കുറഞ്ഞ ഒന്നുകൊണ്ടും തൃപ്തനാകാതെ

'ദൈവമേ നീ എന്നെ നിനക്കായിസൃഷ്ടിച്ചു

നിന്നിൽ മാത്രം ഞാൻ സംതൃപ്തി കണ്ടെത്തും' എന്ന് ഉദ്ഘോഷിക്കുന്നതിന് സെൻറ് അഗസ്ററിനെ പ്രേരിപ്പിച്ചതും ഹൃദയപരിശുദ്ധിയത്രെ.

ദൈവത്തിന്റെ വലിയ പദ്ധതിയിൽ അവിടത്തെ പരിപൂർണ്ണതയിലേക്കു വളരാൻ സൃഷ്ടിക്കപ്പെട്ട പ്രപഞ്ചവും, അതിനായി വിളിക്കപ്പെട്ട മനുഷ്യരും ആ ലക്ഷ്യത്തിൽ നിന്നു തടയപ്പെടുന്ന ആകർഷണങ്ങളിൽപ്പെട്ടു പാളിപ്പോകുന്നത് ഹൃദയശുദ്ധിയുള്ളവർ സഹിക്കില്ല. ഏതു കാര്യത്തിലും ദൈവഹിതം വ്യക്തമായി അവരുടെ മുമ്പിലുണ്ടാകും.

malankaralibrary.com

**പരിശുദ്ധിയുടെ ശക്തി:**

ഒന്നും സംഭവിക്കുന്നില്ല എന്നു പ്രത്യക്ഷത്തിൽ തോന്നുമ്പോഴും വൻകാര്യങ്ങൾ സംഭവിച്ചുകൊണ്ടിരിക്കുന്നു എന്ന വലിയ സത്യം ശുദ്ധഹൃദയർ ഗ്രഹിക്കുന്നു. മാനുഷികതലംമാത്രമല്ല അതിനുപരിയായി ദൈവീക പദ്ധതിയും ദൈവത്തിൻെറ പ്രവർത്തനവും ഒപ്പം കാണാൻകഴിയുന്നതിനാൽ അവർ ഒന്നുകൊണ്ടും തളരുകയില്ല. വിശ്വാസത്തിലൂടെ ദൈവത്തിൻെറ പദ്ധതി മനസ്സിലാക്കുന്ന അവർക്ക് സഹനമോ, പരാജയമോ, നഷ്ടമോ ഒന്നും പ്രശ്നമല്ല.

''അത്തിവൃക്ഷം പൂക്കുന്നില്ലെങ്കിലും, മുന്തിരിയിൽ ഫലങ്ങൾ ഇല്ലെങ്കിലും, ഒലിവുമരത്തിൽ കായ്കൾ ഇല്ലാതായാലും, വയലുകളിൽ ധാന്യംവിളയുന്നില്ലെങ്കിലും, ആട്ടിൻകൂട്ടം ആലയിൽ അററുപോയാലും, കന്നുകാലികൾ തൊഴുത്തിൽ ഇല്ലാതായാലും ഞാൻ കർത്താവിൽ ആനന്ദിക്കും. എൻെറ രക്ഷയുടെ ദൈവത്തിൽ ഞാൻ സന്തോഷിക്കും. കർത്താവായ ദൈവമാണ് എൻെറ ബലം. കലമാൻെറ പാദങ്ങൾക്ക് എന്നപോലെ അവിടന്ന് എൻെറ പാദങ്ങൾക്ക് വേഗത നല്കി ഉന്നതതലങ്ങളിൽ അവിടന്ന്എന്നെ നടത്തുന്നു'' (ഹബക്കുക്ക് 3: 17_19) എന്ന് പാടിക്കൊണ്ട്, യാതൊന്നും തൻെറ ഹൃദയസമാധാനത്തെ അലട്ടാൻ അനുവദിക്കാതെ ദൈവത്തിൽ സന്തോഷിക്കുന്ന പരിശുദ്ധഹൃദയമാണ് ദൈവരാജ്യത്തിൻെറ മക്കളുടേത്.

'വിജയിക്കുവാനല്ല, വിശ്വസ്തയായിരിക്കുവാനാണ് ദൈവം എന്നോട് ആവശ്യപ്പെടുന്നത്'' എന്നുപറ

malankaralibrary.com

ഞ്ഞ കല്ക്കത്തയിലെ മദർതെരേസയെപ്പോലെ, എത്ര മാത്രം വിജയിച്ചു എന്നു നോക്കാതെ തന്നെ വിളിച്ച ദൈവത്തെ മുമ്പിൽകണ്ടുകൊണ്ട് അവിടത്തോട് വിശ്വസ്തനായിരുന്ന്, മററ് സ്വാധീനങ്ങളാലൊന്നും പതറിപ്പോകാതെ 'പിന്നിലുള്ളവയെ മറന്ന്, മുമ്പിലുള്ളവയെ ലക്ഷ്യമാക്കി,...... എന്നെവിളിക്കുന്നവൻ വിശ്വസ്തനാണ്''(1തെസ5:24) എന്ന ഉറപ്പോടെ, സ്വർഗ്ഗസ്ഥനായ പിതാവിൻെറ പരിപൂർണ്ണതയിലേക്കു നിരന്തരം കുതിക്കുന്ന ക്രിസ്ത്യാനിയുടെ ചിത്രമാണ് ''ഹൃദയശുദ്ധിയുള്ളവർ ഭാഗ്യവാൻമാർ, അവർ ദൈവത്തെ കാണും'' എന്ന വാക്കുകളിലൂടെ ക്രിസ്തുനാഥൻ നമ്മുടെ മുമ്പിൽ വരച്ചുകാട്ടുക.

**നമുക്കു പരിശോധിക്കാം:**

ഞാൻ ചെയ്യുന്ന ഓരോ പ്രവർത്തിയുടേയും ഉദ്ദേശം എന്ത് ?

സ്വന്തം തൃപ്തി,

മററുള്ളവരുടെ പ്രശംസ, അംഗീകാരം,

ഭൗതീകനേട്ടങ്ങൾ......

ഇതൊക്കെ ആണോ എനിക്കുള്ള പ്രചോദനം ?

അതോ,

ദൈവഹിതം നിറവേററുക
എന്നതുമാത്രമാണോ ?

''നിങ്ങളുടെ ധാർമ്മികത നിയമജ്ഞരുടെയും
ഫരിസേയരുടേയും
ധാർമ്മികതയേക്കാൾ ശ്രേഷ്ടമല്ലെങ്കിൽ,
നിങ്ങൾ ദൈവരാജ്യത്തിൽ പ്രവേശിക്കയില്ല''
(മത്താ5:20)

malankaralibrary.com

## എട്ട്

# സമാധാന സ്ഥാപകർ ഭാഗ്യവാന്മാർ

സമ്പൂർണ്ണമായ സുസ്ഥിതിയാണ് സമാധാനം എന്നതുകൊണ്ട് ഉദ്ദേശിക്കുക. യൂദൻമാർ പരസ്പരം കണ്ടുമുട്ടുമ്പോൾ ആശംസിക്കുന്ന 'ശാലോം' ഹീബ്രു ഭാഷയിലെ അർത്ഥസമ്പുഷ്ടമായ ഒരു പദമാണ്. 'എല്ലാനൻമയും ഉണ്ടാകട്ടെ' എന്ന ഈ ആശംസയിലൂടെ 'നൻമയുടെയും ജീവിതാനന്ദത്തിൻെറയും പൂർണ്ണത' യാണ് നിർദ്ദേശിക്കപ്പെടുക. ഉത്ഥാനത്തിനുശേഷം യേശു തൻെറശിഷ്യർക്കു പ്രത്യക്ഷപ്പെട്ടപ്പോഴൊക്കെ ഈ സുസ്ഥിതി ആണല്ലോ ആശംസിച്ചിരുന്നത്.

സമാധാനം എന്നാൽ ബാഹ്യമായഒന്നിനും തകർക്കാനാവാത്ത ഒരു മനഃശാന്തി, സ്വയം നിയന്ത്രണവിധേയമായ അവസ്ഥ, നിരുദ്വേഗത ഒക്കെയാണ്. അങ്ങേഅറ്റം അസ്വസ്ഥമാകാവുന്ന സാഹചര്യത്തിലും മനഃസാന്നിദ്ധ്യം കൈവിടാതിരിക്കുവാൻ ഉള്ളിൽ നിന്നുതന്നെയുള്ള വലിയൊരു ശക്തിയാണ് യഥാർത്ഥസമാധാനം. ഈ സമാധാനം സ്വന്തമായിരിക്കുക താൻ ദൈവപുത്രനാണെന്ന ബോധമുള്ളവർക്കു മാത്രമത്രേ.

malankaralibrary.com

സർവ്വപ്രപഞ്ചത്തിൻമേലും പൂർണ്ണഅധികാരമുള്ള ദൈവം എൻെറ പിതാവാണ് എന്ന അവബോധമുള്ളവർക്ക് ബാഹ്യമായ എന്തെല്ലാം അസ്വസ്ഥതകൾ ഉണ്ടായാലും സമാധാനം നഷ്ടപ്പെടുകയില്ല.

ആഴമുള്ള നദി ശാന്തമായൊഴുകുന്ന വിധം ബാഹ്യമായ അസ്വസ്ഥതകളൊന്നും അവരെ ബാധിക്കയില്ല. 'മനുഷ്യരിലോ കുതിരയിലോ അല്ല, ദൈവത്തിലത്രെ അവരുടെ ആശ്രയം'. 'മലകൾ മാറിയാലും കുന്നുകൾ നിരന്നാലും മാററംവരാത്ത ദൈവത്തിൻെറ സ്നേഹം' (ഏശയ്യ54:10) തങ്ങളുടെ അവകാശമാണെന്നറിയുന്ന ഇവർ 'അബ്ബാ പിതാവേ' എന്നുവിളിച്ച് സകലത്തിലും ദൈവത്തിൽ ആശ്രയിക്കുന്നു.

## സമാധാനദായകൻ

ലോകം എക്കാലവും ഏററവുമധികം ആഗ്രഹിക്കുന്നതും നിരന്തരം പരിശ്രമിക്കുന്നതും ഈ സമാധാനം സ്ഥായിയായി കൈവരുത്തുന്നതിനാണല്ലോ. വളരെയേറെ സംഘടിതശ്രമങ്ങൾ നടന്നിട്ടും ലോകസമാധാനം ഇന്നും എന്തേ ഒരു മരീചികമാത്രമായി അവശേഷിക്കുന്നു? ദൈവം വസിക്കുന്ന ഹൃദയത്തിൻെറ സമാധാനം അനുഭവിക്കുന്ന ദൈവമക്കൾക്കേ ഫലപ്രദമായി സമാധാനം സ്ഥാപിക്കാനാവൂ. ലൗകികമായ ഒരുശക്തിക്കും പ്രത്യയശാസ്ത്രത്തിനും നേടിയെടുക്കാനാവാത്ത ഈ സമാധാനത്തിൻെറ ഉറവിടം സമാധാനരാജാവായ ക്രിസ്തുവത്രെ. അവിടുന്ന് തൻെറ ശിഷ്യരോട് അരുളി."എൻെറ സമാധാനം ഞാൻ നിങ്ങൾക്കു തരുന്നു. ലോകം തരുന്നതുപോലെഅല്ല ഞാൻ നിങ്ങൾക്കു തരു

malankaralibrary.com

ന്നത്. നിങ്ങളുടെ ഹൃദയം കലങ്ങേണ്ട, ഭയപ്പെടുകയും വേണ്ടാ'' (യോഹ14:27).

**ഭയം കരുക്കൾ ഒരുക്കുന്നു**

ഇന്ന് വളരെയേറെ തെററിദ്ധരിക്കപ്പെടുകയും തെററായി വ്യാഖ്യാനിക്കപ്പെടുകയും ചെയ്യുന്നൊരു വാക്കായി തീർന്നിട്ടുണ്ട് 'സമാധാനം' എന്നത്.

—കലഹത്തിൻെറയും യുദ്ധത്തിൻെറയും അഭാവത്തെ സമാധാനമായി ചിലർ മനസ്സിലാക്കാറുണ്ട്. ശത്രുതയും വിദ്വേഷവും പകയും സ്വാർത്ഥതയും അസൂയയും അധികാരമോഹവും മനുഷ്യഹൃദയങ്ങളിൽ വാഴുമ്പോഠം ബാഹ്യമായ ഏററുമുട്ടലുകഠം ഇല്ലെന്നിരിക്കലും ഏതുസമയവും ആക്രമണസാദ്ധ്യതയുള്ള ശീതസമരത്തിലാണല്ലോ വ്യക്തികളും രാജ്യങ്ങളും. പ്രകടമായ യുദ്ധം ഇല്ല എന്നതുകൊണ്ടുമാത്രം സമാധാനം ഉണ്ടാകണമെന്നില്ല. യുദ്ധോപകരണങ്ങഠം നിർമ്മിക്കുന്നതിലും, സംഭരിക്കുന്നതിലും, സൈന്യസജ്ജീകരണങ്ങഠം നടത്തുന്നതിലും മനുഷ്യർ വ്യാപൃതരായിരിക്കുന്നിടത്തോളംകാലം അസമാധാനം പ്രഘോഷിക്കയല്ലേ നമ്മഠം ചെയ്യുന്നത്?

—ശ്മശാനത്തിലെ ശാന്തതയെ സമാധാനത്തിൻെറ അടയാളമായി വ്യാഖ്യാനിക്കാനാവില്ല. പരസ്പരം മിണ്ടാതെയും ഇടപെടാരതയും മററുള്ളവരെ അവഗണിച്ച് സ്വന്തം കാര്യംമാത്രം നോക്കി നടക്കുന്നതുവഴി ഉണ്ടാകുന്ന മൂകത യഥാർത്ഥസമാധാനത്തിൻെറ ശത്രുവത്രേ. ആരും ആരുടെയും കാര്യത്തിൽ

malankaralibrary.com

ശ്രദ്ധിക്കാതെ, പരസ്പരം അറിയാൻ മെനക്കെടാതെ, സ്വന്തം കാര്യം മാത്രംനോക്കി സ്വന്തവഴിയിലൂടെ നീങ്ങുന്ന വ്യക്തികൾ അടങ്ങുന്ന സമൂഹം മനുഷ്യൻ ഒരു സാമൂഹ്യജീവിയാണെന്ന അടിസ്ഥാനസത്യം തന്നെ നിഷേധിക്കുന്ന മാനവവിരോധികളുടെ കൂട്ടം മാത്രമാണ്.

## സ്നേഹം സമാധാനത്തിന് അടിസ്ഥാനം

വിദ്വേഷവും വൈരാഗ്യവും അതിന്റെ മൂർദ്ധന്യത്തിലെത്തി, ശത്രുവിനെ കാണുന്നതോ അസാദ്ധ്യമായിത്തീരുന്ന വെറുപ്പിന്റെ പാരമ്യത്തിൽ അയാളെ വെറുതെ വിടുന്ന മനുഷ്യാധമൻ സമാധാനം അനുഭവിക്കുന്നു എന്നോ, സമാധാനസ്ഥാപകനാണെന്നോ ആരും പറയുകയില്ല. സ്നേഹം ഭരണം നടത്തേണ്ടിടത്ത് വിദ്വേഷം കൊടികുത്തിവാഴുമ്പോൾ അത് ഹൃദയത്തെ കഠിനമാക്കുകയും വ്യക്തിത്വത്തെ കാർന്നുതിന്നുകയും സമൂഹത്തിൽ വിദ്വേഷവിഷം കലർത്തുകയുമാണ് ചെയ്യുക. വിദ്വേഷത്തിന്റെ മുഷ്ടി ചുരുട്ടുന്നവന് ഒരിക്കലും സമാധാനസ്ഥാപകനാവാൻ സാദ്ധ്യമല്ല. സ്നേഹത്തിന്റെ ആശ്ലേഷത്തിനേ സമാധാനവും, സുസ്ഥിതിയും കൈവരുത്താനാവൂ.

ബലഹീനന്റെമേൽ വിജയംവരിച്ച്, അവനെ അടിച്ചമർത്തിയ വിജിഗീഷു സമാധാനം സ്ഥാപിച്ചതായി വീമ്പടിച്ചാൽ പരാജിതനായ ബലഹീനന്റെ മാനഹാനി അവനെതിരെ പതഞ്ഞുപൊങ്ങുന്ന അമർഷവും വിദ്വേഷവും ആയി സുസ്ഥിതിയുടെ വിപരീതമായി നിലകൊള്ളും.

malankaralibrary.com

**ഏതിനിൽ ആദ്യം**

സ്നേഹത്തിൽ നിന്നും ഐക്യത്തിൽ നിന്നുമാണ് യഥാർത്ഥസമാധാനം ഉടലെടുക്കുക.

അനുരഞ്ജനത്തിലൂടെയേ യഥാർത്ഥസമാധാനം സാദ്ധ്യമാവൂ. അടിച്ചമർത്തലിലൂടെയും, നശിപ്പിക്കലിലൂടെയും, ഒഴിഞ്ഞുമാറലിലൂടെയും അത് ഒരിക്കലും കൈവരില്ല. തൻെറ ഉള്ളിൽ സമാധാനം ഉള്ളവനേ സമാധാനസ്ഥാപകനാകാൻ കഴിയൂ. വ്യക്തിഗതമായ സുസ്ഥിതിയാണ് സമൂഹത്തിൻെറ സുസ്ഥിതിയിലേക്കു നയിക്കുക. ''മന:സ്ഥിതി നന്നായാലേ വ്യവസ്ഥിതി നന്നാകൂ.''

**സമാധാനം അനുഭവിയ്ക്കുന്നവർ**

സമാധാനരാജാവായ ക്രിസ്തുവിൻെറ ഭരണം ഹൃദയത്തിൽ അനുഭവിക്കുന്നവരാണ് യഥാർത്ഥ സമാധാനത്തിൻെറ ഉടമകൾ. ദൈവീകജീവനിൽ പങ്കുകാരായി ദൈവസ്നേഹം അനുഭവിക്കുന്നതുവഴി ദൈവത്തിൻെറ പിതൃത്വവും മനുഷ്യസാഹോദര്യവും വാക്കുകൾക്കും ആശയങ്ങൾക്കും അതീതമായ ഒരനുഭവമായിത്തീരുന്നു.

അനുരഞ്ജനത്തിൻെറ പാതയാണ് സമാധാനത്തിലേയ്ക്കു നയിക്കുക.

സ്വയംകണ്ടെത്തി. സ്വീകരിച്ച്, അംഗീകരിച്ച്, താൻ വിലപ്പെട്ടവനാണെന്ന ബോധത്തിൽ വളർന്നാലേ തന്നോടുതന്നെയുള്ള അനുരഞ്ജനം ഒരുവന് സാദ്ധ്യമാകൂ. സ്വയം അംഗീകരിക്കാത്തവന് അപരനെ സ്വീക

malankaralibrary.com

രിക്കാനോ, വിലമതിക്കാനോ ആവില്ല. അവിടെ സ്വാർത്ഥത, അസൂയ, കലഹം, കുററപ്പെടുത്തൽ, ഏഷണി, നിന്ദ എല്ലാം പ്രകടമാകും. പാപമോചനത്തിലൂടെയുള്ള ആത്മീയസൗഖ്യവും മനസ്സിൻെറ മുറിവുകളെ സുഖപ്പെടുത്തുന്ന ആന്തരികസൗഖ്യവും ഒരുവൻ നേടുന്നതിലൂടെ തന്നോടുതന്നെയുള്ള അനുരഞ്ജനം ഒരു പരിധിവരെ നടക്കുന്നു. ഇത് സഹോദരങ്ങളുമായും, ദൈവവുമായുള്ള അനുരഞ്ജനത്തിലേയ്ക്ക് നയിക്കുന്നു. ദൂരസ്ഥരും സമീപസ്ഥരുമായ സകലരും ക്രിസ്തുവിൽ ഒന്നായിത്തീർന്ന് പരി. ത്രീത്വത്തിൻെറ ഐക്യത്തിലേയ്ക്ക് പരിശുദ്ധാരൂപിയാൽ നയിക്കപ്പെടുന്നതുവഴി യഥാർത്ഥസമാധാനത്തിൻെറ ഉടമകളായിത്തീരുന്നു. സ്വഹൃദയത്തിൽ ദൈവരാജ്യം ഇല്ലാത്തവർക്ക് ഭൂമിയിൽ ദൈവരാജ്യ സ്ഥാപകരാകാനാവില്ലല്ലോ.

**സമാധാനസ്ഥാപകർ**

''ദൈവരാജ്യം ബലവശ്യമാകുന്നു, ബലപ്രയോഗികൾ അതു കീഴടക്കുന്നു'' (മത്താ11:12). വലിയ യുദ്ധത്തിലൂടെ മാത്രം നേടിയെടുക്കാനാവുന്ന ഒന്നത്രെ ദൈവരാജ്യത്തിൻെറ അനുഭവമായ സമാധാനം. എന്നാൽ ഈ യുദ്ധം മററുള്ളവരോടല്ല; തന്നോടുതന്നെ, തന്നിലെ സ്വാർത്ഥതയോടാണ്. ക്രിസ്തുശിഷ്യൻെറ ജീവിതം ജഡികതാല്പര്യങ്ങളോടും, ലൗകികതയോടും, സാത്താനോടുമുള്ള സന്ധിയില്ലാത്ത സമരമാണ്. വലിയ സംഘർഷത്തിലൂടെ കടന്നുവന്ന വിജിഗീഷു വിലമത്രെ ആഴമായ സമാധാനം കുടികൊള്ളുക. വളരെ

malankaralibrary.com

ഉയർന്ന ഒരു ഗോപുരം കാണുമ്പോൾ അതിൻെറ അസ്ഥിവാരം ഏറെ ആഴത്തിൽ സ്ഥാപിതമാണെന്ന് നാം ഗ്രഹിക്കുന്നു. യേശുവിനോട്ചേർന്ന് സന്ധിയില്ലാത്ത സമരത്തിലൂടെ തിന്മയെ അമ്പേ പരാജയപ്പെടുത്തി, നന്മ സ്ഥാപിക്കുന്ന യജ്ഞത്തിൽ ഏർപ്പെട്ടിരിക്കുന്നവനാണ് ക്രിസ്തുശിഷ്യൻ. ഇവിടെ ആരുടെയും ആവശ്യങ്ങളോ, അവകാശങ്ങളോ നിഷേധിക്കപ്പെടുന്നില്ല; ആരേയും ചൂഷണം ചെയ്യുകയോ, അടിച്ചമർത്തുകയോ ചെയ്യുന്നില്ല; ശത്രുവും മിത്രവും ഒപ്പം തിന്മയുടെ പിടിയിൽനിന്നു മോചനംനേടി, രക്ഷ അനുഭവിക്കുന്ന ദൈവമക്കളുടെ സമാധാനസ്ഥാപനമാണിവിടെ നടക്കുക. ക്ഷമയും വിട്ടുവീഴ്ചയും സ്നേഹവും പ്രാർത്ഥനയും ത്യാഗവും ഒക്കെ ആണ് ഈ സമരത്തിലെ ആയുധങ്ങൾ.

ആഴമേറിയ പങ്കുവയ്ക്കലിൻെറ ഫലമാണ് യഥാർത്ഥ സമാധാനം—

പരസ്പരം ആഴമായി അറിയുമ്പോൾ, സ്നേഹിക്കുമ്പോൾ, അന്യോന്യം തുറന്നുവയ്ക്കുമ്പോൾ ആ ആത്മാർത്ഥതയുടെ മുമ്പിൽ അസൂയയ്ക്കോ സ്വാർത്ഥതയ്ക്കോ കലഹത്തിനോ സ്ഥാനമില്ല. പരി. ത്രീത്വത്തിലുള്ള സ്നേഹം, പങ്കുവെയ്ക്കൽ, പരസ്പരധാരണ, ബഹുമാനം, പൂർണ്ണത ഇവയെല്ലാം നമ്മുടെ ജീവിതത്തിലും പ്രകടമാകും, അനുഭവവേദ്യമാകും. നമ്മൾ സമാധാനമുള്ളവരും, സമാധാനസ്ഥാപകരും ആയിത്തീരും,

മനുഷ്യൻെറ സർവ്വതോന്മുഖമായ അഭിവൃദ്ധിയെ ഉന്നംവെച്ച്, വിവിധമേഘലകളിൽ പ്രവർ

malankaralibrary.com

ത്തിച്ചും, സഹകരിച്ചുംകൊണ്ട്, ദൈവത്തിൻെറ പിതൃത്വവും മനുഷ്യരുടെ സാഹോദര്യവും എല്ലാവരും അംഗീകരിച്ച് അനുഭവിക്കുന്ന, സമാധാനത്തിൻെറയും സംതൃപ്തിയുടെയും വ്യവസ്ഥിതിസ്ഥാപിക്കുവാൻ നിരന്തരം പരിശ്രമിക്കുക എന്നത് ക്രിസ്തുശിഷ്യൻെറ ഹൃദയത്തിൽത്തന്നെ പരിശുദ്ധാത്മാവിനാൽ എഴുതപ്പെട്ടിരിക്കുന്ന കല്പനയാണ്. നാംഎല്ലാവരും ക്രിസ്തുവിൻെറ ഈ രക്ഷാകരവേലയിൽ ബോധപൂർവ്വം പങ്കുകാരാകുമ്പോഴാണ് ''ദൈവമക്കളുടെ വെളിപ്പെടുത്തലിനുവേണ്ടി ആകാംഷയോടെ കാത്തിരിക്കുന്ന സൃഷ്ടപ്രപഞ്ചത്തിൻെറ പ്രതീക്ഷ'' (റോമ 8:19) ഫലമണിയുക. അങ്ങനെ ''ഈ സൃഷ്ട ലോകംതന്നെ ജീർണ്ണതയുടെ അടിമത്തത്തിൽ നിന്ന് മോചനം നേടുകയും ദൈവമക്കളുടെ മഹത്വപൂർണ്ണമായ സ്വാതന്ത്ര്യം പ്രാപിക്കയും ചെയ്യും'' (റോമ 8:21)

malankaralibrary.com

## ഒൻപത്

# നീതിക്കുവേണ്ടി പീഡനം ഏല്ക്കുന്നവർ ഭാഗ്യവാൻമാർ

**സഹനമെന്ന രഹസ്യം**

ലോകത്തിന് ഇന്നോളം ഗ്രഹിക്കാനാവത്തതും, എന്നും ഏവരും ഒഴിവാക്കാനാഗ്രഹിക്കുന്നതെങ്കിലും ആവാത്തതും, യേശുവിൻെറകുരിശിൽമാത്രം അർത്ഥം കണ്ടെത്താനാവുന്നതുമായ വലിയൊരു രഹസ്യമാണ് സഹനംഎന്ന യാഥാർത്ഥ്യം. ബുദ്ധികൊണ്ടു മനസ്സിലാക്കാനോ, വാക്കുകാംകൊണ്ടു വിശദമാക്കാനോ കഴിയാത്ത ഈരഹസ്യം ക്രൂശിതനായ ക്രിസ്തുവിനോടുകൂടെയുള്ള ജീവിതത്തിൻെറ അനുഭവത്തിലൂടെ മാത്രമേ ഗ്രഹിക്കാനാവൂ.

ദൈവരാജ്യത്തിൻെറ അവകാശികളും വക്താക്കളുമാകുവാൻ സഹനത്തിലൂടെ കടന്നുപോകുക അത്യാവശ്യമാണെന്ന് ദൈവവചനവും, യേശുവിൻെറ ജീവിതവും, തിരുസ്സഭയുടെ പഠനങ്ങളും വ്യക്തമാക്കുന്നുണ്ട്.

malankaralibrary.com

## സഹനത്തിലൂടെ പരിപൂർണ്ണതയും നിത്യരക്ഷയും

''ആർക്കുവേണ്ടിയും ആരുമൂലവും എല്ലാം നിലനിൽക്കുന്നുവോ, ആര് അനേകം പുത്രൻമാരെ മഹത്വത്തിലേയ്ക്കു നയിക്കുന്നുവോ, ആരക്ഷയുടെ കർത്താവിനെ അവിടുന്ന് സഹനംവഴി പരിപൂർണ്ണ നാക്കുക തികച്ചും ഉചിതമായിരുന്നു''(ഹെബ്ര2:10)

''തൻെറ ഐഹികജീവിതകാലത്ത് ക്രിസ്തു മരണത്തിൽനിന്നുതന്നെ രക്ഷിക്കാൻ കഴിവുള്ളവന് കണ്ണീരോടും വലിയ വിലാപത്തോടുംകൂടെ പ്രാർത്ഥ നകളും യാചനകളും സമർപ്പിച്ചു... പുത്രനായിരു ന്നിട്ടും തൻെറ സഹനത്തിലൂടെ അവൻ അനുസരണം അഭ്യസിച്ചു. പരിപൂർണ്ണനാക്കപ്പെട്ടതുവഴി അവൻ തന്നെ അനുസരിക്കുന്നവർക്കെല്ലാം നിത്യരക്ഷയുടെ ഉറവിടമായി''(ഹെബ്ര5:7—9)

യേശുവിൻെറ സഹനത്തിൻെറയും സമ്പൂർണ്ണ ശൂന്യവൽക്കരണത്തിൻെറയും ഫലമായാണ് അവിടുന്ന് മഹത്വത്തിലേയ്ക്കു കടന്ന് നമ്മെ രക്ഷിക്കയും, രക്ഷാകരദൗത്യത്തിൽ നമ്മെയും പങ്കുകാരാക്കുകയും ചെയ്തത്(ഫിലിപ്പ2:6—11). അവിടുത്തെ അതേ മനോഭാവവും ജീവിതശൈലിയും ക്രിസ്തുശിഷ്യ രുടേതും ആകേണ്ടിയിരിക്കുന്നു.

''യേശുക്രിസ്തുവിനുണ്ടായിരുന്ന ഈ മനോഭാവം നിങ്ങളിലും ഉണ്ടാകട്ടെ''(ഫിലി2:5).

''അവനിൽ വസിക്കുന്നെന്നു പറയുന്നവൻ അവൻ നടന്ന അതേവഴിയിലൂടെ നടക്കേണ്ടിയിരിക്കുന്നു'' (1യോഹ2:6)

malankaralibrary.com

''നാം മക്കളെങ്കിൽ അവകാശികളുമാണ്; ദൈവത്തിൻെറ അവകാശികളും ക്രിസ്തുവിൻെറ കൂട്ടവകാശികളും. എന്തെന്നാൽ അവനോടൊപ്പം ഒരിയ്ക്കൽ മഹത്വപ്പെടേണ്ടതിന് ഇപ്പോൾ അവനോടുകൂടെ നാം പീഡയനുഭവിക്കുന്നു''(റോമ8:17).

## നീതിസ്ഥാപനവും പീഡനവും:

പരിപൂർണ്ണനീതി സ്ഥാപിക്കപ്പെട്ടു കഴിയുമ്പോഴാണല്ലോ ദൈവരാജ്യം സ്ഥാപിതമായി എന്നു പറയാനാവുക. നീതിസ്ഥാപനത്തിനായി പരിശ്രമിക്കുന്നവരെല്ലാം പീഡനങ്ങൾ സഹിച്ചേ മതിയാവൂ. ക്രിസ്തുവിലൂടെ പ്രകടമായ ദൈവരാജ്യത്തിൻെറ നീതിയ്ക്കായി ജീവിക്കുകയും പരിശ്രമിക്കുകയും ചെയ്യുന്നവർ പീഡിപ്പിക്കപ്പെടും. കാരണം, ലോകത്തിന് അത് ഗ്രഹിക്കാനോ ഉൾക്കൊള്ളാനോ ആവാത്തതുതന്നെ.

## ക്രൈസ്തവൻ വ്യത്യസ്തൻ

ലോകത്തിൻെറ വഴികളും, മാനദണ്ഡങ്ങളും, മൂല്യങ്ങളും എല്ലാം ദൈവരാജ്യത്തിൻേറതിൽനിന്ന് തുലോം വ്യത്യസ്തമെന്നു മാത്രമല്ല, അവ പരസ്പര വിരുദ്ധവുമത്രെ. തന്മൂലം ദൈവരാജ്യത്തിൻെറ അംഗങ്ങൾ പ്രത്യക്ഷത്തിൽ ലോകത്തിൻെറ ശത്രുക്കളായിരിക്കും. 'ലോകത്തിൻെറ മിത്രം ആകാൻ ആഗ്രഹിക്കുന്നവൻ ദൈവത്തിൻെറ ശത്രുവാണ് (യാക്കോ4:4). ലോകത്തിനു മനസ്സിലാക്കാനാവാത്തതും, അതിൽ നിന്നു വ്യത്യസ്തവും കടകവിരുദ്ധവുമായ ഒരു

malankaralibrary.com

ജീവിതശൈലി എതിർക്കപ്പെട്ടില്ലെങ്കിലല്ലേ അത്ഭുതം?

ഒരു യഥാർത്ഥ ക്രിസ്ത്യാനിയുടെ ജീവിതത്തെ ലോകം നിരന്തരം എതിർക്കും "നിങ്ങൾ ലോകത്തിന്റേതല്ലാത്തതുകൊണ്ട്, ഞാൻ നിങ്ങളെ ലോകത്തിൽനിന്നു തെരഞ്ഞെടുത്തതുകൊണ്ട്, ലോകം നിങ്ങളെ ദ്വേഷിക്കുന്നു" (യോഹ15:19)

ഈ പീഡനവും എതിർപ്പും അതിൽനിന്നുളവാകുന്ന സഹനവും നമുക്കു നിരന്തരം അനുഭവപ്പെടുന്നില്ലെങ്കിൽ നമ്മൾ ക്രിസ്തുശിഷ്യരായിത്തീർന്നിട്ടുണ്ടോ എന്നു സംശയിക്കേണ്ടിയിരിക്കുന്നു. ലോകത്തിന്റേതിൽനിന്നു തികച്ചും വ്യത്യസ്തവും അതിനോടു കടകവിരുദ്ധവുമായൊരു നീതി നമ്മുടേതായിത്തീർന്നിട്ടുണ്ടെങ്കിൽ മാത്രമേ ഈ പീഡനത്തിനു നമ്മൾ അവകാശികളായിത്തീരുകയുള്ളൂ. "നിങ്ങൾ ഈ ലോകത്തിന് അനുരൂപരാകരുത്; പ്രത്യുത, നിങ്ങളുടെ മനസ്സിന്റെ നവീകരണംവഴി രൂപാന്തരപ്പെടുവിൻ" (റോമ 12:2)

ദൈവരാജ്യത്തിന്റെ നീതിയെപ്പററി യഥാർത്ഥ ബോധമുള്ളവന് ആ നീതി നടപ്പിലാകുംവരെ അടങ്ങിയിരിക്കാനാവില്ല. അത്തരത്തിലുള്ള ഒരു ക്രിസ്തുശിഷ്യൻ ജീവിക്കുന്ന സാഹചര്യങ്ങളിലെല്ലാം ലോകത്തിന്റെ മൂല്യങ്ങളനുസരിച്ചു ജീവിക്കുന്നവർക്ക് വലിയൊരു ഭീഷണിയും വെല്ലുവിളിയും ആയിരിക്കും. നീതിക്കുവേണ്ടി പീഡനങ്ങൾ സഹിക്കാൻ തയ്യാറുള്ളവർക്കേ ദൈവരാജ്യം അനുഭവിക്കാനും സ്ഥാപിക്കാനും സാധിക്കൂ.

malankaralibrary.com

## സഹനം ആനന്ദത്തിലേക്ക്

നീതിക്കുവേണ്ടി, ക്രിസ്തുവിനോടുകൂടിയുള്ള സഹനത്തിൽ വലിയ ആനന്ദവുമുണ്ട്. ക്രിസ്തീയ സഹനത്തിന്റെ മൂല്യം മനസ്സിലാക്കിയവരെല്ലാം തന്നെ ''സഹനമില്ലാത്ത ജീവിതത്തേക്കാൾഭേദം മരണം'' ആണെന്ന ആവിലായിലെ വി. ത്രേസ്യയുടെ മനോഭാവത്തിൽ പങ്കുകൊള്ളുന്നവരാണ്. യേശുവിന്റെ ജീവിതത്തിന്റെ തുടർച്ചയായ ക്രിസ്തീയ ജീവിതം ഒരു ബലിജീവിതമാണ്. ജീവിതംതന്നെ ഒരു ബലിയായി സമർപ്പിക്കാൻ വിളിക്കപ്പെട്ടിരിക്കുന്നവർക്ക് ബലിയർപ്പണത്തിനു ലഭിക്കുന്ന ഓരോ അവസരവും വലിയ സന്തോഷത്തിന്റേയും സാഫല്യത്തിന്റേയും നിമിഷങ്ങളാണല്ലോ. യേശുവിനോടുള്ള നമ്മുടെ ബന്ധത്തിന്റേയും സ്നേഹത്തിന്റേയും ദൈവരാജ്യത്തോടുള്ള നമ്മുടെ താല്പര്യത്തിന്റെയും ആഴമനുസരിച്ച് ഈ ബലിജീവിതത്തിൽ നിന്നുള്ള സന്തോഷം നമുക്ക് അനുഭവിക്കാനാവും.

## സഹനത്തിലും അഭിമാനം

'യേശുവിന്റെ നാമത്തെപ്രതി അപമാനം സഹിക്കാൻ യോഗ്യത ലഭിച്ചതുതന്നെ വലിയൊരു കാര്യമായി സന്തോഷിച്ച' (അപ്പ. പ്രവ 5:41) അപ്പസ്തോലൻമാരും, നൂററാണ്ടുകളിലൂടെ ഈ മനോഭാവം സ്വന്തമാക്കി ക്രിസ്തീയസഹനത്തിൽ ആഹ്ളാദിച്ചു ദൈവത്തെ സ്തുതിച്ചിരുന്ന വിശുദ്ധരും ''എന്നെപ്രതി മനുഷ്യർ നിങ്ങളെ അവഹേളിക്കുകയും, പീഡിപ്പിക്കുകയും എല്ലാവിധ തിന്മകളും നിങ്ങൾക്കെതിരെ വ്യാജ

malankaralibrary.com

മായി പറയുകയും ചെയ്യുമ്പോൾ നിങ്ങൾ ആനന്ദിച്ചാഹ്ളാദിക്കുവിൻ'' എന്ന ദിവ്യഗുരുവിൻെറ കല്പനയെ അക്ഷരാർത്ഥത്തിൽ അനുസരിക്കുകമാത്രമല്ല, ആ വചനത്തിൻെറ സത്യവും ശക്തിയും തങ്ങളുടെ ജീവിതത്തിൽ അനുഭവിച്ചറിയുകകൂടെ ചെയ്തവരാണ്.

ക്രിസ്തീയസഹനം തെററു ചെയ്തതിൻെറ ഫലമായ ശിക്ഷയിലൂടെ അനുഭവപ്പെടുന്ന സഹനമല്ല; നീതിക്കുവേണ്ടി പോരാടുമ്പോൾ നേരിടുന്ന സഹനമാണ്. നിഷ്ക്രിയമായൊരു വിശുദ്ധജീവിതത്തിൽ— അതായത്, മാമ്മോദീസായിൽ ലഭിച്ച പരിശുദ്ധി നഷ്ടമാകാതിരിക്കാനുള്ള വ്യഗ്രതയിൽ പ്രവർത്തനങ്ങളിലൊന്നും വ്യാപൃതരാകാതെ—അപകടത്തെഭയന്ന് ഒഴിഞ്ഞുമാറി കഴിയുന്നവർ സ്വർഗ്ഗരാജ്യം അവകാശപ്പെടുത്തുമോ? നൽകിയ താലന്ത് നഷ്ടപ്പെടുത്താതെ മണ്ണിൽ കുഴിച്ചുവച്ച് യജമാനന് തിരിച്ചേല്പിച്ച ഭൃത്യനിൽനിന്ന് അത് തിരിച്ചെടുത്ത് ഉള്ളവനു കൊടുത്തിട്ട് അവനെ പുറത്തുള്ള അന്ധകാരത്തിലേയ്ക്കു തള്ളിയതായിട്ടാണ് ഉപമയിൽ നാം വായിക്കുക. വിവേകപൂർവ്വം വ്യാപാരം ചെയ്യുന്നതിനാണല്ലോ താലന്ത് നൽകുക. ദൈവരാജ്യസ്ഥാപനത്തിനായി നിയോഗിക്കപ്പെട്ടവർ അതിൽ വ്യാപൃതരാകാതിരിക്കുക ശിക്ഷാർഹമായ കൃത്യവിലോപമല്ലേ?

## സഹനം ക്രൈസ്തവൻെറ അവകാശം

ക്രിസ്തുശിഷ്യൻ, തൻെറ സ്വഭാവശുദ്ധിയും

malankaralibrary.com

വ്യക്തിത്വത്തിന്റെ മാഹാത്മ്യവും നിമിത്തം പലപ്പോഴും മററുള്ളവർക്ക് അരോചകമായി ഭവിക്കാം. അനീതിക്കു കൂട്ടുനിൽക്കുന്നവർക്ക് അവന്റെ സാന്നിദ്ധ്യം ദുഷ്ക്കരമത്രെ. ബോധപൂർവ്വമായും അല്ലാതെയും അവർ അവനെ ഒഴിവാക്കാൻ പരിശ്രമിക്കും. കാരണം, അവന്റെ സാന്നിദ്ധ്യം അവരുടെ മനഃസാക്ഷിക്ക് അസ്വസ്ഥത ഉളവാക്കുന്നു എന്നതുതന്നെ. തെററിനു കൂട്ടുനിൽക്കാൻ തയ്യാറാകാത്തതിനാൽ പീഡിപ്പിക്കപ്പെടുമ്പോഴും സന്തോഷത്തോടെ ആസഹനത്തെ സ്വീകരിച്ചുകൊണ്ട് നീതിയ്ക്കായുള്ള പരിശ്രമം തുടരുകയാണ് അവർ ചെയ്യേണ്ടത്. ദൈവത്തിന്റെ ദാനമായ നമ്മുടെ ജീവിതം അവിടുത്തേയ്ക്കു പ്രീതികരവും സ്വീകാര്യവുമായ ഒരു ബലിയായി സമർപ്പിക്കപ്പെടേണ്ടതാണ് (റോമ12:1). ആ ലക്ഷ്യം പ്രാപിക്കുമ്പോഴാണല്ലോ ജീവിതത്തിൽ ഏററം വലിയ ധന്യത അനുഭവിയ്ക്കാനാവുക.

### മഹത്വത്തിന്റെ മാർഗ്ഗം

രക്ഷയിലേയ്ക്കും മഹത്വത്തിലേയ്ക്കുമുള്ള കവാടമായിരുന്ന തന്റെ കുരിശുമരണത്തിനുമുമ്പുള്ള പെസഹാ തന്റെ ശിഷ്യരോടൊത്തു ഭക്ഷിക്കുവാൻ താൻ എത്രമാത്രം ആഗ്രഹിച്ചിരുന്നു എന്ന് യേശു വ്യക്തമാക്കുന്നുണ്ട്(ലൂക്ക22:15—16). അവിടുത്തെ സ്നേഹത്തിന്റെയും ബലിയുടെയും സ്വയം മുറിച്ചു പങ്കുവയ്ക്കലിന്റെയും മൂർദ്ധന്യത്തിൽ ഈശോ അനുഭവിച്ച സന്തോഷവും, സാഫല്യവും വാക്കുകളാൽ വിശദമാക്കാനോ, മനുഷ്യജീതത്തിൽ അനുഭവിച്ചറി

malankaralibrary.com

യാനോ സാദ്ധ്യമല്ല. സ്നേഹത്തിനുവേണ്ടി സഹിക്കുന്ന വേദനയുടെ പാരമ്യത്തിലാണ് സംതൃപ്തിയും സാഫല്യവും മനുഷ്യമനസ്സിനു ഗ്രഹിക്കാനാവാത്ത ആഹ്ലാദവും അനുഭവിക്കാനാവുക. യേശുവിൻെറ കുരിശിലാണ്, ''എല്ലാം പൂർത്തിയായിരിക്കുന്നു'' (യോഹ: 16:30) എന്നരുളിച്ചെയ്തുകൊണ്ട് തൻെറ ആത്മാവിനെ പിതൃകരങ്ങളിൽ അർപ്പിച്ചപ്പോഴാണ്, രക്ഷാകരദൗത്യത്തിൻെറ പരിപൂർത്തിയും, ദൈവരാജ്യസ്ഥാപനത്തിൻെറ യാഥാർത്ഥീകരണവും. ആ കുരിശിലുള്ള ഭാഗഭാഗിത്തത്തിൻെറ അളവനുസരിച്ചായിരിക്കും നമ്മുടെ ദൈവരാജ്യാനുഭവവും.

യേശുക്രിസ്തുവിനോടുകൂടെ കൂട്ടവകാശികളാകുന്നതിനുവിളിക്കപ്പെട്ട നമുക്ക്, അവിടത്തെ മഹത്വത്തിൽ കൂടുതലായി പങ്കുകാരാകുന്നതിനു നമ്മെ അർഹരാക്കുന്ന അവിടത്തെ സഹനത്തിൽ ഓരോ ദിവസവും കൂടുതലായ പങ്ക്തന്ന് അനുഗ്രഹിക്കണമേ എന്നു പ്രാർത്ഥിക്കാം. കുരിശിൻെറ ഭാരം കുറയ്ക്കണമേ എന്നല്ല, വഹിക്കാനുള്ള കരുത്ത് ചുമലിന് കൂട്ടണമേ എന്ന് പ്രാർത്ഥിച്ചുകൊണ്ട് ക്രിസ്തുവിനോടുകൂടിയുള്ള—നീതിക്കുവേണ്ടിയുള്ള—കൂടുതലായ സഹനത്തിനായി തീവ്രതയോടെ നമുക്ക് ആശിക്കാം.

**പരിചിന്തനത്തിന്:**

1. ഞാൻ ജീവിക്കുന്ന സാഹചര്യത്തിൽ എൻെറ ജീവിതം ഒരു വെല്ലുവിളിയും ചോദ്യചിഹ്നവും ആകുന്നുണ്ടോ ?

malankaralibrary.com

അങ്ങനെയുള്ള ഏതാനും അവസരങ്ങൾ കണ്ടെത്തുക. ഇല്ലെങ്കിൽ എന്തുകൊണ്ട് ? ഞാനിനി എന്തുചെയ്യണം ?

2. സഹനത്തോടുള്ള എന്റെ മനോഭാവമെന്ത് ?

എനിക്കു സഹനം നേരിട്ട അവസരങ്ങളിൽ എന്റെ പ്രതികരണം എന്തായിരുന്നു ?

malankaralibrary.com

# പത്ത്

# അവലോകന ചിന്ത

## 1. ആത്മാവിൽ ദരിദ്രർ

ഈലോകത്തിൽ എല്ലാ മനുഷ്യരും തന്നെ ഒരു തരത്തിലല്ലെങ്കിൽ മററൊരുതരത്തിൽ നിസ്സഹായരത്രേ. എന്നാൽ തങ്ങളുടെ ആശ്രിതത്വത്തെപ്പററി അവബോധമില്ലാതെ തങ്ങൾ സമ്പന്നരാണെന്നു കരുതുന്നവർ ഏറെയുണ്ട്. 'ദൈവം എൻെറ പിതാവാണ്, ദൈവത്തിൽനിന്നു ദാനമായി സ്വീകരിച്ചതല്ലാതെ എനിക്കൊന്നുമില്ല, എൻെറ ശൂന്യതയെ നികത്താൻ കഴിവുള്ള ദൈവത്തിൽ ഞാൻ എല്ലാം തികഞ്ഞവനാണ്" എന്നിങ്ങനെയുള്ള കേവലശൂന്യതയുടെയും പൂർണ്ണസമ്പന്നതയുടെയും ഒന്നിച്ചുള്ള ആഴമേറിയ ഒരനുഭവമാണ് ദൈവരാജ്യാനുഭവത്തിനടിസ്ഥാനം. തൻെറ ഒന്നുമില്ലായ്മയുടെ കയങ്ങളിലേയ്ക്ക് ഇറങ്ങിച്ചെല്ലുന്നതും ആ ശൂന്യതയെ നിറയ്ക്കുന്ന ദൈവിക പൂർണ്ണതയെക്കുറിച്ചുള്ള ആഴമേറിയ അവബോധം ഉണ്ടാകുന്നതും ക്രിസ്തുശിഷ്യൻെറ ജിവിതത്തെ ഏററം ധന്യമാക്കുന്നു. സ്വയം ശൂന്യമായവർക്കേ ദൈവത്തിൻെറ സകലസമ്പന്നതയാലും നിറഞ്ഞ് സ്വർഗ്ഗസ്ഥനായ പിതാവിനെപ്പോലെ പരിപൂർണ്ണരാകാനാവൂ.

malankaralibrary.com

## 2. തീക്ഷ്ണതയോടെ കരയുന്നവർ

ദൈവം തന്റെ പിതാവാണെന്ന് ആത്മാവിന്റെ ആഴത്തിൽ ഗ്രഹിക്കുന്ന ക്രിസ്തുശിഷ്യൻ മനുഷ്യരെല്ലാവരും ദൈവമക്കളും തന്റെ സഹോദരരുമാണ്; അവരെല്ലാവരുടെയും സന്തോഷവും ദുഃഖവും തന്റേതുമാണ് എന്നുഗ്രഹിക്കുന്നു. തന്റെമേലും ലോകത്തിന്റെമേലും ഉള്ള ദുഷ്ടന്റെപിടി എത്രശക്തമെന്നറിയുന്ന അയാരം തന്നെത്തന്നെയും ലോകത്തേയും ദുഷ്ടന്റെ ശക്തി വലയത്തിൽനിന്നും തിന്മയുടെ സ്വാധീനത്തിൽനിന്നും രക്ഷിക്കാൻ കഴിയുന്നവന്റെ പക്കലേയ്ക്ക്തിരിഞ്ഞ് നിരന്തരം നിലവിളിക്കുകയും, ദുഷ്ടതയുടെ കെട്ടുപൊട്ടിയ്ക്കാൻ പരമാവധി പരിശ്രമിക്കുകയും ചെയ്യുന്നു. തന്റെ ഒരുകൈ ദൈവതൃക്കരങ്ങളിലും, മറേറകൈ സഹോദരങ്ങളുടെ കരങ്ങളിലും മുറുകെപിടിച്ചുകൊണ്ട്, ദൈവശക്തിയാൽ സഹോദരരോടൊപ്പം ദുഷ്ടന്റെ പിടിയിൽനിന്ന് പടിപടിയായി മോചനംനേടുന്ന ക്രിസ്തുശിഷ്യന്റെ ചിത്രമാണ് ഈ സുവിശേഷ ഭാഗ്യത്തിലൂടെ ചിത്രീകരിക്കപ്പെടുക.

## 3. സ്വയം നിയന്ത്രണ വിധേയരാക്കിയ ശാന്തശീലർ

ദുഷ്ടന്റെശക്തി എത്രതന്നെ വലുതായിരുന്നാലും സർവ്വശക്തനായ പിതാവായ ദൈവത്തിന്റെ അറിവും അനുമതിയും കൂടാതെ യാതൊന്നും തനിക്കു

malankaralibrary.com

സംഭവിയ്ക്കയില്ലെന്നറിയുന്ന ദൈവമക്കളെ ഒന്നും തന്നെ അലട്ടുകയില്ല. തന്നിൽതന്നെ താൻഒന്നുമല്ലെന്നും, തനിക്ക് ദൈവത്തിൽനിന്നുള്ളതല്ലാതെ, നേടിയെടുക്കാനോ, നഷ്ടപ്പെടാനോ—യാതൊന്നുംഇല്ലെന്നും അറിയുന്നതിനാൽ തെററിദ്ധാരണയോ, അപവാദമോ, വിമർശനമോ, അംഗീകാരക്കുറവോ, സ്വാഭാവികമായ പ്രതികൂലസാഹചര്യങ്ങളോ, പ്രകൃതിക്ഷോഭമോ, ജീവഹാനിയോആകട്ടെ യാതൊന്നും അവരെ അസ്വസ്ഥരാക്കില്ല. ഈലോകത്തിൽ തങ്ങൾവെറും യാത്രക്കാരാണെന്നബോദ്ധ്യവും, സകലവും പിതാവിൻെറ പൂർണ്ണനിയന്ത്രണത്തിലാണെന്ന ഉറച്ചവിശ്വാസവും, ദൈവഹിതത്തിനുള്ള പരിപൂർണ്ണസമർപ്പണവുമാണ് അവരുടെ ശാന്തതയുടെ രഹസ്യം. പ്രകോപനങ്ങളെ എല്ലാം അതിജീവിയ്ക്കാൻ അവരെ പ്രാപ്തരാക്കുന്ന, തൻെറ മേൽത്തന്നെ നേടിയെടുത്ത, വിജയവും വികാരങ്ങളെ വിധേയമാക്കിയ വിജിഗീഷുവിൻെറ ശാന്തഗാംഭീര്യവും അവർ സ്വായത്തമാക്കിയിരിക്കുന്നു. സത്യം അവരെ സ്വതന്ത്രരാക്കിക്കഴിഞ്ഞു. "ദൈവം നമ്മുടെ പക്ഷത്തെങ്കിൽ ആര് നമുക്ക് എതിരുനിൽക്കും?" (റോമ8:31)

**4. നീതിക്കായി തീവ്രതയോടെ വിശക്കുന്നവർ:**

പ്രവർത്തനവും, പ്രതികരണവും ആവശ്യമായ അവസരത്തിൽ ക്ഷമയുടെയോ, സഹിഷ്ണുതയുടെയോ, സഹനശക്തിയുടെയോ, കപടവേഷമണിഞ്ഞ് നിസ്സംഗനും, നിഷ്ക്രിയനും ആയിരിക്കാതെ,

malankaralibrary.com

ഏവർക്കും നീതിലഭിക്കുന്നതിനുവേണ്ടി തീവ്രമായി, ധാർമ്മികരോഷത്തോടെ പടപൊരുതാൻ ക്രിസ്തുശിഷ്യൻ—സദാ സന്നദ്ധനായിരിക്കും.

## 5. ക്രിയാത്മകമായി കരുണ കാണിക്കുന്നവർ:

'സ്നേഹത്തിന്റെ പ്രവർത്തനങ്ങളിലൂടെ പ്രകടിതമാകുന്ന വിശ്വാസ'(ഗലാ5:6)ത്തിനുടമകളാണിവർ. സാമൂഹ്യപ്രവർത്തനം ഒരു ക്രിസ്ത്യാനിക്ക് അന്യമായൊരു മേഖലയല്ല. അതവന്റെ സ്വതസിദ്ധമായ ജീവിതശൈലിയത്രെ. പേരിനും പെരുമയ്ക്കുമായുള്ള സാമൂഹ്യപ്രവർത്തനരംഗത്തൊന്നും അവനെ കണ്ടെന്നു വരില്ല. ഇടതുകൈ ചെയ്യുന്നതെന്തെന്നു വലതുകൈ അറിയാനിടവരാതെ നിരന്തരം അവൻ കരുണ കാണിച്ചുകൊണ്ടിരിക്കും. അത്, ഒരുവികാരത്തിലോ, ഏതാനും വാക്കുകളിലോ ഒതുങ്ങുന്ന സഹതാപപ്രകടനമല്ല; നല്ല സമരിയാക്കാരനെപ്പോലെ നഷ്ടംസഹിച്ചും ക്ലേശങ്ങൾ വകവയ്ക്കാതെയും ആവശ്യത്തിലിരിക്കുന്ന ഏവർക്കും നന്മചെയ്യാൻ ജാഗ്രതയും വ്യഗ്രതയും പൂണ്ടതത്രെ.

## 6. സമഗ്രമായ ഹൃദയശുദ്ധിയുള്ളവർ

ക്രിസ്തുശിഷ്യന്റെ മനോഭാവത്തിലോ, സംസാരത്തിലോ, പെരുമാററത്തിലോ വിരുദ്ധോദ്ദേശ്യങ്ങളോ, കാപട്യത്തിന്റെ ലാഞ്ഛനയോ ഉണ്ടായിരിക്കില്ല. ദൈവഹിതം നിറവേററുക എന്ന ഏകലക്ഷ്യ

malankaralibrary.com

ത്തിലേയ്ക്ക് അവന്റെ സർവ്വകഴിവും, സമയവും ഏകാഗ്രമാക്കപ്പെട്ടിരിക്കും.

## 7. നിരന്തരയുദ്ധത്തിൽ ഏർപ്പെട്ടിരിക്കുന്ന സമാധാനസ്ഥാപകർ

തിന്മയെ ഇല്ലായ്മചെയ്ത് ദൈവരാജ്യം സ്ഥാപിക്കുന്നതിനുള്ള നിരന്തര യജ്ഞത്തിൽ തന്നോടുതന്നെ യാതൊരു ദാക്ഷിണ്യവും കാട്ടാതെ, സ്വാർത്ഥതയോടും, ത്യാഗം ചെയ്യുന്നതിനുള്ള മടിയോടും നിരന്തരസമരത്തിൽ ഏർപ്പെട്ടിരിക്കുന്ന ക്രിസ്തു ശിഷ്യർ, സ്നേഹത്തിലൂടേയും ക്ഷമയിലൂടെയും ശത്രുക്കളെയെല്ലാം മിത്രങ്ങളാക്കിത്തീർക്കുന്ന അശ്രാന്ത പരിശ്രമത്തിൽ വ്യാപൃതരത്രെ.

## 8. നന്മചെയ്യുകമൂലം പീഡിപ്പിക്കപ്പെടുന്നവർ

ഈലോകത്തിന് അനുരൂപരാകുന്നതിനു വിസമ്മതിക്കുകയും, ലൗകീകമാനദണ്ഡങ്ങളെയും, ഭൗതീക മൂല്യങ്ങളെയും ചോദ്യംചെയ്യുകയും ചെയ്യുന്ന ക്രിസ്തുശിഷ്യരുടെ ജീവിതം വളരെയധികം എതിർപ്പും, പീഡനവും വരുത്തുന്നതാണ്. സഹനത്തെ ആശ്ലേഷിക്കുന്നതിലൂടെ മാത്രമേ തങ്ങളുടെയും മററുള്ളവരുടെയും മോചനം സാദ്ധ്യമാവൂഎന്ന് മനസ്സിലാക്കുന്നതിനാൽ സഹനത്തിൽ നിന്നൊഴിഞ്ഞുമാറാൻ പ്രേരിപ്പിക്കുന്നവരോട് 'സാത്താനേ, നീഎന്റെമുമ്പിൽ നിന്നുപോകൂ. നിന്റെചിന്ത ദൈവികമല്ല, മാനുഷിക

malankaralibrary.com

മാണ്'' എന്ന് കർശനമായി ശാസിച്ചുകൊണ്ട്, സഹന ത്തിൻെറ പാതയിലൂടെ ഇവർ ജാഗ്രതയോടെ മുന്നേറുന്നു.

ചുരുക്കത്തിൽ, തങ്ങളുടെ ഇല്ലായ്മയെ പ്പററിയും, ദൈവത്തിൻെറ തികവിനെപ്പററിയും ആഴ മായ അവബോധത്തോടെ, പ്രപഞ്ചംമുഴുവനെയും തൻെറ ശക്തിവലയത്തിലാക്കിയിരിക്കുന്ന തിന്മയെ നശിപ്പിച്ച്, സാർവ്വത്രികസമാധാനം സ്ഥാപിക്കുവാൻ നിരന്തരം യത്നിക്കുന്നവരാണ് ക്രിസ്തുശിഷ്യർ. ഈദൗത്യം അവർ നിർവ്വഹിക്കുക നീതിസ്ഥാപിക്കുന്ന തിനുള്ള തീവ്രമായ വിശപ്പോടെയും, ഹൃദയപരി ശുദ്ധിയോടെയും, കരുണയോടും ശാന്തതയോടും കൂടെയും ക്ലേശങ്ങളുടെയും സഹനങ്ങളുടെയുംമുമ്പിൽ പതറാതെ എന്നുമാത്രമല്ല, അവയെപ്രതീക്ഷിച്ചും, കുരിശിൻെറവഴിയിലൂടെ മുന്നേറുമ്പോഠം തങ്ങഠം ഇടു ങ്ങിയ പാതയിലൂടെത്തന്നെയാണ് യാത്രചെയ്യുന്നതെന്ന ഉറപ്പിൽ ആഹ്ലാദിച്ച് ദൈവത്തെ സ്തുതിച്ചുകൊണ്ടും ആണ്.

## ആദിമക്രൈസ്തവസമൂഹം

''വിശ്വാസികളുടെ സമൂഹം ഒരുഹൃദയവും ഒരാത്മാവും ആയിരുന്നു. ആരും തങ്ങളുടെവസ്തു ക്കഠം സ്വന്തമെന്ന് അവകാശപ്പെട്ടില്ല, എല്ലാം പൊതു സ്വത്തായിരുന്നു. അപ്പസ്തോലൻമാർ കർത്താവായ യേശുവിൻെറ പുനരുത്ഥാനത്തിനു വലിയശക്തി

malankaralibrary.com

യോടെ സാക്ഷ്യംനൽകി. അവരെല്ലാവരുടെയും മേൽ കൃപാവരം സമൃദ്ധമായിഉണ്ടായിരുന്നു. അവരുടെയി ടയിൽ ദാരിദ്ര്യമനുഭവിക്കുന്നവർ ആരും ഉണ്ടായിരു ന്നില്ല...''(അപ്പ.പ്ര.4:32—34)പരസ്പരം സാമ്പത്തിക മായി സഹായിക്കുന്നതിനുള്ള പദ്ധതികൾ അവർനട പ്പാക്കിയിരുന്നു. (അപ്പ.പ്ര:11:29—30,2കൊ൨8—9) ജറുസലേമിൽവച്ച് പൗലോസും അന്നത്തെ സഭാനേതാ ക്കൻമാരുമായുണ്ടായ അഭിമുഖസംഭാഷണത്തിൽ സഭ യുടെ ഒരു പ്രധാനദൗത്യമായി എടുത്തുപറഞ്ഞ ഏക കാര്യം പാവങ്ങളെ സഹായിക്കാനുള്ള കടമയാണ് (ഗലാ2:1൦).

ആദിമസഭയ്ക്കുണ്ടായിരുന്ന ഈ ജീവിതദർശനം ഇന്നു നമുക്കും ഉണ്ടാകണം. ഈ ലോകത്തിലെ ദാരിദ്ര്യ ത്തേയും കഷ്ടപ്പാടുകളേയും കഴിയുന്നത്ര ദുരീകരി ക്കാനും, അങ്ങനെ മനുഷ്യോചിതമായി ജീവിക്കാൻ പ റ്റിയൊരു സാഹചര്യം എല്ലാവർക്കും സൃഷ്ടിക്കുവാ നും ഉണ്ടാക്കുവാനും ഉള്ള വലിയ കടമ നമുക്ക് ഓരോ രുത്തർക്കുമുണ്ട്. പ്രായോഗിക ക്രിസ്ത്യാനികളായി ജീവിക്കുവാൻ, ദൈവരാജ്യം ഇവിടെ നാം ജീവിക്കുന്ന സാഹചര്യത്തിലെല്ലാം കൈവരുത്തുവാൻ, ജീവിതത്തി ൻെറ ഓരോ സാഹചര്യത്തിലും എന്തുചെയ്യണമെന്ന് അപ്പഴപ്പോൾ പുറമെനിന്ന് ആരോ പറഞ്ഞുതരാൻ കാ ത്തിരിക്കാതെ, ഉള്ളിൽ നിന്നു നിരന്തരം നമ്മോടു സംസാരിക്കുന്ന ദൈവാത്മാവിൻെറ സ്വരം ശ്രവിച്ച് ഉത്തരവാദിത്തത്തോടെ പ്രതികരിക്കുവാൻ, ഓരോ ക്രൈസ്തവനും ഉള്ള കടമ വലുതാണ്.

malankaralibrary.com

നമ്മുടെ യുദ്ധം ജഡമാംസരക്തങ്ങളോടല്ല, തിന്മയുടെ ദുരാത്മാക്കളോടാണ് (എഫേ. 6 : 12) എന്നു മനസ്സിലാക്കി, ആദ്ധ്യാത്മിക ആയുധങ്ങളെല്ലാം ധരിച്ചുകൊണ്ടുതന്നെ ഈ യുദ്ധരംഗത്തേക്ക് നമുക്കിറങ്ങാം. ക്രിസ്തീയജീവിതത്തിന്റെ അടിസ്ഥാനമായ നിരന്തരമാനസാന്തരത്തിലൂടെയും, അനുദിനമുള്ള ആന്തരീകസൗഖ്യത്തിലൂടെയും, ആഴമുള്ള പ്രാർത്ഥനാജീവിതത്തിലൂടെയും, ദൈവവചനത്തിൽ അധിഷ്ടിതമായജീവിതം ബോധപൂർവ്വം പടുത്തുയർത്തുന്നതിലൂടെയും, ദിവ്യബലിയിലും കൂദാശകളിലും കൂടെ ആദ്ധ്യാത്മീക ശക്തി ആർജ്ജിച്ചുകൊണ്ടും ക്രിസ്തീയജീവിതത്തിന്റെ പക്വതയിലേക്കു നമുക്ക് വളരാം. സഭാനേതൃത്വത്തോടുള്ള വിധേയത്വവും, ആത്മീയമാർഗ്ഗദർശനവും നമ്മെ സുരക്ഷിതരായി കാത്തുകൊള്ളും. പരി.അമ്മയുടെ സഹായവും മദ്ധ്യസ്ഥതയും ഈ ജീവിതസമരത്തിൽ നമുക്കു വിജയം സുനിശ്ചിതമാക്കും,

നരകവാതിലിന്റെശക്തി തകർത്ത പരിശുദ്ധ അമ്മ ഈ സമരത്തിൽ നമുക്ക് സഹായിയും, മാർഗ്ഗദർശിയും ആയിരിക്കട്ടെ.

malankaralibrary.com

MALANKARA
LIBRARY

malankaralibrary.com

# ഇവിടെ സ്വർഗ്ഗം അനുഭവിക്കുന്നവർ

പ്രൊഫ. സി. സി. ആലീസുകുട്ടി എം. എ.

ദൈവരാജ്യത്തിലെ പ്രജകളുടെ ജീവിതത്തിൽ തിളങ്ങിനിൽക്കേണ്ട സവിശേഷ ഭാവങ്ങളും അവർ പ്രാവർത്തികമാക്കേണ്ട ധാർമ്മിക നിയമങ്ങളും സുവിശേഷത്തിൽ ഉടനീളം നമുക്കു കാണുവാൻ കഴിയും. എങ്കിലും മലയിലെ പ്രസംഗം എന്ന് അറിയപ്പെടുന്ന സുവിശേഷ ഭാഗത്ത് അവയുടെ ഒരു സംക്ഷിപ്തരൂപം നമുക്ക് ലഭിക്കുന്നുണ്ട്. മലയിലെ പ്രസംഗത്തിലെതന്നെ പ്രധാനപ്പെട്ട ഒരു ഭാഗമാണ് അഷ്ടഭാഗ്യങ്ങൾ എന്ന പേരിൽ അറിയപ്പെടുന്ന കുറെകൊച്ചു വാചകങ്ങൾ. ദൈവ രാജ്യത്തിലെ പ്രജകളുടെ ജീവിതത്തിൽ ഉണ്ടാകേണ്ട സവിശേഷഭാവങ്ങൾ യേശു തൻെറ സ്വന്തമായ ശൈലിയിൽ അവിടെ അവതരിപ്പിക്കുന്നുണ്ട്. ഈ കൊച്ചു വാചകങ്ങൾ ഓരോന്നും എടുത്ത് പ്രൊഫ. ആലീസുകുട്ടി അവയുടെ ആഴത്തിലേക്കും പരപ്പിലേക്കും ഇറങ്ങുവാൻ ശ്രമിക്കുകയാണ്. അറിവും അനുഭവവും കൈമുതലായുള്ള ഗ്രന്ഥകർത്രി, ഈ ഗ്രന്ഥരചനയിലൂടെ കേരളസഭയ്ക്കു നല്ലൊരു മുതൽ കൂട്ടാണ് കാഴ്ചവയ്ക്കുന്നത്.

—ഫാ. ജോസഫ് വെളിയത്തിൽ

(അവതാരികയിൽ നിന്ന്)

എമ്മാവൂസ് പ്രസിദ്ധീകരണം

വില 7 – 00

malankaralibrary.com